പതിമൂന്നാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2014-2016)

## മുപ്പത്തൊൻപതാമത് റിപ്പോർട്ട്

(2015 ജൂലൈ 23-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം നടപ്പിലാക്കൽ സംബന്ധിച്ച്**

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ 2006-07 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3.1-ന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയത്**


കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2015

പതിമൂന്നാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2014-2016)

**മുപ്പത്തൊൻപതാമത് റിപ്പോർട്ട്**

(2015 ജൂലൈ 23-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം നടപ്പിലാക്കൽ സംബന്ധിച്ച്**

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ 2006-07 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3.1-ന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയത്**

922/2015.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം I : പ്രധാനപ്പെട്ട നിഗമനങ്ങളും ശിപാർശകളും | .. | 61 |
| അനുബന്ധം II : ഓഡിറ്റ് ഖണ്ഡികകളിന്മേൽ സർക്കാർ നൽകിയ മറുപടി | .. | 80 |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2014-2016)

## ഘടന

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. വർക്കല കഹാർ

<u>അംഗങ്ങൾ</u> :

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി

ശ്രീ. കെ. അച്ചുതൻ

ശ്രീ. എം. ചന്ദ്രൻ

ശ്രീ. കെ. കെ. ജയചന്ദ്രൻ

ശ്രീ. മുല്ലക്കര രത്നാകരൻ

ശ്രീ. എൻ. ഷംസുദ്ദീൻ

ശ്രീ. കെ. ശിവദാസൻ നായർ

ശ്രീ. പി. ശ്രീരാമകൃഷ്ണൻ

ശ്രീ. ജി. സുധാകരൻ

ശ്രീ. എം. എ. വാഹീദ്.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീ. എസ്. പ്രസന്നകുമാർ, ജോയിന്റ് സെക്രട്ടറി

ശ്രീമതി എസ്. ജയശ്രീ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. എസ്. രാമദാസൻ പോറ്റി, അണ്ടർ സെക്രട്ടറി.

## മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2014-16)-യുടെ അദ്ധ്യക്ഷനായ ഞാൻ, സമിതിയുടെ നിയോഗാനുസരണം മുപ്പത്തൊൻപതാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ചുള്ള കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ 2006-07 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം നടപ്പിലാക്കൽ സംബന്ധിച്ച് തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ 2006-07 വർഷത്തെ റിപ്പോർട്ട് 2008 ജൂലൈ 21-ന് സഭയിൽ സമർപ്പിച്ചു.

2015 ജൂലൈ 15-ാം തീയതിയിൽ ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയിൽ സമിതിക്ക് ആവശ്യമായ സഹായം നൽകിയ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്)നോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

തിരുവനന്തപുരം,
2015 ജൂലൈ 23.

വർക്കല കഹാർ,
*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

# റിപ്പോർട്ട്

## മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം നടപ്പിലാക്കൽ

<u>ഓഡിറ്റ് ഖണ്ഡിക</u>

### 3.1 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം നടപ്പിലാക്കൽ

**സവിശേഷതകൾ**

അവിദഗ്ധതൊഴിലിൽ ഏർപ്പെടാൻ സന്നദ്ധരായ മുതിർന്ന അംഗങ്ങളുൾക്കൊള്ളുന്ന എല്ലാ കുടുംബങ്ങൾക്കും 2005-ലെ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം (എൻ.ആർ.ഇ.ജി.എ.-എൻറിഗ) 100 ദിവസത്തെ തൊഴിൽ ഉറപ്പുനൽകുന്നു. ആസൂത്രണ പ്രക്രിയയിൽ ഉണ്ടായ പിഴവുകൾ ഈ പദ്ധതിയുടെ നിർവ്വഹണം മോശമാകുന്നതിന് കാരണമായി. തൊഴിലില്ലായ്മബത്ത ഒരു ഗുണഭോക്താവിനും നൽകിയില്ല.

### 3.1.1 ആമുഖം

അവിദഗ്ധതൊഴിലിൽ ഏർപ്പെടാൻ സന്നദ്ധരായ പ്രായപൂർത്തിയായ അംഗങ്ങളുള്ള ഏതൊരു ഗ്രാമീണ കുടുംബത്തിനും ഓരോ സാമ്പത്തികവർഷവും 100 ദിവസത്തെ തൊഴിൽ ഉറപ്പ് നൽകുന്നതാണ് 2005 സെപ്റ്റംബറിൽ പുറപ്പെടുവിച്ച ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം. തുടക്കത്തിൽ രാജ്യത്തെ 200 ജില്ലകളിൽ 2006 ഫെബ്രുവരി രണ്ടുമുതൽ നടപ്പിലാക്കിയ നിയമം, 2008-09 മുതൽ രാജ്യത്താകമാനം പിന്നീട് ബാധകമാക്കി. നിയമത്തിൽ നിഷ്കർഷിച്ചിരിക്കുന്ന സവിശേഷതകൾക്കനുസൃതമായി കേരള സർക്കാർ 2006 ജൂണിൽ കേരള ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്ക് രൂപം നൽകി. സംസ്ഥാനത്തിന്റെ കിഴക്കൻ അതിർത്തിയിൽ സ്ഥിതിചെയ്യുന്ന പിന്നോക്ക ജില്ലകളായ പാലക്കാടും വയനാടും ഈ പദ്ധതി 2006-07 മുതൽ നടപ്പിലാക്കി.

| വിതരണം | പാലക്കാട് | വയനാട് |
|---|---|---|
| വിസ്തീർണ്ണം (ചതുരശ്ര കി.മീ.) | 4,480 | 2,131 |
| ജനസംഖ്യ | 26,17,482 | 7,80,619 |
| പട്ടികജാതി ജനസംഖ്യ | 4,32,578 | 33,364 |
| പട്ടികവർഗ്ഗ ജനസംഖ്യ | 39,665 | 1,36,062 |
| ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾ | 2,04,605 | 64,794 |

അതാതിടത്തെ ഗ്രാമപഞ്ചായത്തുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഗ്രാമീണ കുടുംബങ്ങൾക്ക് ഒരു വർഷം വേതനത്തോടെയുള്ള 100 ദിവസത്തെ തൊഴിലിനോ അല്ലെങ്കിൽ നിശ്ചിതനിരക്കിലുള്ള തൊഴിലില്ലായ്മബത്തയ്ക്കോ അർഹതയുണ്ട്.

ഗ്രാമവികസന മന്ത്രാലയം പുറപ്പെടുവിച്ച പദ്ധതി നടത്തിപ്പിന്റെ വിശദമായ മാർഗ്ഗനിർദ്ദേശരേഖകളും കേരള ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയും താഴെപ്പറയുന്ന കാര്യങ്ങൾ നിഷ്കർഷിച്ചിരുന്നു:

- എൻറിഗയുടെ കീഴിൽ ഉൾപ്പെടുത്താവുന്ന വിവിധ പ്രവൃത്തികൾ.
- തൊഴിൽ ലഭിക്കാൻ വേണ്ട ഏറ്റവും കുറഞ്ഞ അർഹത.
- സംസ്ഥാന സർക്കാർതലം മുതൽ ജില്ലാ, ബ്ലോക്ക്, ഗ്രാമപഞ്ചായത്തുതലങ്ങൾ വരെയുള്ള വിവിധ ഉദ്യോഗസ്ഥന്മാരുടെ പങ്കും ചുമതലകളും.
- ആസൂത്രണം, കാര്യനടത്തിപ്പ്, രജിസ്ട്രേഷൻ, തൊഴിൽനൽകൽ, പ്രവൃത്തി നിർവ്വഹണം, വേതനവും തൊഴിലില്ലായ്മബത്തയും നൽകൽ മുതലായവയുടെ വിശദമായ നടപടിക്രമങ്ങൾ.

ഈ പദ്ധതിയുടെ പ്രാഥമിക ഉദ്ദേശലക്ഷ്യങ്ങൾ ഇവയായിരുന്നു:

(i) അവിദഗ്ധതൊഴിലിൽ ഏർപ്പെടാൻ സന്നദ്ധരായ പ്രായപൂർത്തിയായ അംഗങ്ങളുള്ള ഓരോ ഗ്രാമീണ കുടുംബത്തിനും സംസ്ഥാനത്ത് നിലവിലുള്ള കുറഞ്ഞ കൂലിനിരക്കിൽ ഓരോ സാമ്പത്തികവർഷവും 100 ദിവസത്തെ തൊഴിൽ നൽകുന്നതിനോ അല്ലെങ്കിൽ തൊഴിലില്ലായ്മബത്ത നൽകുന്നതിനോ നിയമപരമായ ഉറപ്പ് നൽകുക.

(ii) ഗ്രാമപഞ്ചായത്തുകൾക്കും ഗ്രാമീണ ജനങ്ങൾക്കുംവേണ്ടി സഹായിയായ ആസ്തികൾ സൃഷ്ടിക്കുക.

ദ്വിതീയക ഉദ്ദേശലക്ഷ്യങ്ങൾ താഴെപ്പറയുന്നവയായിരുന്നു :

(i) പ്രകൃതിസംരക്ഷണം

(ii) ഗ്രാമീണ സ്ത്രീശാക്തീകരണം

(iii) ഗ്രാമങ്ങളിൽ നിന്നും നഗരങ്ങളിലേക്കുള്ള കുടിയേറ്റം കുറയ്ക്കുക, സാമൂഹ്യ സമതുലിതാവസ്ഥ പരിപോഷിപ്പിക്കുക.

### 3.1.2 സംഘടനാരൂപം

എൻറിഗ ദേശീയതലത്തിൽ നടപ്പിലാക്കുന്നതിന് നിയുക്തമായ ഗ്രാമവികസന മന്ത്രാലയം സംസ്ഥാനങ്ങൾക്ക് സമയോചിതവും പര്യാപ്തവും ആയ സാമ്പത്തിക സഹായം നൽകുന്നതിനുവേണ്ടി ഒരു കേന്ദ്രതൊഴിലുറപ്പ് സമിതി രൂപവൽക്കരിച്ചു. പദ്ധതി നടത്തിപ്പിന്മേൽ സംസ്ഥാന സർക്കാരിന് ഉപദേശം നൽകുന്നതിനും അതിന്റെ

വിലയിരുത്തലിനും അവലോകനത്തിനുമായി സംസ്ഥാന ഗ്രാമവികസന മന്ത്രി അദ്ധ്യക്ഷനായ സംസ്ഥാന തൊഴിലുറപ്പ് സമിതി സംസ്ഥാനതലത്തിൽ 2006 മാർച്ചിൽ രൂപീകരിക്കുകയുണ്ടായി. നിയമത്തിന്റെ ഉദ്ദേശലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുന്നതിനും യുക്തമായ പ്രവർത്തനങ്ങൾ നടത്തുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനുമായി ഗ്രാമവികസന കമ്മീഷണറെ സംസ്ഥാന ഗ്രാമീണ തൊഴിലുറപ്പ് കമ്മീഷണറായി സംസ്ഥാന സർക്കാർ നിയമിച്ചു. ജില്ലാതലത്തിൽ പദ്ധതി നടത്തിപ്പിനുത്തരവാദപ്പെട്ട ജില്ലാ പ്രോഗ്രാം കോ-ഓർഡിനേറ്റർമാരായി (ഡി.പി.സി.) ജില്ലാ കളക്ടർമാരെ ചുമതലയേൽപ്പിക്കുകയും ചെയ്തു. ബ്ലോക്ക് വികസന ഓഫീസറിൽ താഴെയല്ലാത്ത ഒരുദ്യോഗസ്ഥനാണ് പദ്ധതിയുടെ ബ്ലോക്കുതല നിർവ്വഹണത്തിനായി നിയോഗിക്കപ്പെട്ട പ്രോഗ്രാം ഓഫീസർ (പി.ഒ.). ഗ്രാമതലത്തിലാകട്ടെ, ഗ്രാമപഞ്ചായത്തുകൾക്കാണ് പദ്ധതി നിർവ്വഹണത്തിന്റെ ചുമതല. ഈ പദ്ധതിയുടെ ആസൂത്രണത്തിനും നിർവ്വഹണത്തിനുമായുള്ള പ്രധാന അധികാരസ്ഥാനങ്ങൾ ജില്ലാ ബ്ലോക്ക്ഗ്രാമതലങ്ങളിലുള്ള പഞ്ചായത്തുകളാണ്. നിയമം നിഷ്കർഷിക്കുന്നതുപോലെ വിവിധ വകുപ്പുകൾ, സർക്കാരിതര സംഘടനകൾ, കേന്ദ്രസംസ്ഥാന സർക്കാർ സംരംഭങ്ങൾ, സ്വയംസഹായ സംഘങ്ങൾ എന്നിവയെ പദ്ധതി നിർവ്വഹണ ഏജൻസികളായി നിയമിക്കാമെങ്കിലും സംസ്ഥാനത്ത് ഇവയെയൊന്നും നിർവ്വഹണ ഏജൻസികളാക്കിയില്ല.

### 3.1.3 ഓഡിറ്റ് ലക്ഷ്യങ്ങൾ

താഴെപ്പറയുന്നവയായിരുന്നു ഓഡിറ്റ് ലക്ഷ്യങ്ങൾ :

- ആസൂത്രണം, നിർവ്വഹണം, അവലോകനം, വിലയിരുത്തൽ എന്നിവയ്ക്കായി ഫലപ്രദമായ പ്രാരംഭനടപടികൾ സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുണ്ടോ.
- തൊഴിലിനുള്ള ആവശ്യകത കണക്കാക്കുന്നതിനും ഉപപദ്ധതികളുടെ ശേഖരം തയ്യാറാക്കുന്നതിനും ഉതകുന്ന രീതിയിൽ വാർഷിക പദ്ധതിയും പരിപ്രേക്ഷ്യ പദ്ധതിയും വിവിധതലങ്ങളിൽ തയ്യാറാക്കുന്നതിനുള്ള നടപടിക്രമങ്ങൾ പര്യാപ്തവും ഫലപ്രദവും ആയിരുന്നോ.
- എൻആർഇജിഎസ്സിനുവേണ്ടി നൽകിയ തുകകൾ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി കണക്കിലുൾക്കൊള്ളിക്കുകയും ഉപയോഗപ്പെടുത്തുകയും ചെയ്തിട്ടുണ്ടോ.
- മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ച് കുടുംബങ്ങളെ രജിസ്റ്റർ ചെയ്യുന്നതിനും കാർഡുകൾ നൽകുന്നതിനും തൊഴിൽ പ്രദാനം ചെയ്യുന്നതിനും ഫലപ്രദമായ സംവിധാനം നിലവിലുണ്ടായിരുന്നോ.
- എൻആർഇജിഎസിന്റെ പ്രവൃത്തികൾ ശരിയായവിധം ആസൂത്രണം നടത്തുകയും നിർവ്വഹിക്കുകയും സ്ഥായിയായ ആസ്തികൾ സൃഷ്ടിക്കുകയും കണക്കിലുൾക്കൊള്ളിക്കുകയും ചെയ്തിട്ടുണ്ടോ.

- നിയമത്തിലും മാർഗ്ഗനിർദ്ദേശങ്ങളിലും നിഷ്കർഷിക്കുന്നതുപോലെ വേതനം, തൊഴിലില്ലായ്മബത്ത എന്നിവ നൽകുകയും നിശ്ചിത വേതനനിരക്കിൽ പ്രതിവർഷം 100 ദിവസത്തെ തൊഴിൽ പ്രദാനം ചെയ്യുക എന്ന ലക്ഷ്യം ഫലപ്രദമായി കൈവരിക്കുകയും ചെയ്തിട്ടുണ്ടോ.
- എൻറിഗയുടെ ഗുണഫലങ്ങളുടെ തുടർനിരീക്ഷണത്തിനും വിലയിരുത്തലിനുമായി പര്യാപ്തവും ഫലപ്രദവും ആയ സംവിധാനം വിവിധതലങ്ങളിൽ ഉണ്ടായിരുന്നോ.
- സാമൂഹിക ഓഡിറ്റിനും പരാതി പരിഹാരത്തിനും ഫലപ്രദവും പര്യാപ്തവുമായ സംവിധാനം ഉണ്ടായിരുന്നോ.

### 3.1.4 ഓഡിറ്റ് മാനദണ്ഡങ്ങൾ

ഓഡിറ്റ് മാനദണ്ഡങ്ങൾ താഴെപ്പറയുന്നവയായിരുന്നു:

- എൻറിഗയും അതിനുകീഴിൽ പുറപ്പെടുവിച്ചിട്ടുള്ള വിജ്ഞാപനങ്ങളും
- 2006-ലെ എൻറിഗ നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ
- ഗ്രാമവികസന മന്ത്രാലയം പുറപ്പെടുവിച്ചിട്ടുള്ള സർക്കുലറുകളും രേഖകളും
- കേരള ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി
- സംസ്ഥാന സർക്കാരും ഗ്രാമവികസന കമ്മീഷണറും പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളും സർക്കുലറുകളും.

### 3.1.5 ഓഡിറ്റ് രീതിയും വ്യാപ്തിയും

എൻറിഗ നടപ്പിലാക്കിയ രണ്ട് ജില്ലകൾ (പാലക്കാടും വയനാടും) അവലോകനത്തിന് തെരഞ്ഞെടുക്കുകയുണ്ടായി. ഓരോ ജില്ലകളിലും സിംപിൾ റാൻഡം സാംപ്ലിംഗ് വിത്തൗട്ട് റീപ്ലേസ്മെന്റ് (എസ്.ആർ.എസ്.ഡബ്ല്യു.ഒ.ആർ.) തത്വമനുസരിച്ച് രണ്ട് ബ്ലോക്കുകൾവീതം തെരഞ്ഞെടുത്തു. പാലക്കാട് ജില്ലയിലെ ആലത്തൂർ, മലമ്പുഴ, വയനാട് ജില്ലയിലെ കല്പറ്റ, സുൽത്താൻ ബത്തേരി എന്നീ ബ്ലോക്കുകളാണ് തെരഞ്ഞെടുത്തത്. ഓരോ ബ്ലോക്കിലും പ്രോബബിലിറ്റി പ്രപ്പോർഷണേറ്റ് ടു സൈസ് (പി.പി.എസ്.) സാംപ്ലിംഗ് തത്വമനുസരിച്ച് താഴെ വിവരിക്കുംപ്രകാരം നാല് ഗ്രാമപഞ്ചായത്തുകൾവീതം തെരഞ്ഞെടുത്തു:

| ജില്ല | പാലക്കാട് | | വയനാട് | |
|---|---|---|---|---|
| ബ്ലോക്കുകൾ | ആലത്തൂർ | മലമ്പുഴ | കല്പറ്റ | സുൽത്താൻ ബത്തേരി |
| ഗ്രാമപഞ്ചായത്തുകൾ | എരിമയൂർ | എലപ്പുള്ളി | കോട്ടത്തറ | മീനങ്ങാടി |
| | കണ്ണമ്പ്ര | മലമ്പുഴ | മേപ്പാടി | നെന്മേനി |
| | കിഴക്കഞ്ചേരി | പെരുവെമ്പ് | മൂപ്പൈനാട് | പൂതാടി |
| | വണ്ടാഴി | പുതുശ്ശേരി | വൈത്തിരി | പുൽപ്പള്ളി |

തെരഞ്ഞെടുത്ത പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ രേഖകളുടെ പരിശോധനയ്ക്കുപുറമെ ഗ്രാമവികസന കമ്മീഷണറുടെയും ജില്ലാ പ്രോഗ്രാം കോ-ഓർഡിനേറ്റർമാരുടെയും രേഖകൾ പരിശോധിക്കുകയുണ്ടായി. 2006 ഫെബ്രുവരി മുതൽ 2007 മാർച്ച് വരെയുള്ള കാലയളവാണ് ഓഡിറ്റിന് വിധേയമാക്കിയത്. 2007 മേയ് മുതൽ ഒക്ടോബർ വരെ നടത്തിയ ഈ അവലോകനത്തിൽ വെളിപ്പെട്ട കണ്ടെത്തലുകൾ താഴെ കൊടുക്കുന്നു:

### 3.1.6 ഓഡിറ്റ് കണ്ടെത്തലുകൾ

തുടർന്നുള്ള ഖണ്ഡികകളിൽ ഓഡിറ്റ് കണ്ടെത്തലുകൾ വിവരിക്കുന്നു.

### 3.1.7 പൊതുവായത്

ദേശീയ ഗ്രാമീണ തൊഴിലുറപ്പ്പദ്ധതി ഒരു ആവശ്യാധിഷ്ഠിത പദ്ധതി എന്ന നിലയിൽ സമാനതകളില്ലാത്ത ഒന്നാണ്. ഈ നിയമമനുസരിച്ച് അവിദഗ്ധതൊഴിൽ ആവശ്യപ്പെടുന്ന ഏതൊരു ഗ്രാമീണ കുടുംബത്തിനും പ്രതിവർഷം 100 ദിവസംവരെയുള്ള തൊഴിൽ നൽകാൻ സർക്കാർ ബാധ്യസ്ഥമാണ്. മറ്റു കേന്ദ്രാവിഷ്കൃത പദ്ധതികളിൽ നിന്ന് വിഭിന്നമായി പ്രതിവർഷം 100 ദിവസം വരെയുള്ള തൊഴിൽ ആവശ്യപ്പെട്ടിട്ട് ഏതെങ്കിലും കുടുംബത്തിന് നൽകാതിരുന്നാൽ തൊഴിലില്ലായ്മബത്തയുടെ രൂപത്തിൽ അവർക്ക് നഷ്ടപരിഹാരം നൽകാൻ സംസ്ഥാന സർക്കാരിനെ ഈ നിയമം ബാധ്യതപ്പെടുത്തുന്നു. അനുവദിച്ച തുകയുടെ 60 ശതമാനം തൊഴിൽ നൽകുന്നതിനുവേണ്ടി ഉപയോഗിച്ചുകഴിഞ്ഞാൽ, തുക അനുവദിച്ച് കിട്ടുന്നതിന് പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ അപേക്ഷ നൽകണമെന്ന നിബന്ധന സൂചിപ്പിക്കുന്നത് ഈ പദ്ധതി നടപ്പാക്കുന്നതിന് പണം ഒരു പ്രശ്നമേയല്ല എന്നാണ്.

#### 3.1.7.1 കേരള ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി തുടങ്ങുന്നതിനുണ്ടായ കാലതാമസം

ഈ നിയമത്തിലെ 4 (1) വകുപ്പ് പ്രകാരം ഓരോ സംസ്ഥാന സർക്കാരും നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി തങ്ങളുടെ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്ക് നിയമം നിലവിൽ വന്നത് മുതൽ ആറ് മാസത്തിനകം രൂപം നൽകണമായിരുന്നു. നിയമം നിലവിൽ വന്നത് 2005 സെപ്റ്റംബർ അഞ്ചിനായതുകൊണ്ട് 2006 മാർച്ച് നാലിനുമുമ്പ് സംസ്ഥാന സർക്കാർ പദ്ധതിക്ക് രൂപം നൽകണമായിരുന്നെങ്കിലും പദ്ധതിക്ക് രൂപം നൽകിയത് മൂന്നുമാസത്തെ കാലതാമസത്തിനുശേഷം 2006 ജൂൺ 23-ന് ആയിരുന്നു.

#### 3.1.7.2 ചട്ടങ്ങൾ ഉണ്ടാക്കിയില്ല

നിയമത്തിലെ 32-ാം വകുപ്പുപ്രകാരം സംസ്ഥാന സർക്കാർ വ്യവസ്ഥകൾക്ക് അനുരോധമായി ആവശ്യമായ ചട്ടങ്ങൾക്ക് രൂപംകൊടുക്കണമായിരുന്നു. നിയമം നിലവിൽ

വന്നിട്ട് രണ്ടുവർഷമായിട്ടും ഈ പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട ഒരു ചട്ടവും നിർമ്മിച്ചിട്ടില്ല. സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടായ ഈ വീഴ്ച തുടർന്നുള്ള ഖണ്ഡികകളിൽ പ്രതിപാദിക്കുന്നതുപോലെ നിയമം നടപ്പാക്കുന്നതിലെ വിവിധഘട്ടങ്ങളായ പ്രചാരണം, വീടുവീടാന്തരമുള്ള സർവ്വേ, രജിസ്ട്രേഷൻ, തൊഴിൽ കാർഡുകളുടെ വിതരണം, തൊഴിൽ നൽകൽ മുതലായവയെ പ്രതികൂലമായി ബാധിച്ചു.

### 3.1.8 ആസൂത്രണം

ഒരു പദ്ധതിയുടെ വിജയകരമായ നിർവ്വഹണത്തിന് ആസൂത്രണം വളരെ നിർണ്ണായകമാണ്. ഗുണമേന്മയുള്ള ആസ്തികളുടെ സൃഷ്ടി സാദ്ധ്യമാകത്തക്കവിധത്തിൽ പ്രവൃത്തികളുടെ തെരഞ്ഞെടുപ്പും രൂപകല്പനയും ഉറപ്പുവരുത്തുന്നതോടൊപ്പം ആവശ്യമായ സമയത്തും പര്യാപ്തമായ രീതിയിലും തൊഴിൽ സൃഷ്ടിക്കുക എന്നുള്ളതാണ് വിജയത്തിന്റെ പ്രധാന സൂചിക. ആവശ്യപ്പെടുമ്പോഴെല്ലാം പ്രത്യുല്പാദനപരമായ തൊഴിൽ നൽകാൻ ഓരോ ജില്ലയും കാലേക്കൂട്ടി സജ്ജമാണെന്ന് ഉറപ്പുവരുത്തുക എന്നതാണ് ആസൂത്രണ പ്രക്രിയയുടെ അടിസ്ഥാന ലക്ഷ്യം.

### 3.1.8.1 ജില്ലാ പരിപ്രേക്ഷ്യ പദ്ധതി

സുസ്ഥിരവികസനവും ദീർഘകാലാടിസ്ഥാനത്തിലുള്ള തൊഴിൽസൃഷ്ടിയും വിവിധങ്ങളായ ഗ്രാമീണ തൊഴിലുറപ്പ് പ്രവൃത്തികളും ബന്ധപ്പെടുത്തി ജില്ലകളുടെ വികസനവീക്ഷണം പ്രതിഫലിപ്പിക്കുന്ന രീതിയിൽ വേണം ജില്ലാ പരിപ്രേക്ഷ്യ പദ്ധതി തയ്യാറാക്കേണ്ടത്. കൂടാതെ ഗ്രാമസഭായോഗങ്ങളിൽ കൈക്കൊണ്ട തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ ഓരോ ജില്ലയിലെയും തൊഴിലിന്റെ ആവശ്യകത കണക്കാക്കണമായിരുന്നു. പാലക്കാട് ജില്ലയിൽ ജില്ലാ പരിപ്രേക്ഷ്യ പദ്ധതി സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് സെന്ററിനെക്കൊണ്ട് 2007 ഫെബ്രുവരിയിൽ തയ്യാറാക്കിച്ചിരുന്നെങ്കിലും അത് ജില്ലാ പഞ്ചായത്ത് അംഗീകരിക്കുകയും ഗ്രാമവികസന മന്ത്രാലയത്തിന് അയച്ചുകൊടുക്കുകയും ചെയ്തിട്ടില്ല എന്ന് കാണുകയുണ്ടായി. റോഡിന്റെ നീളം, ജലസംഭരണികളുടെ വലിപ്പം തുടങ്ങിയവ സൃഷ്ടിക്കപ്പെടേണ്ട ഭൗതിക ആസ്തികളുടെ വിവരണവും പുതുതായി നിർമ്മിക്കുന്ന പാതകൾകൊണ്ട് ബന്ധിക്കപ്പെടുന്ന ഗ്രാമങ്ങൾ, ജലസംഭരണികൊണ്ട് ജലസേചനം ചെയ്യാവുന്ന കൃഷിഭൂമി മുതലായവയുടെ സവിസ്തരമായ ഗുണഫലങ്ങളും പുതുതായി നിർമ്മിക്കുന്ന ജില്ലാ പരിപ്രേക്ഷ്യ പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടില്ല. പാലക്കാട് ജില്ലാ പരിപ്രേക്ഷ്യ പദ്ധതിയിൽ ഉൾക്കൊള്ളിച്ചിരുന്ന ആകെ തുകയായ 394.29 കോടി രൂപയിൽ 236.76 കോടി രൂപ (60.05 ശതമാനം) മൈക്രോ ജലസേചന പദ്ധതികൾക്കുവേണ്ടി നീക്കിവച്ചു. അടുത്ത മുൻഗണന നൽകി

63.31 കോടി (16.06 ശതമാനം) നീക്കിവച്ചത് പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനരുദ്ധാരണത്തിനായിരുന്നു. വിശദാംശങ്ങൾ താഴെ കൊടുത്തിരിക്കുന്നു:

| ക്രമ നമ്പർ | അനുവദനീയമായ പ്രവൃത്തികൾ | ജില്ലാ പരിപ്രേക്ഷ്യ പദ്ധതിയിൽ വകയിരുത്തിയത് | |
|---|---|---|---|
| | | തുക രൂപ (ലക്ഷത്തിൽ) | ശതമാനം |
| 1 | ജലസംരക്ഷണവും മഴവെള്ള സംഭരണവും | 3161 | 8.01 |
| 2 | വരൾച്ച നിവാരണം | 1549 | 3.93 |
| 3 | മൈക്രോ ജലസേചന പദ്ധതികൾ | 23676 | 60.05 |
| 4 | പട്ടികജാതി/പട്ടികവർഗ്ഗക്കാരുടെയും ഇന്ദിരാ ആവാസ് യോജന ഗുണഭോക്താക്കളുടെയും ഭൂമിയിലുള്ള ജലസേചന പദ്ധതികൾക്ക് വകയിരുത്തൽ | 52 | 0.13 |
| 5 | പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം | 6331 | 16.06 |
| 6 | ഭൂവികസനം | 1710 | 4.34 |
| 7 | വെള്ളപ്പൊക്കനിയന്ത്രണവും സംരക്ഷണ ജോലികളും | 1328 | 3.37 |
| 8 | ഗ്രാമീണപാതകൾ | 1622 | 4.11 |
| | ആകെ | 39429 | 100.00 |

### 3.1.8.2 വയനാട് ജില്ലയിൽ ജില്ലാ പരിപ്രേക്ഷ്യ പദ്ധതി തയ്യാറാക്കിയില്ല

വയനാട് ജില്ലയിൽ ജില്ലാ പരിപ്രേക്ഷ്യ പദ്ധതി തയ്യാറാക്കിയിരുന്നില്ല. ഈ പദ്ധതിയുടെ അഭാവത്തിൽ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ വാർഷിക പദ്ധതികളിൽ ജില്ലാ പരിപ്രേക്ഷ്യ പദ്ധതിയിൽ ഉൾക്കൊള്ളിക്കാത്ത പദ്ധതികൾ ഉൾപ്പെടുത്തേണ്ടി വന്നതുകൊണ്ട് ദീർഘകാലാടിസ്ഥാനത്തിലുള്ള മുൻകൂട്ടിയുള്ള ആസൂത്രണവും ജില്ലയ്ക്ക് മൊത്തത്തിൽ ബാധകമായ വികസനത്തിന്റെ സമഗ്രവീക്ഷണവും സാദ്ധ്യമായില്ല.

### 3.1.8.3 വാർഷിക പദ്ധതി

ഓരോ വർഷവും മുൻഗണനാടിസ്ഥാനത്തിൽ ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ ഏതൊക്കെയാണെന്ന് ക്ലിപ്തപ്പെടുത്തുന്ന ഒരു പ്രവർത്തന പദ്ധതിയാണ് വാർഷിക പദ്ധതി.

ആസൂത്രണപ്രക്രിയയിൽ ജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിൽ തൊഴിലിന്റെ ആവശ്യകത കണക്കാക്കുന്നതിനായി മുൻകൂട്ടി ഗ്രാമസഭ കൂടുകയും തുടർവർഷം ഏറ്റെടുക്കേണ്ട പ്രവൃത്തികളുടെ എണ്ണവും മുൻഗണനയും നിർദ്ദേശിക്കുകയും വേണം. ഗുണഭോക്താക്കളാകാൻ സാദ്ധ്യതയുള്ളവരുടെ ആവശ്യങ്ങളും മുൻഗണനകളും വാർഷിക പദ്ധതിയിൽ ഉൾക്കൊള്ളിക്കത്തക്ക വിധം അവരുടെ പങ്കാളിത്തം ഗ്രാമസഭയിൽ ഉറപ്പുവരുത്തേണ്ടതുണ്ടായിരുന്നു. ഗ്രാമപഞ്ചായത്തുകളുടെ വാർഷിക പദ്ധതികൾ പ്രോഗ്രാം ഓഫീസർക്ക് അയയ്ക്കേണ്ടതും അദ്ദേഹം അവ സൂക്ഷ്മപരിശോധന നടത്തി ഒരു ബ്ലോക്ക് പദ്ധതിയായി ക്രോഡീകരിക്കുകയും ചെയ്യുന്നു. ഒന്നിൽകൂടുതൽ ഗ്രാമപഞ്ചായത്തുകൾ ഉൾപ്പെടുന്ന പ്രവൃത്തികളുംകൂടി ഉൾക്കൊള്ളിച്ച് ബ്ലോക്ക് പദ്ധതി, സൂക്ഷ്മപരിശോധനയും ജില്ലാ പദ്ധതിയായി ക്രോഡീകരിക്കുന്നതിനും വേണ്ടി ജില്ലാ പ്രോഗ്രാം കോ-ഓർഡിനേറ്റർക്ക് അയച്ചുകൊടുക്കേണ്ടതാണ്. അദ്ദേഹം അത് പരിശോധിക്കുകയും ജില്ലാ പദ്ധതിയായി അംഗീകരിക്കുകയും ചെയ്യുന്നു.

ഗുണഭോക്താക്കളുടെ ഏറ്റവും കൂടിയ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനുവേണ്ടി അവർക്ക് സൗകര്യപ്രദമായ സമയം പരിഗണിച്ചാവണം ഗ്രാമസഭായോഗങ്ങൾ കൂടേണ്ടത്. എന്നാൽ പാലക്കാട് ജില്ലയിൽ പരിശോധിച്ച എട്ട് ഗ്രാമപഞ്ചായത്തുകളിൽ മൂന്നെണ്ണത്തിൽ (എരിമയൂർ, മലമ്പുഴ, പുതുശ്ശേരി) ഇത് പാലിക്കപ്പെട്ടില്ല. തൽഫലമായി വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുവേണ്ടി വിളിച്ചുചേർത്ത ഗ്രാമസഭകളിൽ ഹാജർനില വളരെ കുറവായിരുന്നു. നിലവിലുള്ള തൊഴിലിന്റെ ആവശ്യകത സൂചിപ്പിക്കുന്ന വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുവേണ്ടി ഗ്രാമസഭകളിൽ ഉയർന്നുവന്ന ശിപാർശകൾ ഗ്രാമപഞ്ചായത്തുകളിലേക്ക് അയച്ചുകൊടുക്കണമായിരുന്നു. പരിശോധിച്ച 16 ഗ്രാമപഞ്ചായത്തുകളിലൊന്നിലും തൊഴിലിനുള്ള ആവശ്യകത വാർഷിക പദ്ധതികളിൽ കണക്കാക്കിയിട്ടില്ല. വയനാട്ടിലെ തെരഞ്ഞെടുത്ത എട്ട് ഗ്രാമപഞ്ചായത്തുകളിൽ നാലെണ്ണത്തിലും (കോട്ടത്തറ, മേപ്പാടി, നെന്മേനി, വൈത്തിരി) പാലക്കാട്ടെ തെരഞ്ഞെടുത്ത എട്ട് ഗ്രാമപഞ്ചായത്തുകളിൽ ഒരെണ്ണത്തിലും (മലമ്പുഴ) മാത്രമേ കണക്കാക്കിയിട്ടുള്ള തൊഴിൽദിനങ്ങൾ വാർഷിക പദ്ധതിയിൽ സൂചിപ്പിച്ചിട്ടുള്ളുവെന്ന് ഓഡിറ്റ് പരിശോധനയിൽ വെളിപ്പെട്ടു. പക്ഷെ, തെരഞ്ഞെടുത്ത ഗ്രാമപഞ്ചായത്തുകളിലൊന്നിലും ഭൗതിക ആസ്തികളുടെ വിവരണവും അവയുടെ സ്ഥായിയായ ഗുണഫലങ്ങളും വാർഷിക പദ്ധതിയിൽ ഉൾക്കൊള്ളിച്ചിരുന്നില്ല. തന്മൂലം വാർഷിക പദ്ധതിയിൽ ഉദ്ദേശിച്ചിരുന്നകാര്യങ്ങൾ പൂർണ്ണമായി നടന്നില്ല. രണ്ട് ജില്ലകളിലും ഗ്രാമപഞ്ചായത്തുകളുടെ വാർഷിക പദ്ധതികൾ സംയോജിപ്പിച്ച് ബ്ലോക്ക് പദ്ധതിയും ബ്ലോക്ക് പദ്ധതികൾ സംയോജിപ്പിച്ച് ജില്ലാ പദ്ധതിയും ഉണ്ടാക്കിയില്ല എന്ന് കാണുകയുണ്ടായി.

### 3.1.8.4 തൊഴിൽ ബഡ്ജറ്റ്

ഗ്രാമപഞ്ചായത്തുകൾക്ക് അയച്ചുകൊടുക്കുന്ന നിർദ്ദേശങ്ങൾ പ്രോഗ്രാം ഓഫീസർ സംയോജിപ്പിക്കുകയും ആ ബ്ലോക്കിലെ തൊഴിലിനുള്ള ആവശ്യകത നിർദ്ദേശിക്കപ്പെട്ട പദ്ധതികളിൽ നിന്ന് ലഭ്യമാകുന്ന തൊഴിലവസരങ്ങളുമായി തുലനം ചെയ്യുകയും ചെയ്യുന്നു. ബ്ലോക്ക് പഞ്ചായത്തിന്റെ അംഗീകാരത്തിന് ശേഷം ബ്ലോക്ക് പ്ലാൻ ജില്ലാ പ്രോഗ്രാം കോ-ഓർഡിനേറ്റർക്ക് അയച്ചുകൊടുക്കണം. അദ്ദേഹം ജില്ലയിൽ തൊഴിലിനുള്ള പ്രതീക്ഷിക്കപ്പെടുന്ന ആവശ്യകതയുടെ വിശദാംശങ്ങളും പ്രവൃത്തികളിൽ തൊഴിലാളികളെ ഏർപ്പെടുത്തുന്നതിനുള്ള പദ്ധതിയും അടങ്ങുന്ന ഒരു 'തൊഴിൽ ബഡ്ജറ്റ്' തയ്യാറാക്കുകയും അവസാനമായി അത് ജില്ലാ പഞ്ചായത്തിന്റെ അംഗീകാരത്തിനായി സമർപ്പിക്കുകയും വേണം. ആലത്തൂരെയും പാലക്കാട്ടെയും പ്രോഗ്രാം ഓഫീസർമാർ നിർദ്ദേശങ്ങൾ 2006 ഒക്ടോബറിൽ അയച്ച് കൊടുത്തെങ്കിലും മറ്റ് ബ്ലോക്കുകളിൽ നിന്നും അതുപോലെയുള്ള നിർദ്ദേശങ്ങൾ ലഭിക്കാത്തതുകാരണം പാലക്കാട് ജില്ലാ പ്രോഗ്രാം കോ-ഓർഡിനേറ്റർക്ക് തൊഴിൽ ബഡ്ജറ്റ് തയ്യാറാക്കാൻ കഴിഞ്ഞില്ല. അതുപോലെ ബ്ലോക്കുകളിൽ നിന്നുള്ള നിർദ്ദേശങ്ങളുടെ അഭാവത്തിൽ വയനാട് ജില്ലയിലും തൊഴിൽ ബഡ്ജറ്റ് തയ്യാറാക്കിയില്ല. തൽഫലമായി, പദ്ധതിയുടെ നടത്തിപ്പിന് ഫലപ്രദമായ ആസൂത്രണം ഒന്നും നടന്നില്ല.

### 3.1.9 ധനാഗമം

ഈ പദ്ധതിയുടെ നടത്തിപ്പിനാവശ്യമായ പണം കേന്ദ്ര സംസ്ഥാന സർക്കാരുകൾ താഴെപ്പറയുന്ന വിധത്തിൽ നൽകുന്നു:


| കേന്ദ്ര സർക്കാർ | സംസ്ഥാന സർക്കാർ |
|---|---|
| അവിദഗ്ദ്ധതൊഴിലാളികളുടെ മുഴുവൻ വേതനവും | തൊഴിലില്ലായ്മബത്ത |
| വിദഗ്ദ്ധ/അർദ്ധവിദഗ്ദ്ധ തൊഴിലാളികളുടെ വേതനത്തിന്റെയും സാധനസാമഗ്രികളുടെ വിലയുടെയും 75 ശതമാനം | വിദഗ്ദ്ധ/അർദ്ധവിദഗ്ദ്ധ തൊഴിലാളികളുടെ വേതനത്തിന്റെയും സാധന സാമഗ്രികളുടെ വിലയുടെയും 25 ശതമാനം |
| കേന്ദ്ര തൊഴിലുറപ്പ് കൗൺസിലിന്റെയും പ്രോഗ്രാം ഓഫീസർമാരുടെയും അവരുടെ ഉദ്യോഗസ്ഥരുടെയും ഭരണപരമായ ചെലവുകൾ | സംസ്ഥാന തൊഴിലുറപ്പ് കൗൺസിലിന്റെ ഭരണപരമായ ചെലവുകൾ |

വേതന സാധനസാമഗ്രികളുടെ അനുപാതം 60:40 ആയി നിജപ്പെടുത്തുകയാണെങ്കിൽ തൊഴിലില്ലായ്മബത്തയും സംസ്ഥാന തൊഴിലുറപ്പ് കൗൺസിലിന്റെ ഭരണച്ചെലവുകളുമൊഴിച്ചാൽ സംസ്ഥാന സർക്കാർ വഹിക്കേണ്ട ഏറ്റവും കൂടിയ ചെലവ് കേവലം 10 ശതമാനം മാത്രമാണ്. സാധനസാമഗ്രികളുടെയും വിദഗ്ദ്ധ തൊഴിലാളി

കളുടെയും ഉപയോഗം 40 ശതമാനത്തിൽ കറവാണെങ്കിൽ സംസ്ഥാന വിഹിതം 10 ശതമാനത്തിലും താഴെയായിരിക്കും. സാധനസാമഗ്രികൾ ഉപയോഗിക്കാത്ത പ്രവൃത്തികൾമാത്രം ഈ പദ്ധതിയിൻകീഴിൽ ഏറ്റെടുത്ത വയനാട് ജില്ലയിലെ തെരഞ്ഞെടുക്കപ്പെട്ട ഗ്രാമപഞ്ചായത്തുകളിൽ സംസ്ഥാന സർക്കാരിന് ചെലവഴിക്കേണ്ടിവന്ന തുക സംസ്ഥാന തൊഴിലുറപ്പ് കൗൺസിലിന്റെ ഭരണച്ചെലവ് മാത്രമായിരുന്നു.

### 3.1.9.1 സംസ്ഥാന തൊഴിലുറപ്പ് ഫണ്ട്

ഒരു ചാക്രിക ഫണ്ടായി ചെലവഴിക്കേണ്ടതും നോക്കിനടത്തേണ്ടതും ആയ സംസ്ഥാന തൊഴിലുറപ്പ് ഫണ്ട് എന്നൊരു ഫണ്ട് വിജ്ഞാപനംവഴി സംസ്ഥാന സർക്കാർ രൂപീകരിക്കേണ്ടതായിരുന്നു. നിയമത്തിന്റെ ഉദ്ദേശലക്ഷ്യങ്ങൾക്കനുസൃതമായി അതിന്റെ ഉപയോഗവും നോക്കിനടത്തലും ഉറപ്പുവരുത്തുന്നതിനുവേണ്ടി അതോടൊപ്പം ചട്ടങ്ങളും ഉണ്ടാക്കേണ്ടിയിരുന്നു. പക്ഷെ, അത്തരത്തിലൊരു ഫണ്ട് രൂപീകരിക്കുകയും അതിനുവേണ്ടി ചട്ടങ്ങൾ ഉണ്ടാക്കുകയും ചെയ്തില്ല. അതുപോലെ, ജില്ല, ബ്ലോക്ക്, ഗ്രാമപഞ്ചായത്തുകളിൽ രൂപീകരിക്കേണ്ടിയിരുന്ന ചാക്രിക ഫണ്ടുകളും സ്ഥാപിതമായില്ല. ചാക്രിക ഫണ്ടുകളുടെ അഭാവത്തിൽ, പദ്ധതി നടത്തിപ്പിനുവേണ്ടി നടത്തിയ പണമിടപാടുകൾ അവയുടെ പരിധിക്ക് പുറത്തായിരുന്നു. പദ്ധതിക്കുവേണ്ടി തുടങ്ങിയ ജില്ലാ പ്രോഗ്രാം കോ-ഓർഡിനേറ്റർമാരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് ഗ്രാമവികസന മന്ത്രാലയം കേന്ദ്രവിഹിതം നേരിട്ട് കൈമാറിയപ്പോൾ സംസ്ഥാനവിഹിതം ഗ്രാമവികസന കമ്മീഷണർ മുഖേനയാണ് അവർക്ക് നൽകിയത്. പദ്ധതി നിർവ്വഹണത്തിനാവശ്യമായ പണം ഗ്രാമപഞ്ചായത്തുകൾക്കും മറ്റ് നിർവ്വഹണ ഏജൻസികൾക്കും നൽകേണ്ടിയിരുന്നത് താഴെ കൊടുത്തിരിക്കുന്ന ചാർട്ടിൽ കാണിച്ചിരിക്കുന്ന രീതിയിലാണ്.



പാലക്കാട് ജില്ലയിൽ പ്രോഗ്രാം ഓഫീസർക്കോ ഗ്രാമപഞ്ചായത്തിനോ പണം മുൻകൂർ ആയി കൈമാറിയില്ല. പാലക്കാട്ടുള്ള 15 വിവിധ ബാങ്കുകളുമായി ഏർപ്പെട്ടിട്ടുള്ള ധാരണയനുസരിച്ച് ഗ്രാമപഞ്ചായത്തുകളുടെ വിഹിതം ജില്ലാ പ്രോഗ്രാം കോ-ഓർഡിനേറ്റർ ജില്ലാതലത്തിൽ ആ ബാങ്കുകളിൽ തുടങ്ങിയിട്ടുള്ള അക്കൗണ്ടുകളിൽ നിക്ഷേപിക്കുകയും ഈ അക്കൗണ്ടുകളിൽ നിന്ന് പണം പിൻവലിക്കാൻ ഗ്രാമപഞ്ചായത്തുകളെ അനുവദിക്കുകയും ചെയ്തു. അങ്ങനെ, ചെലവഴിക്കാതെ ബാക്കിവന്ന എല്ലാ തുകകളും ജില്ലാ പ്രോഗ്രാം കോ-ഓർഡിനേറ്ററുടെ ബാങ്ക് അക്കൗണ്ടുകളിൽ തന്നെ നിലനിന്നു. ജില്ലാ പ്രോഗ്രാം കോ-ഓർഡിനേറ്ററുടെ കണക്കുപ്രകാരം ചെലവഴിക്കാതെ ബാക്കിയുണ്ടായിരുന്ന തുക 9.08 കോടി രൂപയായിരുന്നപ്പോൾ പലിശയായ 51 ലക്ഷം രൂപ ഉൾപ്പെടെ ബാങ്ക് അക്കൗണ്ടുകളിലുണ്ടായിരുന്ന ബാക്കി തുക 11.26 കോടി രൂപയായിരുന്നു. തന്മൂലമുണ്ടായ 2.18 കോടി രൂപയുടെ വ്യത്യാസത്തിന്റെ കാരണമെന്തെന്ന് കണ്ടുപിടിച്ചില്ല. ഇത്രയധികം ബാങ്ക് അക്കൗണ്ടുകളിൽ പണം സൂക്ഷിക്കുന്നതുകൊണ്ട് ഫലപ്രദമായ പൊരുത്തപ്പെടലുകളിലൂടെ (റെക്കൺസിലിയേഷൻ) മാത്രമേ പണംതിരിമറികളുടെ അപകട സാദ്ധ്യതകൾ ലഘൂകരിക്കാൻ സാധിക്കുമായിരുന്നുള്ളൂ.

### 3.1.9.2 സ്വകാര്യ ബാങ്കുകളിൽ അക്കൗണ്ട് തുടങ്ങിയത്

മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം ഈ പദ്ധതിയുടെ പണം സൂക്ഷിക്കുന്നതിന് പൊതുമേഖലാ ബാങ്കുകളിൽ മാത്രമേ അക്കൗണ്ട് തുടങ്ങാവൂ. പാലക്കാട് ജില്ലയിൽ ജില്ലാ പ്രോഗ്രാം കോ-ഓർഡിനേറ്ററും ഗ്രാമപഞ്ചായത്തുകളും തുടങ്ങിയിട്ടുള്ള 15 ബാങ്ക് അക്കൗണ്ടുകളിൽ നാലെണ്ണം ഇടപാടുകളൊന്നും നടക്കാത്തതും നാലെണ്ണം സ്വകാര്യബാങ്കുകളിലും ആയിരുന്നു. ഈ അക്കൗണ്ടുകളിൽ നിക്ഷേപിച്ചതും ബാക്കിയുള്ളതും ആയ തുകകളുടെ വിശദവിവരം താഴെ കൊടുക്കുന്നു:

(തുക ലക്ഷം രൂപയിൽ)

| ക്രമ നമ്പർ | ബാങ്കിന്റെ പേര് | ദേശസാൽകൃത മാണോ | നിക്ഷേപിച്ച തുക | പലിശ വരവ് | പിൻവലിച്ച തുക | ബാക്കി തുക | ഇടപാട് നടക്കുന്ന അക്കൗണ്ടാണോ |
|---|---|---|---|---|---|---|---|
| 1 | ഫെഡറൽ ബാങ്ക് | അല്ല | 36.00 | 0.85 | 17.05 | 19.80 | അതെ |
| 2 | സൗത്ത് ഇൻഡ്യൻ ബാങ്ക് | അല്ല | 27.00 | 0.63 | 20.00 | 7.63 | അല്ല |
| 3 | കാത്തലിക് സിറിയൻ ബാങ്ക് | അല്ല | 18.00 | 0.42 | 15.00 | 3.42 | അല്ല |
| 4 | ധനലക്ഷ്മി ബാങ്ക് | അല്ല | 9.00 | 0.36 | - | 9.36 | അല്ല |
| 5 | കോർപ്പറേഷൻ ബാങ്ക് | അതെ | 9.00 | 0.18 | - | 9.18 | അല്ല |
| | ആകെ | | 99.00 | 2.44 | 52.05 | 49.39 | |

ഈ ബാങ്കുകളിൽ നിക്ഷേപിച്ച 99 ലക്ഷം രൂപയിൽ, പലിശയുൾപ്പെടെ 49.39 ലക്ഷം രൂപ 2007 മാർച്ചിൽ ബാക്കിനില്പുണ്ടായിരുന്നു. ഇടപാട് നടത്താത്ത ബാങ്ക് അക്കൗണ്ടുകളിലും സ്വകാര്യബാങ്കുകളിലും അനാവശ്യമായി പണം സൂക്ഷിച്ചത് മാർഗ്ഗനിർദ്ദേശങ്ങൾക്ക് ചേരുന്നതായിരുന്നില്ല.

### 3.1.9.3 പണത്തിന്റെ വരവും വിനിയോഗവും

2007 മാർച്ച് വരെ ലഭിച്ച 48.36 കോടി രൂപയിൽ 27.90 കോടി രൂപ ഉപയോഗിച്ചതിനുശേഷം 20.46 കോടി രൂപ താഴെ വിവരിക്കുന്നപ്രകാരം ബാക്കിവന്നു:

(തുക കോടിയിൽ)

| ജില്ല | പ്രാരംഭ ബാക്കി (കേന്ദ്ര വിഹിതം) | വരവ് | | | ആകെ വരവ് | | | ആകെ | വിനിയോഗം | ബാക്കി |
|---|---|---|---|---|---|---|---|---|---|---|
| | | കേന്ദ്ര വിഹിതം | സംസ്ഥാന വിഹിതം | മറ്റുള്ളവ | കേന്ദ്ര വിഹിതം | സംസ്ഥാന വിഹിതം | മറ്റുള്ളവ | | | |
| പാലക്കാട് | 5.35 | 17.44 | 2.49 | - | 22.79 | 2.49 | - | 25.28 | 16.20 | 9.08 |
| വയനാട് | 6.27 | 14.37 | 2.27 | 0.17 | 20.64 | 2.27 | 0.17 | 23.08 | 11.70 | 11.38 |
| ആകെ | 11.62 | 31.81 | 4.76 | 0.17 | 43.43 | 4.76 | 0.17 | 48.36 | 27.90 | 20.46 |

<u>ഉറവിടം</u> : കേന്ദ്ര സർക്കാരിന് സംസ്ഥാന സർക്കാർ സമർപ്പിച്ച പുരോഗതി റിപ്പോർട്ട്.

വിനിയോഗം 57.69 ശതമാനം ആയിരുന്നു. ഉപയോഗിക്കാതെ ബാക്കിവന്ന 20.46 കോടിരൂപയിൽ 2.22 കോടി രൂപ ഗ്രാമപഞ്ചായത്തുകളുടെ കൈവശവും 18.24 കോടി രൂപ ജില്ലാ പ്രോഗ്രാം കോ-ഓർഡിനേറ്റർമാരുടെ പക്കലും ആയിരുന്നു. വിവിധ സ്രോതസ്സുകളിൽ നിന്ന് ലഭിച്ച തുകയുടെ വിനിയോഗം തൃപ്തികരമായിരുന്നില്ല.

### 3.1.10 രജിസ്ട്രേഷനും തൊഴിൽ കാർഡ് നൽകലും

അവിദഗ്ധ തൊഴിൽ ഏറ്റെടുക്കാൻ സന്നദ്ധരായ എല്ലാ ഗ്രാമീണ കുടുംബങ്ങൾക്കും ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നു. പ്രതിവർഷം 100 ദിവസത്തെ ഉറപ്പായ തൊഴിലിനുള്ള അർഹത ഒരു കുടുംബം എന്ന കണക്കിലും കുടുംബത്തിനുള്ളിൽത്തന്നെ

പവർക്കായി പങ്കുവയ്ക്കാം എന്ന നിബന്ധനയും ആണ്. രജിസ്റ്റർ ചെയ്യുന്നവരും തൊഴിലിന് അപേക്ഷിക്കുന്നവരും ആയ എല്ലാവർക്കും തൊഴിൽ ലഭിക്കാനുള്ള അർഹതയുണ്ട്. ഈ പദ്ധതിയിൻകീഴിൽ രജിസ്റ്റർ ചെയ്യുകയും തൊഴിൽ ലഭിച്ചതുമായ കുടുംബങ്ങളുടെ വിശദവിവരങ്ങൾ താഴെക്കൊടുക്കുന്നു.

| ജില്ല | ഗ്രാമീണ കുടുംബങ്ങളുടെ എണ്ണം | കുടുംബങ്ങളുടെ എണ്ണം | | | | | അർഹമായ പരമാവധി തൊഴിൽ ദിനങ്ങൾ | നൽകിയ തൊഴിൽ ദിനങ്ങൾ | ചെലവ് (രൂപ കോടിയിൽ) |
|---|---|---|---|---|---|---|---|---|---|
| | | രജിസ്റ്റർ ചെയ്തത് | തൊഴിൽ കാർഡ് നൽകിയത് | തൊഴിൽ ആവശ്യപ്പെട്ടത് | തൊഴിൽ ലഭിച്ചത് | 100 ദിവസം തൊഴിൽ ലഭിച്ചത് | | | |
| പാലക്കാട് | 455911 | 166200 | 139684 | 56919 | 55150 | 255 | 5691900 | 1156675 | 16.20 |
| വയനാട് | 160398 | 101414 | 74156 | 48008 | 43957 | 282 | 4800800 | 893400 | 11.70 |
| ആകെ | 616309 | 267614 | 213840 | 104927 | 99107 | 537 | 10492700 | 2050075 | 27.90 |

സംസ്ഥാനത്ത് തൊഴിൽ ആവശ്യപ്പെട്ട 104927 കുടുംബങ്ങൾക്ക് അർഹമായ 104.93 ലക്ഷം തൊഴിൽ ദിനങ്ങളുടെ സ്ഥാനത്ത് 20.50 ലക്ഷം തൊഴിൽ ദിനങ്ങൾ (19.54 ശതമാനം) നൽകാനേ സാധിച്ചുള്ളൂ.

പാലക്കാട് ജില്ലയുടെ പരിപ്രേക്ഷ്യ പദ്ധതിപ്രകാരം നടപ്പാക്കേണ്ടിയിരുന്ന 394.29 കോടി രൂപ മതിപ്പുള്ള എട്ടുതരം പ്രവൃത്തികളുടെ സ്ഥാനത്ത്, 16.20 കോടി രൂപയുടെ സാമ്പത്തിക ലക്ഷ്യം മാത്രമേ കൈവരിക്കാനായുള്ളൂ. മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ച്, തുകയുടെ 60 ശതമാനമെങ്കിലും തൊഴിൽ നൽകുന്നതിന് ചെലവാക്കിയിരിക്കണം. അതായത് 236.57 കോടി രൂപയെങ്കിലും വേതനമായി ചെലവഴിച്ചിരിക്കണം. ഈ തുക ഉപയോഗിച്ച് 189.26 ലക്ഷം തൊഴിൽദിനങ്ങൾ സൃഷ്ടിക്കാമായിരുന്നു. അതാകട്ടെ പാലക്കാട് ജില്ലയിൽ രജിസ്റ്റർ ചെയ്ത 166200 കുടുംബങ്ങൾക്കും തൊഴിൽ നൽകാൻ പര്യാപ്തവുമായിരുന്നു. പദ്ധതിയുടെ വിജയകരമായ നടത്തിപ്പിന് ജില്ലാ പരിപ്രേക്ഷ്യ പദ്ധതി നടപ്പിലാക്കേണ്ടതിന്റെ ആവശ്യകതയാണ് ഇത് ചൂണ്ടിക്കാട്ടുന്നത്.

### 3.1.10.1 ജനപങ്കാളിത്തം

നിയമത്തിലെ വ്യവസ്ഥകൾ വിശദീകരിക്കുന്നതിനും രജിസ്ട്രേഷനുള്ള അപേക്ഷകൾ സ്വീകരിക്കുന്നതിനും പരിശോധന നടത്തുന്നതിനും നിയമം നടപ്പായപ്പോൾ ഗ്രാമസഭ വിളിച്ചുചേർക്കണമെന്നത് നിർബന്ധമായിരുന്നു. പാലക്കാട് ജില്ലയിലെ

പരിശോധിച്ച ഗ്രാമപഞ്ചായത്തുകളൊന്നും നിയമത്തിന്റെ തുടക്കത്തിൽ ഗ്രാമസഭകൾ വിളിച്ചുചേർത്തിട്ടില്ല എന്ന് ഓഡിറ്റ് പരിശോധനയിൽ വ്യക്തമായി. തൽഫലമായി, പദ്ധതിയുടെ പ്രയോജനങ്ങളെപ്പറ്റി ഗുണഭോക്താക്കളെ ബോധവത്കരിക്കാൻ പഞ്ചായത്തുകൾക്ക് കഴിഞ്ഞില്ല.

### 3.1.10.2 വീട് വീടാന്തരമുള്ള സർവ്വേ നടത്തിയില്ല

പദ്ധതിയെപ്പറ്റി ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനും നിയമമനുസരിച്ച് രജിസ്റ്റർ ചെയ്യാൻ സന്നദ്ധരായവരെ കണ്ടുപിടിക്കുന്നതിനും ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ നേതൃത്വത്തിൽ വാർഡ് മെമ്പർമാർ, പട്ടികജാതി/പട്ടികവർഗ്ഗക്കാർ, സ്ത്രീകൾ, ഗ്രാമതലത്തിലുള്ള ഒരു സർക്കാർ ഉദ്യോഗസ്ഥൻ, പഞ്ചായത്ത് സെക്രട്ടറി എന്നിവരടങ്ങുന്ന ഒരു സംഘം വീട് വീടാന്തരം സർവ്വേ നടത്തണമായിരുന്നു. അങ്ങനെയൊരു സർവ്വേ, 16 ഗ്രാമപഞ്ചായത്തുകൾ പരിശോധിച്ചതിൽ മൂന്നെണ്ണത്തിൽ മാത്രമേ നടത്തിയിട്ടുള്ളൂ. പദ്ധതികൊണ്ടുള്ള പ്രയോജനങ്ങളെപ്പറ്റി ജനങ്ങൾക്ക് വേണ്ടത്ര അറിവ് ലഭിക്കാതിരുന്നതിന് ഇത് കാരണമായി. 3.1.11.1 ഖണ്ഡികയിൽ വിവരിച്ചിരിക്കുന്നതുപോലെ തൊഴിൽ ആവശ്യപ്പെടുന്നതിൽ വിപരീതഫലം ഇതുളവാക്കി.

### 3.1.10.3 രജിസ്ട്രേഷനുള്ള അപേക്ഷ

സർക്കാർ നിഷ്കർഷിച്ചിരിക്കുന്ന ഫാറത്തിൽ ഈ പദ്ധതിയിൻകീഴിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷ ഗ്രാമപഞ്ചായത്തിന് നൽകണം. വാക്കാലുള്ള അപേക്ഷപോലും സ്വീകരിക്കണമെന്നത് രജിസ്ട്രേഷന് വേണ്ടി അപേക്ഷിക്കുന്ന നടപടിക്രമങ്ങൾ എത്ര ലഘുവാണെന്ന് സൂചിപ്പിക്കുന്നു. അപേക്ഷ ലഭിച്ചുകഴിഞ്ഞ് രണ്ടാഴ്ചക്കുള്ളിൽ ഗ്രാമപഞ്ചായത്ത് അപേക്ഷ പരിശോധിക്കുകയും കുടുംബത്തെ രജിസ്റ്റർ ചെയ്യുകയും വേണം. പാലക്കാട്ടും വയനാട്ടും ജില്ലകളിൽ രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം യഥാക്രമം 166200-ഉം 101414-ഉം, അത് ആ ജില്ലകളിലെ ആകെ ഗ്രാമീണ കുടുംബങ്ങളുടെ 36- ഉം 63-ഉം ശതമാനവും ആയിരുന്നു. വയനാട് ജില്ല സാമ്പത്തികമായി പിന്നോക്കമാണെന്നതും പാലക്കാട് ജില്ലയിൽ, അടുത്ത ഖണ്ഡികയിൽ പരാമർശിച്ചിരിക്കുന്നതുപോലെ രജിസ്ട്രേഷനിൽ ഏർപ്പെടുത്തിയ നിയന്ത്രണവും ആണ് ഈ വ്യത്യാസത്തിന് കാരണമായത്.

### 3.1.10.4 രജിസ്ട്രേഷനിൽ ഏർപ്പെടുത്തിയ നിയന്ത്രണം

പദ്ധതിയനുസരിച്ച് വർഷത്തിലെ എല്ലാ ദിവസവും രജിസ്റ്റർ ചെയ്യാമെന്നിരിക്കെ, ഗ്രാമവികസന കമ്മീഷണർ 2006 ഫെബ്രുവരി രണ്ടിനും 16-നും മദ്ധ്യേ അപേക്ഷകൾ സ്വീകരിക്കുവാനാണ് ജില്ലാ പ്രോഗ്രാം കോ-ഓർഡിനേറ്റർക്ക് 2006 ജനുവരിയിൽ നിർദ്ദേശം നൽകിയത്. ഈ നിർദ്ദേശമനുസരിച്ച് പാലക്കാട് ജില്ലയിൽ അപേക്ഷകൾ

സ്വീകരിച്ചത് ഈ ദിവസങ്ങളിൽ മാത്രമായിരുന്നപ്പോൾ വയനാട്ടിൽ വർഷം മുഴുവനും അപേക്ഷകൾ സ്വീകരിച്ചു. പിന്നീട് പാലക്കാട് ജില്ലയിൽ 2006 സെപ്റ്റംബർ മുതൽ തുടർച്ചയായി രജിസ്ട്രേഷൻ പുനരാരംഭിച്ചെങ്കിലും 2006 ഫെബ്രുവരി 17-നും ആഗസ്റ്റിനും ഇടയിലുള്ള കാലയളവിൽ രജിസ്ട്രേഷൻ നടത്തിയില്ല. ഇത് മാർഗ്ഗനിർദ്ദേശങ്ങളുടെ ലംഘനമായത് കൂടാതെ നിയമം ഉറപ്പുനൽകുന്ന ഗുണഫലങ്ങൾ അനുഭവിക്കുന്നതിൽ നിന്നും അർഹരായ ഗുണഭോക്താക്കളെ തടയുകയും ചെയ്തു.

### 3.1.10.5 രജിസ്റ്റർ ചെയ്ത എല്ലാ കുടുംബങ്ങൾക്കും തൊഴിൽ കാർഡുകൾ നല്കിയില്ല

അപേക്ഷ ലഭിച്ച് രണ്ടാഴ്ചയ്ക്കകം ഗ്രാമപഞ്ചായത്തുകൾ രജിസ്റ്റർ ചെയ്ത കുടുംബത്തിന് തൊഴിൽ കാർഡ് നൽകണമായിരുന്നു. കൃത്രിമങ്ങളിൽ നിന്ന് തൊഴിലാളികളെ രക്ഷിക്കുന്നതിനും സുതാര്യത ഉറപ്പുവരുത്തുന്നതിനും ഉള്ള ഒരു നിർണ്ണായക നിയമരേഖയാണ് തൊഴിൽ കാർഡ്. ഫോട്ടോയുൾപ്പെടെ തൊഴിൽ കാർഡിന്റെ ചെലവ് പദ്ധതിയുടെ ഭാഗമായി വഹിക്കണമായിരുന്നു. പക്ഷെ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത എല്ലാ കുടുംബങ്ങൾക്കും തൊഴിൽ കാർഡ് നൽകിയിരുന്നില്ല. സംസ്ഥാനത്ത് ആകെ രജിസ്റ്റർ ചെയ്ത 2,67,614 കുടുംബങ്ങളിൽ 2,13,840 കുടുംബങ്ങൾക്ക് (79.91 ശതമാനം) മാത്രമാണ് തൊഴിൽ കാർഡ് നൽകിയത്. പദ്ധതിയെപ്പറ്റി ജനങ്ങൾക്കുണ്ടായിരുന്ന അജ്ഞതയും താഴെ വിവരിക്കുന്നതുപ്രകാരം പദ്ധതിയിൽ നിഷ്കർഷിച്ചിരിക്കുന്നതിന് വിപരീതമായി ഏർപ്പെടുത്തിയ നിബന്ധനകളും തൊഴിൽ കാർഡ് നൽകാതിരുന്നതിന് കാരണമായി.

പട്ടികജാതി/വർഗ്ഗക്കാരല്ലാത്ത രജിസ്റ്റർ ചെയ്ത കുടുംബങ്ങളോട് തൊഴിൽ കാർഡിൽ പതിക്കുന്നതിനുവേണ്ടി ഫോട്ടോകൾ അവരവരുടെ ചെലവിൽ ഹാജരാക്കാൻ നിർദ്ദേശിച്ചത് വയനാട് ജില്ലയിൽ കാർഡുകൾ തയ്യാറാക്കുന്നതിൽ കാലതാമസത്തിനിടയാക്കി. ഫോട്ടോ എടുക്കുന്നതിന് പണം കണ്ടെത്താൻ ബുദ്ധിമുട്ടിയ ഗുണഭോക്താക്കൾക്ക് തൊഴിൽ കാർഡ് ലഭിച്ചതുമില്ല. ഫോട്ടോയുടെ ചെലവ് ഗ്രാമപഞ്ചായത്തുകൾ വഹിച്ച പാലക്കാട് ജില്ലയിൽ രജിസ്റ്റർ ചെയ്തതിൽ 84.05 ശതമാനം കുടുംബങ്ങൾക്ക് തൊഴിൽ കാർഡ് ലഭിച്ചപ്പോൾ വയനാട് ജില്ലയിൽ 73.12 ശതമാനത്തിനുമാത്രമേ തൊഴിൽ കാർഡ് ലഭിച്ചുള്ളൂ. ഗുണഭോക്താക്കളിൽനിന്ന് ഫോട്ടോ ആവശ്യപ്പെട്ടത് ക്രമരഹിതവും തൊഴിൽ കാർഡ് നൽകുന്നതിനെ പ്രതികൂലമായി ബാധിക്കുന്നതും ആയിരുന്നു. ബന്ധപ്പെട്ട രജിസ്റ്ററുകളിൽ തൊഴിൽ കാർഡ് നൽകിയ തീയതി രേഖപ്പെടുത്താതിരുന്നതുകാരണം തൊഴിൽ കാർഡ് നൽകുന്നതിൽ ഉണ്ടായ യഥാർത്ഥ കാലതാമസം ഓഡിറ്റിൽ തിട്ടപ്പെടുത്താനായില്ല.

### 3.1.10.6 തൊഴിൽ കാർഡ് തെറ്റായി സൂക്ഷിച്ചത്

തൊഴിൽ കാർഡിന്റെ കാലാവധി, നൽകിയ തീയതി, കുടുംബാംഗങ്ങളുടെ ഒപ്പ്/വിരലടയാളം എന്നിവ തൊഴിൽ കാർഡിൽ രേഖപ്പെടുത്തിയിരുന്നില്ല എന്ന് പാലക്കാട് ജില്ലയിലെ തൊഴിൽ കാർഡുകൾ പരിശോധിച്ചപ്പോൾ തെളിഞ്ഞു. തൊഴിൽ കാർഡ് ഒരു നിർണ്ണായകനിയമരേഖയായതുകൊണ്ട്, ഇത്തരത്തിലുള്ള മർമ്മപ്രധാനമായ വിവരങ്ങൾ തൊഴിൽ കാർഡിൽ രേഖപ്പെടുത്താതിരുന്നത് കൃത്രിമം തടയുക, സുതാര്യത ഉറപ്പുവരുത്തുക എന്നീ കാര്യങ്ങളിൽ ഗുണഭോക്തൃതാല്പര്യങ്ങൾക്ക് ഹാനികരമായിരുന്നു.

### 3.1.11 തൊഴിൽ ആവശ്യപ്പെടലും നൽകലും

ഗ്രാമപഞ്ചായത്തിൽ ജോലി ആവശ്യപ്പെട്ടുകൊണ്ട് അപേക്ഷ സമർപ്പിക്കുന്ന തൊഴിൽ കാർഡ് ഉടമകൾ തൊഴിൽ ലഭിക്കുന്നതിന് അർഹരാണ്. തൊഴിൽ കാർഡിന്റെ രജിസ്ട്രേഷൻ നമ്പർ, എന്നുമുതലാണ് തൊഴിൽ ആവശ്യമുള്ളത്, എത്ര ദിവസത്തേക്കാണ് തൊഴിൽ വേണ്ടത് എന്നീ വിവരങ്ങൾ അപേക്ഷയിൽ ഉണ്ടായിരിക്കണം. ഒരു വർഷത്തിൽ വിവിധ ഘട്ടങ്ങളിലായി പല ദിവസങ്ങളിൽ തൊഴിൽ ലഭിക്കാൻ ഒരൊറ്റ അപേക്ഷ മതിയാവും. അനേകം അപേക്ഷകർക്ക് സംയുക്തമായും അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്. അപേക്ഷ ലഭിച്ച എന്നതിന് തെളിവായി തീയതിവച്ച ഒരു രസീത് അപേക്ഷകന് നൽകണം. തൊഴിൽ ആവശ്യപ്പെട്ടുകൊണ്ട് അപേക്ഷിച്ച തീയതി മുതൽ 15 ദിവസത്തിനകം അപേക്ഷകർക്ക് തൊഴിൽ നൽകാൻ ഗ്രാമപഞ്ചായത്ത് ബാദ്ധ്യസ്ഥമാണ്. ഒരു ഗ്രാമപഞ്ചായത്തിന് തൊഴിൽ നൽകാൻ കഴിയാതെ വന്നാൽ, കാർഡ് ഉടമയ്ക്ക് ജോലി കൊടുക്കാനുള്ള ചുമതല പ്രോഗ്രാം ഓഫീസർക്കാണ്. പ്രോഗ്രാം ഓഫീസർ തൊഴിൽ നൽകാൻ പരാജയപ്പെടുകയാണെങ്കിൽ ജില്ലാ പ്രോഗ്രാം കോ-ഓർഡിനേറ്റർ തൊഴിൽ നല്കുന്നതിനുവേണ്ടി ഇടപെടണം. തിരിച്ച്, ഗ്രാമപഞ്ചായത്തോ പ്രോഗ്രാം ഓഫീസറോ നിർദ്ദേശിക്കുന്ന വിധത്തിൽ നിയമത്തിൽ അനുശാസിക്കുന്ന തൊഴിൽ ചെയ്യാൻ അപേക്ഷകനും ബാദ്ധ്യസ്ഥനാണ്.

### 3.1.11.1 ഭൂരിഭാഗം തൊഴിൽ കാർഡ് ഉടമകൾ തൊഴിലിനുവേണ്ടി അപേക്ഷിച്ചില്ല.

സംസ്ഥാനത്തെ 2,13,840 തൊഴിൽ കാർഡ് ഉടമകളിൽ 1,04,927 പേർ മാത്രമാണ് (49.07 ശതമാനം) തൊഴിൽ ആവശ്യപ്പെട്ടത്. തൊഴിലിന് അപേക്ഷിക്കാത്ത രജിസ്റ്റർ ചെയ്ത കുടുംബങ്ങൾ 60.79 ശതമാനമായിരുന്നു. കാപ്പിക്കുരുപറിക്കൽ, നെൽകൃഷി തുടങ്ങിയ കാലികമായ മറ്റ് തൊഴിലുകളുടെ ലഭ്യത, അവിദഗ്ധതൊഴിൽ ചെയ്യാനുള്ള വൈമുഖ്യം, അജ്ഞത മുതലായവയാണ് ഭൂരിഭാഗം ഗുണഭോക്താക്കളും തൊഴിൽ ആവശ്യപ്പെടാതിരിക്കാൻ കാരണം.

പരിശോധിച്ച നാല് ബ്ലോക്കുകളിലെ 78,857 തൊഴിൽ കാർഡുടമകളിൽ 49,917 പേർ (63.30 ശതമാനം) താഴെ വിവരിക്കുന്ന രീതിയിൽ തൊഴിൽ ആവശ്യപ്പെട്ടുകയുണ്ടായി:

| ക്രമ നമ്പർ | ബ്ലോക്ക് | തൊഴിൽ കാർഡ് ഉടമകളുടെ എണ്ണം | തൊഴിൽ ആവശ്യപ്പെട്ട തൊഴിൽ കാർഡ് ഉടമകൾ | ശതമാനം |
|---|---|---|---|---|
| 1 | കല്പറ്റ | 21881 | 20848 | 95.28 |
| 2 | സുൽത്താൻ ബത്തേരി | 29995 | 17693 | 58.99 |
| 3 | ആലത്തൂർ | 14932 | 4603 | 30.83 |
| 4 | മലമ്പുഴ | 12049 | 6773 | 56.21 |
| | ആകെ | 78857 | 49917 | 63.30 |

ആലത്തൂർ ബ്ലോക്കിൽ 30.83 ശതമാനം തൊഴിൽ കാർഡ് ഉടമകൾ മാത്രമാണ് തൊഴിലിന് അപേക്ഷിച്ചത്. പ്രസ്തുത ബ്ലോക്കിലെ തെരഞ്ഞെടുത്ത ഗ്രാമപഞ്ചായത്തുകളിൽ തൊഴിൽ ആവശ്യപ്പെട്ട തൊഴിൽ കാർഡുടമകളുടെ എണ്ണം താഴെ വിവരിക്കും പ്രകാരം ഇതിലും താഴെ ആയിരുന്നു:

| ക്രമ നമ്പർ | ഗ്രാമപഞ്ചായത്ത് | തൊഴിൽ കാർഡ് ഉടമകളുടെ എണ്ണം | തൊഴിൽ ആവശ്യപ്പെട്ട തൊഴിൽ കാർഡ് ഉടമകൾ | ശതമാനം |
|---|---|---|---|---|
| 1 | എരിമയൂർ | 1937 | 427 | 22.04 |
| 2 | കണ്ണമ്പ്ര | 1925 | 586 | 30.44 |
| 3 | കിഴക്കഞ്ചേരി | 2301 | 779 | 33.85 |
| 4 | വണ്ടാഴി | 1734 | 378 | 21.80 |
| | ആകെ | 7897 | 2170 | 27.48 |

മേല്പറഞ്ഞ കാരണങ്ങളാൽ തൊഴിലന്വേഷകരുടെ എണ്ണം വയനാട് ജില്ലയിലെ നെന്മേനി ഗ്രാമപഞ്ചായത്തിലും കുറവായിരുന്നു. 4700 തൊഴിൽ കാർഡ് ഉടമകളിൽ 20.21 ശതമാനം വരുന്ന 950 പേർ മാത്രമാണ് തൊഴിലിനപേക്ഷിച്ചത്.

### 3.1.11.2 തൊഴിൽ കാർഡുടമകളെ തൊഴിലിന് അപേക്ഷിക്കുന്നതിൽനിന്ന് നിയന്ത്രിച്ചു.

തൊഴിലിനുള്ള അപേക്ഷ ചുരുങ്ങിയത് തുടർച്ചയായി 14 ദിവസത്തേക്കെങ്കിലും വേണ്ടിയായിരിക്കണം. കുടുംബത്തിന്റെ ആകെയുള്ള അർഹതയ്ക്കുവിധേയമായി ഒരാൾ അപേക്ഷിക്കുന്ന തൊഴിൽ ദിനങ്ങളുടെ എണ്ണത്തിനോ അയാൾക്ക് നൽകിയ തൊഴിൽ ദിനങ്ങളുടെ എണ്ണത്തിനോ പരിധിയില്ല. ആഴ്ചയിൽ ആറുദിവസത്തിൽ കവിയാതെ ചുരുങ്ങിയത് 14 ദിവസം തുടർച്ചയായിട്ടാണ് സാധാരണ തൊഴിൽ നൽകുന്ന കാറയളവ്. വയനാട് ജില്ലയിലെ പുൽപ്പള്ളി, മാനന്തവാടി ഗ്രാമപഞ്ചായത്തുകളിൽ തൊഴിൽ കാർഡ് ഉടമകൾ തൊഴിലിനുവേണ്ടി സമർപ്പിച്ച അപേക്ഷകൾ പരിശോധിച്ചതിൽ 100 ദിവസത്തെ തൊഴിലിന് ആദ്യം സമർപ്പിച്ച അപേക്ഷകളിൽ 452 എണ്ണം പിന്നീട് 14 ദിവസം എന്നാക്കി തിരുത്തിയതായി കണ്ടു. മൂന്ന് ഗ്രാമപഞ്ചായത്തുകളിൽ (മാനന്തവാടി, പൂതാടി, തിരുനെല്ലി) എത്ര ദിവസത്തെ ജോലിയാണ് തൊഴിൽ കാർഡ് ഉടമകൾ ആവശ്യപ്പെട്ടത് എന്നുള്ള വിവരം ഇല്ലാത്ത അപേക്ഷകൾ ഉണ്ടായിരുന്നു. മീനങ്ങാടി, നൂൽപ്പുഴ, പൂതാടി എന്നീ ഗ്രാമപഞ്ചായത്തുകളിൽ 14 ദിവസത്തിൽ കുറവ് ജോലി ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷകൾ നിയമം ലംഘിച്ചുകൊണ്ട് സ്വീകരിക്കുകയുണ്ടായി. മീനങ്ങാടി, മാനന്തവാടി, നൂൽപ്പുഴ ഗ്രാമപഞ്ചായത്തുകളിൽ സമർപ്പിച്ച അപേക്ഷകളിൽ തീയതി ഇല്ലായിരുന്നു. പാലക്കാട് ജില്ലയിലെ തെരഞ്ഞെടുത്ത പ്രവൃത്തികളുടെ മസ്റ്റർ റോളുകളും തൊഴിൽ രജിസ്റ്ററും പരിശോധിച്ചതിൽ, അപേക്ഷിച്ചതും നൽകിയതും ആയ തൊഴിൽദിനങ്ങൾ എല്ലാ ഗുണഭോക്താക്കൾക്കും ഒന്നുപോലെയായിരുന്നു. അങ്ങനെയുള്ള രണ്ട് പ്രവൃത്തികളിൽ തൊഴിലിന് അപേക്ഷിച്ചതും അനുവദിച്ചതും അഞ്ചര ദിവസം വീതമായിരുന്നു. മാത്രമല്ല എല്ലാ ഗുണഭോക്താക്കളുടെയും അപേക്ഷകളുടെ തീയതി ഓരോ പ്രവർത്തികൾക്കും ഒന്നുതന്നെയായിരുന്നു. മേൽപ്പറഞ്ഞ തെളിവുകളിൽ നിന്ന് ഈ ഗ്രാമപഞ്ചായത്തുകളിൽ തൊഴിൽ അനുവദിക്കുന്നത് സത്യസന്ധവും നീതിയുക്തവും ആയ രീതിയിലായിരുന്നില്ല എന്ന് വ്യക്തമാണ്.

### 3.1.11.3 തീയതിവച്ച രസീത് നൽകിയില്ല

പാലക്കാട് ജില്ലയിലെ തെരഞ്ഞെടുത്ത എട്ട് ഗ്രാമപഞ്ചായത്തുകളിൽ മുന്നെണ്ണത്തിൽ എല്ലാ അപേക്ഷകർക്കും അപേക്ഷ ലഭിച്ചതിന് തെളിവായി

തീയതി രേഖപ്പെടുത്തിയ രസീത് നൽകിയിരുന്നില്ല. തീയതിവച്ച രസീതിന്റെ അഭാവത്തിൽ അപേക്ഷയിൽ ഉൾപ്പെടുത്തിയിട്ടുള്ള വിവരങ്ങളിൽ കൃത്രിമം നടത്തിയിരിക്കാനുള്ള സാദ്ധ്യത തള്ളിക്കളയാനാവില്ല.

### 3.1.11.4 തൊഴിലുറപ്പുദിനം പാലിക്കപ്പെട്ടില്ല

തൊഴിലിനുള്ള അപേക്ഷകളിന്മേൽ നടപടി സ്വീകരിക്കുന്നതിനും വിവരങ്ങൾ വെളിപ്പെടുത്തുക, തൊഴിൽ അനുവദിക്കുക, വേതനവും തൊഴിലില്ലായ്മബത്തയും വിതരണം ചെയ്യുക തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തുന്നതിനുമായി മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം ആഴ്ചയിൽ ഒരു നിശ്ചിത ദിവസം തൊഴിലുറപ്പുദിനമായി നീക്കിവയ്ക്കണമായിരുന്നു. പരിശോധിച്ച ഒരു ഗ്രാമപഞ്ചായത്തിലും തൊഴിലുറപ്പുദിനമായി ഒരു ദിവസം നീക്കിവച്ചില്ല. പദ്ധതിനടത്തിപ്പിൽ സുതാര്യത ഉറപ്പുവരുത്തുന്നതിനുള്ള ഘടകങ്ങളിൽ ഒന്ന് തന്മൂലം പാലിക്കപ്പെട്ടില്ല.

### 3.1.11.5 പദ്ധതി വ്യാപനത്തിലുള്ള ന്യൂനത

തൊഴിൽ നൽകുക എന്നതാണ് ഈ പദ്ധതിയുടെ സുപ്രധാനമായ ലക്ഷ്യം. പക്ഷേ സംസ്ഥാനത്ത് പദ്ധതിയിൽ രജിസ്റ്റർ ചെയ്ത 2,67,614 കുടുംബങ്ങളിൽ 99,107 കുടുംബങ്ങൾക്ക് (37.03 ശതമാനം) മാത്രമാണ് തൊഴിൽ നൽകിയത് എന്ന് ഓഡിറ്റിൽ വെളിപ്പെട്ടു. അതിൽ തന്നെ, ഖണ്ഡിക 3.1.10-ൽ പരാമർശിച്ചിരിക്കുന്നതുപോലെ, 100 ദിവസത്തെ തൊഴിൽ നൽകിയത് 537 കുടുംബങ്ങൾക്ക് (0.54 ശതമാനം) മാത്രമായിരുന്നു.

നിയമത്തിൽ അനുശാസിച്ചിരുന്ന 100 തൊഴിൽ ദിനങ്ങളുടെ സ്ഥാനത്ത് 99,107 കുടുംബങ്ങൾ സംസ്ഥാനത്ത് സൃഷ്ടിച്ചത് ശരാശരി ഒരു കുടുംബത്തിന് 20.68 എന്ന നിരക്കിൽ 20.50 ലക്ഷം തൊഴിൽദിനങ്ങളായിരുന്നു. അങ്ങിനെ 2006-07-ൽ പദ്ധതി കൈവരിച്ച നേട്ടം കേവലം 20.68 ശതമാനം ആണ്. അത് ഒട്ടും തൃപ്തികരമല്ലായിരുന്നു. ഗ്രാമപഞ്ചായത്തുകൾക്കും പ്രോഗ്രാം ഓഫീസർമാർക്കും തൊഴിൽ നൽകാൻ കഴിയുന്നില്ല എന്ന് കണ്ടപ്പോൾ ഇടപെടാനും തൊഴിൽ നൽകുന്നതിനുവേണ്ട സജ്ജീകരണങ്ങൾ നടത്താനും പ്രോഗ്രാം ഓഫീസർമാർക്കും ജില്ലാ പ്രോഗ്രാം കോ-ഓർഡിനേറ്റർമാർക്കും കഴിഞ്ഞില്ല.

### 3.1.11.6 തൊഴിൽ അനുവദിച്ച വിവരം അറിയിച്ചില്ല

തൊഴിൽ അനുവദിച്ച വിവരം തൊഴിൽ കാർഡ് ഉടമകളെ കാർഡിൽ രേഖപ്പെടുത്തിയിട്ടുള്ള മേൽവിലാസത്തിൽ കത്തുവഴി അറിയിക്കുകയും ഗ്രാമപഞ്ചായത്തിന്റെയും പ്രോഗ്രാം ഓഫീസറുടെയും ഓഫീസുകളിൽ പരസ്യം ചെയ്യുകയും വേണം. തെരഞ്ഞെടുത്ത ഏതെങ്കിലും ഗ്രാമപഞ്ചായത്തോ, ബ്ലോക്കോ തൊഴിൽ അനുവദിച്ചവിവരം അറിയിച്ചുകൊണ്ട് ഗുണഭോക്താക്കൾക്ക് കത്തയച്ചിട്ടില്ല. തെരഞ്ഞെടുത്ത 16 എണ്ണത്തിൽ മൂന്ന് (മീനങ്ങാടി, നെന്മേനി, പൂതാടി) ഗ്രാമപഞ്ചായത്തുകൾ മാത്രമാണ് തങ്ങളുടെ ഓഫീസുകളിൽ ഇതുസംബന്ധിച്ച് വിവരം പരസ്യംചെയ്തത്.

### 3.1.11.7 സർവ്വേഫലങ്ങൾ

ഒരു അപേക്ഷയിൽതന്നെ വിവിധ കാലയളവിലേക്ക് തൊഴിൽ ആവശ്യപ്പെടാമെന്നും ജോലികഴിഞ്ഞ് 15 ദിവസത്തിനകം വേതനം വിതരണം ചെയ്തില്ലെങ്കിൽ നഷ്ടപരിഹാരത്തിന് അർഹതയുണ്ടെന്നും അറിയില്ലായിരുന്നുവെന്ന് മീനങ്ങാടി ഗ്രാമപഞ്ചായത്തിലുള്ള രണ്ട് വ്യത്യസ്ത ജോലിസ്ഥലങ്ങളിലെ മൂന്ന് ഗുണഭോക്തൃ ഗ്രൂപ്പുകളിൽ 2007 സെപ്റ്റംബറിൽ നടത്തിയ സർവ്വേയിൽ ഓഡിറ്റ് കണ്ടെത്തി. നിയമം അനുശാസിക്കുന്ന അവകാശങ്ങളേയും അർഹതകളേയും സംബന്ധിച്ച ഗുണഭോക്താക്കളുടെ അറിവില്ലായ്മ തൊഴിൽ ആവശ്യപ്പെടുന്ന തോത് കുറയ്ക്കാനിടയാക്കി.

### 3.1.12 വേതന വിതരണം

ഈ പദ്ധതിയുടെ ഏറ്റവും പ്രധാനമായ ഒരു ഘടകമാണ് വേതന വിതരണം. കർഷകത്തൊഴിലാളികൾക്കായി സംസ്ഥാന സർക്കാർ നിശ്ചയിച്ച കുറഞ്ഞ വേതന നിരക്കായ 125 രൂപ ഈ പദ്ധതിക്കും ബാധകമാക്കി. ഒരു ദിവസം ഏഴ് മണിക്കൂർ പണിയെടുക്കുന്ന തൊഴിലാളികൾക്ക് ഒരു കാരണവശാലും മേൽപ്പറഞ്ഞ കുറഞ്ഞ കൂലി നിരക്കിൽ താഴ്ന്ന വേതനം നല്കാവുന്നതല്ല. തുല്യവേതനത്തിന് സ്ത്രീയും പുരുഷനും ഒരുപോലെ അർഹരാണ്. സമയബന്ധിത നിരക്കിലോ, ചെയ്ത ജോലിയുടെ അളവിനെ അടിസ്ഥാനമാക്കിയുള്ള നിരക്കിലോ വേതനം നൽകാവുന്നതാണ്. സമയബന്ധിത നിരക്കിലാണെങ്കിൽ, ഒരു ദിവസം ഏഴ് മണിക്കൂർ പണിയെടുക്കുന്ന ഒരാൾക്ക് ചെയ്ത ജോലിയുടെ അളവുനോക്കാതെ മുഴുവൻ വേതനത്തിനും അർഹതയുള്ളപ്പോൾ, ചെയ്ത

ജോലിയുടെ അളവിന്റെ അടിസ്ഥാനത്തിലുള്ള നിരക്കിലാണെങ്കിൽ ഓരോരുത്തരും ചെയ്ത ജോലി എത്രയാണെന്ന് അളന്നു തിട്ടപ്പെടുത്തിയതിനുശേഷം അതിന്റെ അടിസ്ഥാനത്തിലായിരിക്കും വേതനം ലഭിക്കുന്നത്.

### 3.1.12.1 കുറഞ്ഞ വേതന നിരക്കിലും താഴെയുള്ള വേതന വിതരണം

തെരഞ്ഞെടുത്ത 16 ഗ്രാമപഞ്ചായത്തുകളിൽ 12 എണ്ണത്തിലും പ്രവൃത്തികൾ നടപ്പാക്കിയപ്പോൾ നൽകിയ ശരാശരി വേതനം താഴെ വിവരിച്ചിരിക്കും പ്രകാരം 60 രൂപ വരെ താഴ്ന്നതായിരുന്നു:

| ക്രമ നമ്പർ | ഗ്രാമപഞ്ചായത്തിന്റെ പേര് | പൂർത്തിയായ പ്രവൃത്തികളുടെ എണ്ണം | 125 രൂപയിൽ താഴെ വേതനം നൽകിയ പ്രവൃത്തികളുടെ എണ്ണം | എല്ലാ പ്രവൃത്തികളിലും കൂടി ലഭിച്ച ശരാശരി വേതനം (രൂപ) | ഒരു പ്രവൃത്തിയിൽ ലഭിച്ച ഏറ്റവും കുറഞ്ഞ ശരാശരി വേതനം (രൂപ) |
|---|---|---|---|---|---|
| 1 | എടപ്പള്ളി | 20 | 2 | 123.72 | 81.90 |
| 2 | പെരുവെമ്പ് | 31 | 4 | 124.06 | 102.00 |
| 3 | എരുമയൂർ | 26 | 23 | 100.00 | 63.00 |
| 4 | കണ്ണംപ്ര | 69 | 66 | 118.00 | 65.00 |
| 5 | കിഴക്കഞ്ചേരി | 49 | 17 | 120.00 | 65.00 |
| 6 | വണ്ടാഴി | 15 | 15 | 106.00 | 60.00 |
| 7 | വൈത്തിരി | 140 | 9 | 121.36 | 114.00 |
| 8 | മേപ്പാടി | 93 | 3 | 124.32 | 120.32 |
| 9 | പൂതാടി | 285 | 22 | 115.00 | 105.00 |
| 10 | പുൽപ്പള്ളി | 186 | 20 | 120.86 | 110.00 |
| 11 | മീനങ്ങാടി | 77 | 3 | 121.06 | 118.52 |
| 12 | കോട്ടത്തറ | 77 | 2 | 118.15 | 115.00 |

സംസ്ഥാന സർക്കാർ പ്രവൃത്തി മാനദണ്ഡങ്ങൾ പുതുക്കാത്തതാണ് കുറഞ്ഞ വേതനനിരക്കിന് കാരണമായത്. സ്റ്റാൻഡേർഡ് ഡാറ്റാബുക്കും പൊതുമരാമത്ത് ഷെഡ്യൂൾനിരക്കുകളും ആസ്പദമാക്കി അടങ്കൽ തുക നിശ്ചയിക്കുന്നതുകാരണം 125 രൂപ നിരക്കിൽ വേതനം നൽകുന്നത് ഉറപ്പുവരുത്താൻ ഗ്രാമപഞ്ചായത്തുകൾക്ക് കഴിഞ്ഞില്ല. ചെയ്ത ജോലിയുടെ അളവ് സ്റ്റാൻഡേർഡ് ഡാറ്റാബുക്കിൽ നിഷ്കർഷിച്ചിരിക്കുന്ന അളവിനേക്കാൾ താഴ്ന്ന പ്രവൃത്തികളിലെല്ലാം നൽകിയ വേതനം കുറഞ്ഞ കൂലിയേക്കാൾ കുറവായിരുന്നു. ഖണ്ഡിക 3.1.11.1-ൽ പ്രതിപാദിച്ചിരിക്കുന്നതുപോലെ തൊഴിൽ ആവശ്യപ്പെടുന്നതിൽ ഇത് പ്രതികൂലഫലമാണ് ഉളവാക്കിയത്.

### 3.1.12.2 കുറഞ്ഞ വേതന നിരക്കും നൽകിയ വേതനവും പ്രദർശിപ്പിച്ചില്ല

കുറഞ്ഞവേതന നിരക്ക് ജോലിസ്ഥലത്ത് പ്രദർശിപ്പിക്കണമെന്നത് നിർബന്ധമായിരുന്നെങ്കിലും ഗ്രാമപഞ്ചായത്തുകളൊന്നുംതന്നെ ജോലിസ്ഥലങ്ങളിൽ അത് പ്രദർശിപ്പിച്ചില്ല. പരിശോധിച്ച ഗ്രാമപഞ്ചായത്തുകളിലെല്ലാംതന്നെ വേതനം തൊഴിലാളികളുടെ ബാങ്ക് അക്കൗണ്ടുകളിൽ നേരിട്ട് വരവ് വയ്ക്കുകയായിരുന്നു. രണ്ടു ജില്ലകളിലെയും പരിശോധിച്ച 16 ഗ്രാമപഞ്ചായത്തുകളിലൊന്നിലും വിതരണം ചെയ്ത വേതനത്തിന്റെ വിശദാംശങ്ങൾ പ്രദർശിപ്പിച്ചില്ല. തൽഫലമായി, ഗുണഭോക്താക്കൾ കുറഞ്ഞ വേതനനിരക്കിനെപ്പറ്റി അജ്ഞരും അത്രത്തോളം അത് സുതാര്യതയെ ബാധിക്കുകയും ചെയ്തു.

### 3.1.12.3 വേതന വിതരണത്തിൽ കാലതാമസം

നിയമം അനുസരിച്ച് വേതന വിതരണം പ്രതിവാരാടിസ്ഥാനത്തിലോ അല്ലെങ്കിൽ തൊഴിൽ ചെയ്ത തീയതി മുതൽ ഒരു കാരണവശാലും 14 ദിവസത്തിൽ കുറിയാതെയോ ആവണം. അനുബന്ധം V-ൽ വിവരിച്ചിരിക്കുന്നതുപോലെ വയനാട് ജില്ലയിൽ തെരഞ്ഞെടുത്ത എല്ലാ ഗ്രാമപഞ്ചായത്തുകളിലെയും പരിശോധിക്കപ്പെട്ട 191 പ്രവൃത്തികളിൽ വേതന വിതരണം ഒന്നുമുതൽ 56 ദിവസംവരെ വൈകിയിരുന്നു. ഏറ്റവും കൂടുതൽ കാലതാമസം ഉണ്ടായത് 56 ദിവസംവരെ വൈകിയ മേപ്പാടി ഗ്രാമപഞ്ചായത്തിലായിരുന്നു. വേതന വിതരണം നടത്തുന്നതിലുണ്ടായ കാലതാമസത്തിന് 1936-ലെ വേതന വിതരണ നിയമത്തിലെ വ്യവസ്ഥകൾക്കനുസൃതമായി നഷ്ടപരിഹാരം ഒരു ഗ്രാമപഞ്ചായത്തും നൽകിയില്ല. തൊഴിൽ നൽകുന്നതിന്റെ അവിഭാജ്യഘടകമാണ് യഥാസമയമുള്ള വേതന വിതരണം എന്നതുകൊണ്ട് അത്തരത്തിലുണ്ടായ കാലതാമസം പദ്ധതിയുടെ പ്രയോജനം കുടുംബങ്ങൾക്ക് എത്തിക്കുവാൻ വൈകി.

### 3.1.12.4 തൊഴിൽ കാർഡുകളിൽ വേതനവിതരണത്തിന്റെ വിവരങ്ങൾ രേഖപ്പെടുത്തിയില്ല

മസ്റ്റർ റോളുകളിലും തൊഴിൽ കാർഡുകളിലും വേതനവിതരണം നടത്തിയതിന്റെ വിവരങ്ങൾ രേഖപ്പെടുത്തണമെന്നത് നിർബന്ധമായിരുന്നു. പക്ഷേ പാലക്കാട് ജില്ലയിലെ പരിശോധിച്ച ഗ്രാമപഞ്ചായത്തുകളിൽ വേതനവിതരണ വിവരങ്ങൾ മസ്റ്റർ റോളുകളിൽ മാത്രമേ രേഖപ്പെടുത്തിയിരുന്നുള്ളൂ. തൊഴിൽ കാർഡുകളിൽ വേതനം രേഖപ്പെടുത്താനുള്ള സ്ഥലം കൊടുക്കാതിരുന്നതുകൊണ്ട് അവയിൽ വേതനവിവരം രേഖപ്പെടുത്തിയില്ല.

### 3.1.12.5 മസ്റ്റർ റോളുകളുടെ തെറ്റായ സൂക്ഷിപ്പ്

വേതനവിതരണം സുഗമമാക്കുന്ന അടിസ്ഥാനരേഖകളിൽ സുപ്രധാനമാണ് മസ്റ്റർ റോൾ. ഹാജരായതും വിട്ടുനിന്നതും ആയ തൊഴിലാളികളുടെ വിവരങ്ങൾ, വിതരണം നടത്തിയ വേതനം, വേതനം പറ്റിയ ആളുകളുടെ ഒപ്പ്/വിരലടയാളം എന്നിവ രേഖപ്പെടുത്തിയതും സമാനമല്ലാത്ത തിരിച്ചറിയൽ നമ്പറുകളുള്ളതുമായ പ്രത്യേകം മസ്റ്റർ റോൾ ഓരോ പ്രവൃത്തിക്കും സൂക്ഷിക്കേണ്ടതുണ്ട്. ഗ്രാമപഞ്ചായത്തുകൾക്ക് പ്രോഗ്രാം ഓഫീസർ മസ്റ്റർ റോളുകൾ നൽകേണ്ടതും അവർ അതിന്റെ കണക്കുകൾ കൃത്യമായി സൂക്ഷിക്കേണ്ടതും ആണ്. മസ്റ്റർ റോളുകളും അവയുടെ കണക്കുകളും സൂക്ഷിക്കുന്നത് താഴെ പറയുന്നതുപ്രകാരം തെറ്റായ രീതിയിൽ ആയിരുന്നു:

- വിദഗ്ദ്ധ തൊഴിലാളികൾക്കുവേണ്ടി പുതുശ്ശേരി ഗ്രാമപഞ്ചായത്ത് ഉപയോഗിച്ച മസ്റ്റർ റോളുകൾ നിശ്ചിതമാതൃകയിലല്ലാത്തതും പ്രോഗ്രാം ഓഫീസർ നൽകാത്തതും ആയിരുന്നു.
- മസ്റ്റർ റോളുകൾക്ക് സമാനമല്ലാത്ത തിരിച്ചറിയൽ നമ്പർ നൽകിയിരുന്നില്ല. പകരം അവരവരുടെ സ്വന്തം രീതിക്ക് തിരിച്ചറിയൽ നമ്പറുകൾ ഗ്രാമപഞ്ചായത്തുകൾ നല്കിയതുകാരണം അവ ഓരോ പഞ്ചായത്തിലും വ്യത്യസ്തമായിരുന്നു.
- ആലത്തൂർ പ്രോഗ്രാം ഓഫീസർ നിശ്ചിത മാതൃകയിലല്ല മസ്റ്റർ റോൾ ഇഷ്യൂരജിസ്റ്റർ സൂക്ഷിച്ചത്. പൊതുവായ ഒരു സ്റ്റോക്ക് രജിസ്റ്ററിലാണ് മസ്റ്റർ റോളുകളുടെ കണക്കുകൾ സൂക്ഷിച്ചത്.
- ഗ്രാമപഞ്ചായത്തുകളൊന്നും ഉപയോഗിച്ച മസ്റ്റർ റോളിന്റെ പകർപ്പ് പ്രോഗ്രാം ഓഫീസർക്ക് തിരികെ നൽകിയില്ല. പ്രോഗ്രാം ഓഫീസർ ഗ്രാമപഞ്ചായത്തുകളിൽനിന്ന് തിരികെ കിട്ടിയ മസ്റ്റർ റോളുകളുടെ രേഖ ഒട്ടു സൂക്ഷിച്ചതുമില്ല.

### 3.1.13 തൊഴിലില്ലായ്മ വേതനം നൽകൽ

തൊഴിലിന് അപേക്ഷിച്ച ഒരു തൊഴിലാളിക്ക് തൊഴിൽ ആവശ്യപ്പെട്ട തീയതി മുതൽ 15 ദിവസത്തിനകം തൊഴിൽ നൽകിയില്ലെങ്കിൽ അവർക്ക് സർക്കാർ നിശ്ചയിച്ച നിരക്കിൽ തൊഴിലില്ലായ്മ വേതനം നൽകാൻ സംസ്ഥാന സർക്കാർ ബാദ്ധ്യസ്ഥമാണ്. അങ്ങനെ നിശ്ചയിക്കുന്ന നിരക്ക് ആദ്യത്തെ മുപ്പത് ദിവസത്തേക്ക് വേതനനിരക്കിന്റെ നാലിലൊന്നിൽ കുറയാൻ പാടില്ലാത്തതും പിന്നീടുള്ള ദിവസങ്ങൾക്ക് വേതന നിരക്കിന്റെ പകുതിയിൽ കുറയാൻ പാടില്ലാത്തതും ആകുന്നു.

### 3.1.13.1 ഒരു കുടുംബത്തിനും തൊഴിലില്ലായ്മ വേതനം നൽകിയില്ല

തൊഴിലിനുള്ള അപേക്ഷകൾ ഗ്രാമപഞ്ചായത്തുകൾക്കാണ് സമർപ്പിക്കുന്ന തെങ്കിലും, എല്ലാ കുടുംബങ്ങളും ആവശ്യപ്പെട്ട മൊത്തം തൊഴിൽദിനങ്ങളുടെ എണ്ണം ഗ്രാമപഞ്ചായത്തുതലത്തിൽപോലും ക്രോഡീകരിച്ചിരുന്നില്ല. തൊഴിൽ ആവശ്യപ്പെട്ടതിന്റെ ക്രോഡീകരിച്ച വിവരങ്ങളുടെ അഭാവത്തിൽ, തൊഴിലില്ലായ്മ വേതനമായി നല്കേണ്ടിവരുന്ന തുക എത്രയെന്ന് നിർണ്ണയിക്കാൻ ഓഡിറ്റിനായില്ല.

സംസ്ഥാനത്ത് 213840 തൊഴിൽ കാർഡുടമകൾ ഉള്ളതിൽ 104927 പേർ തൊഴിലിന് അപേക്ഷിച്ചു. എന്നാൽ നിയമം ഉറപ്പുനൽകിയതുപ്രകാരം 537 കുടുംബങ്ങൾക്കുമാത്രമാണ് 100 ദിവസത്തെ തൊഴിൽ നൽകാനായത്. പക്ഷേ സംസ്ഥാനത്ത് തൊഴിലില്ലായ്മ വേതന വിതരണം ചെയ്തിട്ടില്ല. ഇതിന്റെ കാരണങ്ങൾ താഴെപ്പറയുന്നവയായിരുന്നു:

- പദ്ധതിയുടെ പ്രയോജനങ്ങളെ സംബന്ധിച്ച് ഗുണഭോക്താക്കളുടെ അറിവില്ലായ്മ.
- ഖണ്ഡിക 3.1.11.2-ൽ പരാമർശിച്ചിരിക്കുന്നതുപോലെ തൊഴിൽ കാർഡുടമകൾ തൊഴിലിനുവേണ്ടി അപേക്ഷിക്കുന്നതിൽ നിയന്ത്രണം ഏർപ്പെടുത്തിയത്.

എന്നിരുന്നാലും, തൊഴിലിനുവേണ്ടി യഥാർത്ഥത്തിൽ അപേക്ഷിച്ച കുടുംബങ്ങളുടെ എണ്ണത്തെ അടിസ്ഥാനമാക്കിയും ആ കുടുംബങ്ങൾ 100 ദിവസത്തെ തൊഴിലിനാണ് അപേക്ഷിച്ചതെന്ന് അനുമാനിച്ചും നല്കേണ്ടിയിരുന്ന തൊഴിലില്ലായ്മ വേതനം അനുബന്ധം VI-ൽ കാണിച്ചിരിക്കുന്നതുപോലെ 105.53 കോടി രൂപയായി കണക്കാക്കുന്നു. കേന്ദ്ര സർക്കാരിന്റെ പൂർണ്ണധനസഹായത്തോടെയുള്ള തൊഴിൽ നൽകാൻ സംസ്ഥാന സർക്കാർ പരാജയപ്പെട്ടുവെന്നുമാത്രമല്ല, തൊഴിൽ ലഭിക്കാത്തവർക്ക് തൊഴിലില്ലായ്മ വേതനം നൽകാനും കഴിഞ്ഞില്ല. ഇതിന്റെ സ്ഥാനത്ത്, പദ്ധതിക്കുവേണ്ടി ചെലവാക്കിയ തുക 27.90 കോടി രൂപ മാത്രമായിരുന്നു. തൊഴിൽ നൽകുന്നതിന് സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടായ ഉദാസീനതയുടെ തോത് ഇത് സൂചിപ്പിക്കുന്നു.

### 3.1.13.2 തൊഴിൽ നൽകിയതിലുണ്ടായ കുറവ്

ആവശ്യപ്പെട്ട തൊഴിലിന്റെ ക്രോഡീകരിച്ച വിവരങ്ങൾ ഒരു ഗ്രാമപഞ്ചായത്തിലും ലഭ്യമല്ലാതിരുന്നതുകൊണ്ട് തൊഴിൽ ആവശ്യപ്പെട്ട ദിവസങ്ങളുടെ എണ്ണവും ഗ്രാമപഞ്ചായത്തുതലത്തിൽ യഥാർത്ഥത്തിൽ നൽകിയ തൊഴിൽദിനങ്ങളും തമ്മിൽ ഒരു താരതമ്യം സാദ്ധ്യമല്ലായിരുന്നു. ഈ വിവരങ്ങൾ ക്രോഡീകരിച്ച് താരതമ്യം ചെയ്തപ്പോൾ ഓഡിറ്റിൽ വ്യക്തമായത്, കണ്ണംപ്ര ഗ്രാമപഞ്ചായത്തിൽ 640 കുടുംബങ്ങൾ 19194 ദിവസത്തെ തൊഴിൽ ആവശ്യപ്പെട്ടപ്പോൾ 10930 തൊഴിൽ ദിനങ്ങൾ മാത്രമേ പ്രദാനം ചെയ്യാൻ കഴിഞ്ഞുള്ളൂ എന്നാണ്. പക്ഷേ ആലത്തൂർ പ്രോഗ്രാം ഓഫീസർ ജില്ലാ പ്രോഗ്രാം കോ-ഓർഡിനേറ്ററെ അറിയിച്ചത്, 586 കുടുംബങ്ങൾക്ക് 8754 തൊഴിൽ ദിനങ്ങൾ നൽകാൻ കഴിഞ്ഞു എന്നാണ്. മറ്റു പ്രോഗ്രാം ഓഫീസർമാരും ഇതുപോലുള്ള തെറ്റായ റിപ്പോർട്ടുകൾ നൽകുന്നതിനുള്ള സാദ്ധ്യത തള്ളിക്കളയാനാവില്ല. തൊഴിൽ ആവശ്യപ്പെട്ട കുടുംബങ്ങൾക്ക് ഗ്രാമപഞ്ചായത്ത് 8264 ദിവസത്തെ തൊഴിൽ നൽകിയില്ല. മാത്രമല്ല തൊഴിലില്ലായ്മ വേതനം ഒട്ടു നൽകിയതുമില്ല.

### 3.1.13.3 നഷ്ടപരിഹാരത്തുക നൽകാത്തത്

തൊഴിലില്ലായ്മ വേതനത്തിന് അർഹതനേടി 15 ദിവസത്തിനകം, അതായത് തൊഴിലിന് അപേക്ഷ നല്കിയ തീയതി മുതൽ 30 ദിവസത്തിനകം തൊഴിലില്ലായ്മ വേതനം നൽകിയിരിക്കണം. ഇക്കാര്യത്തിൽ എന്തെങ്കിലും കാലതാമസം ഉണ്ടാവുകയാണെങ്കിൽ, 1936-ലെ വേതന വിതരണ നിയമത്തിൽ പറഞ്ഞിരിക്കുന്ന വേതന നഷ്ടപരിഹാര തത്വമനുസരിച്ച് ഗുണഭോക്താക്കൾക്ക് നഷ്ടപരിഹാരത്തിന് അവകാശമുണ്ടായിരിക്കുന്നതും ആ ചെലവ് സംസ്ഥാന സർക്കാർ വഹിക്കുന്നതും ആണ്. പരിശോധിച്ച ഗ്രാമപഞ്ചായത്തുകളിലൊന്നും തന്നെ തൊഴിലില്ലായ്മ വേതനം നൽകാത്തതുകൊണ്ട് നഷ്ടപരിഹാരത്തുക ലഭിക്കാൻ ഗുണഭോക്താക്കൾ അർഹരായിരുന്നു. എന്നാൽ ആവശ്യപ്പെട്ട തൊഴിലിനെ സംബന്ധിച്ച സമാഹൃത വിവരങ്ങൾ ലഭ്യമല്ലാതിരുന്നതിനാൽ കൊടുക്കേണ്ടിയിരുന്ന നഷ്ടപരിഹാരത്തുക കണക്കാക്കാൻ ഓഡിറ്റിനായില്ല.

### 3.1.14 പ്രവൃത്തി നിർവ്വഹണം

ജലസംരക്ഷണം, വരൾച്ചനിവാരണം, ജലസേചനത്തിനുള്ള കനാലുകൾ, മുൻഗണനാ വിഭാഗത്തിലുള്ള ഗുണഭോക്താക്കളുടെ ഭൂമിയിൽ ജലസേചന സൗകര്യം ഏർപ്പെടുത്തുക, പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം, ഭൂവികസനം,

വെള്ളപ്പൊക്കനിയന്ത്രണം, ഗ്രാമീണപാതകൾ എന്നീ എട്ടുവിഭാഗങ്ങളിൽ ഉൾപ്പെട്ട പ്രവൃത്തികൾക്കാണ് ഈ നിയമത്തിൻകീഴിൽ പ്രാമുഖ്യം. ഒരു പ്രവൃത്തിയുടെ ആവർത്തനം ഒഴിവാക്കാൻ ഓരോ പ്രവൃത്തിക്കും സമാനമല്ലാത്ത തിരിച്ചറിയൽ നമ്പർ നൽകണം. അംഗീകൃത രൂപരേഖകൾ ഏകോപിപ്പിച്ച് ജില്ലാതലത്തിൽ ഒരു രേഖയാക്കി അത് എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും ലഭ്യമാക്കേണ്ടതുണ്ട്. സംസ്ഥാനത്ത് എല്ലാ പ്രവൃത്തികളും ഗ്രാമപഞ്ചായത്തുകൾ മുഖേന നടപ്പിലാക്കുകയും കരാറുകാരെ പ്രവൃത്തികൾ നിർവ്വഹിക്കുന്നതിൽനിന്ന് ഒഴിവാക്കുകയും ചെയ്യണം.

### 3.1.14.1 സ്വകാര്യ വിദ്യാലയങ്ങളിൽ ഭൂവികസനം

ഈ പദ്ധതിയനുസരിച്ച് വയനാട് ജില്ലയിലെ രണ്ട് ഗ്രാമപഞ്ചായത്തുകളായ നെന്മേനിയിലും വെള്ളമുണ്ടയിലും അവയുടെ പ്രദേശത്തുള്ള സ്വകാര്യ വിദ്യാലയങ്ങളിൽ കളിസ്ഥലങ്ങൾ നിർമ്മിച്ചതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. ഈ പ്രവൃത്തികൾക്കുവേണ്ടി ആകെ ചെലവായ തുക 2.20 ലക്ഷം രൂപയായിരുന്നു. സൃഷ്ടിക്കപ്പെട്ട ആസ്തികൾ സ്വകാര്യ വ്യക്തികളുടെ/സ്ഥാപനങ്ങളുടേതാവുന്നതുകൊണ്ട് സ്വകാര്യ വസ്തുവിൽ കളിസ്ഥലം നിർമ്മിച്ചത് നിയമത്തിന്റെ ലംഘനമായിരുന്നു.

### 3.1.14.2 തൊഴിലിന്റെയും സാധനസാമഗ്രികളുടെയും അനുപാതം വർദ്ധിച്ച

തൊഴിലിന്റെ മൂല്യവും സാധനസാമഗ്രികളുടെ മൂല്യവും തമ്മിലുള്ള അനുപാതം ഏറ്റവും കുറഞ്ഞ മാനദണ്ഡമായ 60:40-ൽ കുറയാൻ പാടില്ല. അതായത് വിദഗ്ധ തൊഴിലാളികളുടെയും മേൽനോട്ടം വഹിക്കുന്നയാളിന്റെയും വേതനം ഉൾപ്പെടെ സാധനസാമഗ്രികളുടെ മൂല്യം ഒരു പ്രവൃത്തിയുടെ മൊത്തം ചെലവിന്റെ 40 ശതമാനത്തിൽ കവിയരുത്. പക്ഷെ വയനാട് ജില്ലയിൽ പരിശോധിച്ച ഒരു പ്രവൃത്തിയിലും സാധനസാമഗ്രി ഉപയോഗിച്ചിട്ടില്ല. പാലക്കാട് ജില്ലയിലെ പുതുശ്ശേരി ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ 20 പ്രവൃത്തികളിൽ 7 എണ്ണത്തിൽ സാധനസാമഗ്രികളുടെ വില 40 ശതമാനത്തിൽ അധികരിച്ചു. സാധനസാമഗ്രികൾക്കുവേണ്ടി ചെലവഴിച്ച തുക നിശ്ചിത പരിധിയേക്കാൾ കൂടുതലായിരുന്നതുകൊണ്ട്, തൊഴിൽ സൃഷ്ടിക്കുന്നതിനുപയോഗിച്ച തുക കുറവായിരുന്നു. പദ്ധതിക്കുവേണ്ടി അനുവദിക്കപ്പെടുന്ന തുകയുടെ ചുരുങ്ങിയത് 60 ശതമാനമെങ്കിലും അവിദഗ്ദ്ധതൊഴിൽ നൽകുന്നതിനുവേണ്ടി വിനിയോഗിക്കപ്പെടണം എന്നതായിരുന്നു ഇങ്ങനെയൊരു അനുപാതം നിഷ്കർഷിച്ചതിന്റെ ഉദ്ദേശ്യം.

### 3.1.14.3 ടേപ്പ് ഉപയോഗിച്ചുള്ള അളവിൽ വരാവുന്ന വ്യതിയാനം കുറച്ചില്ല

300 ഘനമീറ്ററിൽ കൂടിയ എല്ലാ മൺവേലകളും അളക്കേണ്ടത് പ്രാരംഭ അനിഗരിതാനങ്ങൾ രേഖപ്പെടുത്തിയാവണം. ഇതുപോലുള്ള സംഗതികളിൽ, ടേപ്പ് ഉപയോഗിച്ചുള്ള അളവിനെ അടിസ്ഥാനമാക്കി തുക നൽകേണ്ടിവരുമ്പോൾ അളവിൽ വരാൻ സാദ്ധ്യതയുള്ള വ്യതിയാനത്തിനുവേണ്ടി 15 ശതമാനം കുറയ്ക്കണമെന്ന നിബന്ധന പാലിച്ചിരിക്കണം. ഈ പദ്ധതിപ്രകാരം പ്രസ്തുത നിബന്ധന 600 ഘനമീറ്ററിൽ കൂടുതലുള്ള മൺവേലകൾക്ക് മാത്രമേ ബാധകമാവൂ. ഈ നിബന്ധന മറികടക്കുന്നതിനുവേണ്ടി അത്തരം പ്രവൃത്തികൾ പല ഖണ്ഡങ്ങളായി വിഭജിച്ചതുകൊണ്ട് ടേപ്പുകൊണ്ട് അളന്ന മൺവേലകൾക്ക് നിർബന്ധിതമായ 15 ശതമാനം കിഴിവ് നടത്താതെ തുക നൽകുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് സാധിച്ചു. അനുബന്ധം VII-ൽ വിവരിച്ചിരിക്കുന്നതുപോലെ, വയനാട് ജില്ലയിലെ നാല് ഗ്രാമപഞ്ചായത്തുകളിലെ 36 പ്രവൃത്തികളിൽ 1.72 ലക്ഷം രൂപയുടെ അധികച്ചെലവിന് ഇത് ഇടയാക്കി.

### 3.1.14.4 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താത്ത പ്രവൃത്തികൾ ഏറ്റെടുക്കൽ

മാർഗ്ഗരേഖകളനുസരിച്ച് ഗ്രാമപഞ്ചായത്തുകൾ നിർവ്വഹിക്കേണ്ട പ്രവൃത്തികൾ അതത് വാർഷികപദ്ധതിയിൽ ഉൾക്കൊള്ളിച്ചവയായിരിക്കണം. എന്നാൽ വയനാട് ജില്ലയിലെ മൂന്ന് ഗ്രാമപഞ്ചായത്തുകളിൽ (കോട്ടത്തറ, മേപ്പാടി, തിരുനെല്ലി) നടപ്പിലാക്കിയ 789 പ്രവൃത്തികളിൽ 78 എണ്ണം വാർഷികപദ്ധതിയിൽ ഉൾപ്പെടുത്താത്തവയായിരുന്നു. മേപ്പാടി ഗ്രാമപഞ്ചായത്തിൽ 145 പ്രവൃത്തികൾ നടത്തിയതിൽ 52 എണ്ണവും (35.86 ശതമാനം) വാർഷിക പദ്ധതിയിൽ ഇല്ലാത്തവയായിരുന്നു. ആസൂത്രണത്തിൽ ഗ്രാമസഭകൾക്കുള്ള പങ്ക് അത്രകണ്ട് ചെറുതാക്കുന്ന രീതിയിൽ മുൻഗണന കല്പിക്കാത്ത പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് ഇതിടയാക്കി.

### 3.1.14.5 ഭരണസാങ്കേതികാനുമതികളിലെ ഊതിപ്പെരുപ്പിച്ച തുകകൾ

തെരഞ്ഞെടുത്ത ഗ്രാമപഞ്ചായത്തുകളിൽ 10.64 കോടി രൂപയുടെ ഭരണാനുമതി ലഭിച്ച 1229 പ്രവൃത്തികൾ 4.39 കോടി രൂപ ചെലവിൽ പൂർത്തീകരിച്ചു. ഭരണാനുമതിയിൽ കാണിച്ചിട്ടുള്ള തുകകൾ 142.37 ശതമാനം പെരുപ്പിച്ച് കാണിച്ചവയായിരുന്നു എന്നാണ് ഇത് സൂചിപ്പിക്കുന്നത്. സാങ്കേതികാനുമതി നൽകിയത് 8.03 കോടി രൂപയ്ക്കായിരു

ന്നതുകൊണ്ട് സാങ്കേതികാനുമതിയിൽ കാണിച്ച തുകകളും അതേപോലെ 82.92 ശതമാനം പെരുപ്പിച്ചവയായിരുന്നു. വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു:

(രൂപ കോടിയിൽ)

| ക്രമ നമ്പർ | ബ്ലോക്കുകൾ | തെരഞ്ഞെടുത്ത നാല് ഗ്രാമ പഞ്ചായത്തുകളിൽ പൂർത്തിയായ പ്രവൃത്തികളുടെ എണ്ണം | ഭരണാനുമതി തുക | സാങ്കേതികാനുമതി തുക | യഥാർത്ഥ ചെലവ് | പെരുപ്പിച്ചതിന്റെ ശതമാനം | | |
|---|---|---|---|---|---|---|---|---|
| | | | | | | ഭരണസാങ്കേതികാനുമതികൾ തമ്മിൽ | ഭരണാനുമതിയും യഥാർത്ഥ ചെലവും തമ്മിൽ | സാങ്കേതികാനുമതിയും യഥാർത്ഥ ചെലവും തമ്മിൽ |
| 1 | ആലത്തൂർ | 148 | 1.64 | 0.48 | 0.24 | 241.667 | 583.33 | 100 |
| 2 | മലമ്പുഴ | 155 | 1.61 | 0.93 | 0.48 | 73.12 | 235.41 | 93.75 |
| 3 | കല്പറ്റ | 341 | 3.08 | 2.36 | 1.75 | 30.51 | 76.00 | 34.86 |
| 4 | സുൽത്താൻ ബത്തേരി | 585 | 4.31 | 4.26 | 1.92 | 1.17 | 124.48 | 121.88 |
| | ആകെ | 1229 | 10.64 | 8.03 | 4.39 | 32.50 | 142.37 | 82.92 |

ഭരണ സാങ്കേതികാനുമതികളിൽ കാണിച്ചിരിക്കുന്ന തുകകൾ തമ്മിലും സാങ്കേതികാനുമതി തുകയും യഥാർത്ഥ ചെലവും തമ്മിലും ഉള്ള വലിയ വ്യത്യാസത്തിനു കാരണം കൃത്യതയില്ലാത്ത അടങ്കൽ തയ്യാറാക്കൽ, ജോലിസ്ഥലത്തെ ബുദ്ധിമുട്ടേറിയ സാഹചര്യം, കട്ടിയുള്ള മണ്ണിന്റെ സാന്നിദ്ധ്യം, പൊതുജനങ്ങളിൽ നിന്നുള്ള എതിർപ്പ് എന്നിവമൂലം പ്രവൃത്തികളുടെ ചില ഇനങ്ങൾ ഉപേക്ഷിച്ചതുമൂലവുമായിരുന്നു.

### 3.1.14.6 അടങ്കലിൽ കാണിച്ചതിനേക്കാൾ അധികരിച്ച അളവ് പ്രവൃത്തികൾ

താഴെ പട്ടികയിൽ വിവരിക്കുംപ്രകാരം പുതുശ്ശേരി ഗ്രാമപഞ്ചായത്തിൽ പൂർത്തിയാക്കിയ പ്രവൃത്തികളുടെ ചില ഘടകങ്ങൾ അടങ്കലിൽ കാണിച്ചിരുന്ന അളവിനെക്കാൾ 129.47 മുതൽ 263.78 ശതമാനം അധികരിച്ചിരുന്നു:

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | ഇനം | അടങ്കൽ പ്രകാരമുള്ള അളവ് (ചതുരശ്ര മീറ്റർ) | ചെയ്ത അളവ് (ചതുരശ്ര മീറ്റർ) | വർദ്ധനവിന്റെ ശതമാനം |
|---|---|---|---|---|---|
| 1 | തോട്ടനാട്ടതോട് അഭിവൃദ്ധിപ്പെടുത്തലും പാർശ്വസംരക്ഷണവും | കട്ടിയായ കാട് തെളിക്കൽ | 5540 | 12712.5 | 129.47 |
| 2 | നേതാജി നഗറിൽ ഓടനിർമ്മാണം | ലഘുവായ കാട് തെളിക്കൽ | 4800 | 11330 | 136.04 |
| 3 | കഞ്ഞപ്പൻ പട്ടതോട് അഭിവൃദ്ധിപ്പെടുത്തലും പാർശ്വസംരക്ഷണവും | ലഘുവായ കാട് തെളിക്കൽ | 4500 | 16370 | 263.78 |

യാഥാർത്ഥ്യബോധത്തോടുകൂടിയല്ല അടങ്കൽ തയ്യാറാക്കിയത് എന്ന് മേൽക്കാണിച്ച പട്ടികയിൽനിന്ന് കാണാവുന്നതാണ്. അടങ്കൽ തയ്യാറാക്കുന്നതിന് ശരിയായ രീതിയിലുള്ള ഘടകങ്ങൾ കണക്കിലെടുത്തില്ല എന്നാണ് അളവിലുള്ള വർദ്ധനവിന്റെ ശതമാനം സൂചിപ്പിക്കുന്നത്. അതിനാൽ ഇക്കാര്യത്തിൽ അളവിൽ കൃത്രിമം നടന്നിരിക്കാനുള്ള സാദ്ധ്യത തള്ളിക്കളയാനാവില്ല.

### 3.1.14.7 ജില്ലാ ഷെഡ്യൂൾ നിരക്കുകൾ തയ്യാറാക്കിയില്ല

ഓരോ കുടുംബത്തിനും കുറഞ്ഞ വേതനം നൽകുന്നത് ഉറപ്പാക്കുന്നതിന് പദ്ധതിപ്രകാരം ഓരോ ജില്ലയും പ്രത്യേകം ഷെഡ്യൂൾ നിരക്കുകൾ തയ്യാറാക്കേണ്ടതാണ്. എന്നാൽ രണ്ടു ജില്ലകളിലും ജില്ലാ ഷെഡ്യൂൾ നിരക്കുകൾ തയ്യാറാക്കിയിരുന്നില്ല. ഇത് കുറഞ്ഞ വേതനനിരക്കായ 125 രൂപയിൽ കുറഞ്ഞ നിരക്കിൽ വേതനം വിതരണം ചെയ്യുന്നതിനും അതുമൂലം തെരഞ്ഞെടുക്കപ്പെട്ട 12 ഗ്രാമപഞ്ചായത്തുകളിലെ 186 പ്രവൃത്തികളിൽ 3.30 ലക്ഷം രൂപ കുറവായി വിതരണം ചെയ്യുന്നതിനും ഇടയാക്കി.

### 3.1.14.8 അംഗീകൃത രൂപരേഖകൾ ഏകോപിപ്പിച്ചില്ല

അംഗീകൃത രൂപരേഖകൾ ജില്ലാതലത്തിൽ ഏകോപിപ്പിക്കണമെന്നും അത് ഗ്രാമപഞ്ചായത്തുതലത്തിൽ ഉപയോഗപ്പെടുത്തണമെന്നും ഈ പദ്ധതി വിഭാവനം ചെയ്തിരുന്നു. എന്നാൽ അപ്രകാരം അംഗീകൃത രൂപരേഖകളൊന്നും ഗ്രാമപഞ്ചായത്തുകൾ ഉപയോഗപ്പെടുത്താതിരുന്നത് ഒരേപോലുള്ള പ്രവൃത്തികൾക്ക് ഓരോസമയവും അനാവശ്യമായി രൂപരേഖ തയ്യാറാക്കുന്നതിനിടയാക്കി.

### 3.1.15 സ്ഥായിയായ ആസ്തികളുടെ സൃഷ്ടി

### 3.1.15.1 ആസ്തികളുടെ വിശദാംശങ്ങൾ വാർഷിക പദ്ധതിയിൽ സൂചിപ്പിച്ചില്ല

നിർമ്മിക്കേണ്ട റോഡുകളുടെ നീളം, വീതി, ജലസംഭരണികളുടെ വലിപ്പം മുതലായ ആസ്തികളുടെ വിശദാംശങ്ങൾ വാർഷിക പദ്ധതിയിൽ സൂചിപ്പിക്കണമായിരുന്നു. എന്നാൽ വാർഷിക പദ്ധതികളിൽ ഈ വിവരങ്ങൾ ഉൾക്കൊള്ളിച്ചിട്ടില്ലായിരുന്നു. പ്രവൃത്തികൾ പൂർത്തീകരിച്ചപ്പോൾ ആസ്തികളുടെ വിവരങ്ങൾ രജിസ്റ്ററുകളിൽ രേഖപ്പെടുത്തുകയോ അവയുടെ കണക്കുകൾ സൂക്ഷിക്കുകയോ ചെയ്തില്ല. ഇത് ആസ്തികളുടെ ദുരുപയോഗത്തിനും തെറ്റായ രീതിയിലുള്ള സൂക്ഷിപ്പിനും അവയുടെ നഷ്ടത്തിനും കയ്യേറ്റത്തിനും വഴിവയ്ക്കും.

### 3.1.15.2 സ്ഥായിയായ ഗുണഫലങ്ങൾ

പുതുതായി നിർമ്മിക്കപ്പെടുന്ന ജലസംഭരണികൊണ്ട് ജലസേചനം നടത്താവുന്ന കൃഷിഭൂമിയുടെ വിസ്തീർണ്ണം, പുതുതായി നിർമ്മിക്കപ്പെടുന്ന പാതകൾകൊണ്ട് ബന്ധിക്കപ്പെടുന്ന ഗ്രാമങ്ങൾ മുതലായ സ്ഥായിയായ ഗുണഫലങ്ങൾ വാർഷികപദ്ധതിയിൽ സൂചിപ്പിച്ചിരുന്നില്ല. തൽഫലമായി, പദ്ധതികൾ പൂർത്തിയായപ്പോൾ, വയനാട്ടിലെ എട്ടിൽ രണ്ടു ഗ്രാമപഞ്ചായത്തുകളിലെ ഗുണഫലങ്ങൾ വിലയിരുത്താനായില്ല.

### 3.1.16 സുതാര്യതയും സാമ്പത്തികോത്തരവാദിത്വവും

എൻറിഗായുടെ പുതുമയാർന്ന ഒരു പ്രത്യേകത പൊതുജാഗ്രതയുടെ ഉപാധിയായ സാമൂഹിക ഓഡിറ്റിന് അത് ഒരു സുപ്രധാന പങ്ക് നൽകുന്നു എന്നതാണ്. പൊതുവായ സാമ്പത്തികോത്തരവാദിത്വം ഉറപ്പുവരുത്തുക എന്നുള്ളതാണ് സാമൂഹിക ഓഡിറ്റിന്റെ അടിസ്ഥാന ലക്ഷ്യം. പദ്ധതികളുടെ എല്ലാ വിവരങ്ങളും പരിശോധിക്കപ്പെടുന്ന പൊതുജനങ്ങളുടെ ഒരു സഭയാണ് സാമൂഹിക ഓഡിറ്റ്. നിശ്ചിത സമയങ്ങളിൽ സാമൂഹിക ഓഡിറ്റിന്റെ ഭാഗമായി വിളിച്ചുചേർക്കുന്ന ഗ്രാമസഭകൾ സാമൂഹിക ഓഡിറ്റ് ഫോറം എന്ന് അറിയപ്പെടുന്നു. ആസൂത്രണതലം മുതൽ നിർവ്വഹണവും തുടർനിരീക്ഷണവും വിലയിരുത്തലും വരെയുള്ള ഓരോ ഘട്ടത്തിലും ഗുണഭോക്താക്കളാകാൻ സാദ്ധ്യതയുള്ള പദ്ധതികൊണ്ട് പ്രയോജനം ലഭിക്കുന്ന മറ്റുള്ളവരും ഭാഗഭാക്കുകളാവുന്ന ഒരു

തുടർപ്രക്രിയയാണ് സാമൂഹിക ഓഡിറ്റ്. പദ്ധതികളുടെ നിർവ്വഹണ പ്രക്രിയയിൽ പരിപൂർണ്ണ സുതാര്യതയും തീരുമാനമെടുക്കുന്നതിൽ ഗുണഭോക്താക്കളുടെ പങ്കാളിത്തവും തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളുടെയും സർക്കാരുദ്യോഗസ്ഥരുടെയും സാമ്പത്തികോത്തരവാദിത്വവും ഇത് ഉറപ്പാക്കുന്നു. പദ്ധതിയുടെ നിർവ്വഹണം അവലോകനം ചെയ്യുന്നതിനുവേണ്ടി ആറുമാസത്തിലൊരിക്കൽ ഗ്രാമസഭായോഗങ്ങൾ വിളിച്ചുചേർക്കേണ്ടിയിരുന്നുവെങ്കിലും ഒരു ഗ്രാമപഞ്ചായത്തിലും അത് നടന്നില്ല. മുൻ ആറുമാസക്കാലയളവിൽ നടത്തിയ എൻറിഗ പ്രവൃത്തികളുടെ വിശദമായ പൊതുജന ഓഡിറ്റ് നടത്തുന്നതിനുള്ള അവസരം ജനങ്ങൾക്ക് ഇതുമൂലം നഷ്ടമായി.

### 3.1.17 തുടർനിരീക്ഷണവും വിലയിരുത്തലും

രജിസ്ട്രേഷൻ, തൊഴിൽകാർഡ് വിതരണം, തൊഴിൽ നൽകൽ, കൃത്യസമയത്ത് വേതനം നൽകൽ എന്നിവയുൾപ്പെടെ എല്ലാ പ്രവൃത്തികളും ഗ്രാമതലത്തിൽ ഗ്രാമസഭകൾ തുടർനിരീക്ഷണം നടത്തുമ്പോൾ, ബ്ലോക്ക് പഞ്ചായത്തും പ്രോഗ്രാം ഓഫീസറും എല്ലാ ഗ്രാമപഞ്ചായത്തുകളുടെ ഈ വക പ്രവർത്തനങ്ങളും ഫണ്ടിന്റെ ഒഴുക്ക്, സാമൂഹിക ഓഡിറ്റ്, തൊഴിലില്ലായ്മ വേതനം നൽകൽ മുതലായവ തുടർനിരീക്ഷണം നടത്തണം. എല്ലാ ബ്ലോക്കുകളുടെയും ജില്ലാതലത്തിലുള്ള തുടർനിരീക്ഷണം ജില്ലാ പഞ്ചായത്തും ജില്ലാ പ്രോഗ്രാം-കോ-ഓർഡിനേറ്ററും നടത്തുമ്പോൾ, എല്ലാ ജില്ലകളുടേയും പദ്ധതിനടത്തിപ്പ് സംസ്ഥാനതലത്തിൽ തുടർനിരീക്ഷിക്കേണ്ടതും കേന്ദ്രസർക്കാരിന് ക്രോഡീകരിച്ച റിപ്പോർട്ടുകൾ സമർപ്പിക്കേണ്ടതും സംസ്ഥാന സർക്കാരാണ്.

### 3.1.17.1 സംസ്ഥാന ഗുണമേന്മ പരിശോധകരെയും ജില്ലാ ഗുണമേന്മാ പരിശോധകരെയും നിയോഗിച്ചില്ല

പരിശോധനയ്ക്കും ഗുണമേന്മാ ഓഡിറ്റിനും വേണ്ടി സംസ്ഥാനത്ത് തൊഴിലുറപ്പ് കൗൺസിലിന്റെ അംഗീകാരത്തോടെ സംസ്ഥാന ഗുണമേന്മാ പരിശോധകരെ സംസ്ഥാന സർക്കാർ നിയോഗിക്കേണ്ടതുണ്ടായിരുന്നു. സംസ്ഥാന സർക്കാരിന്റെ അംഗീകാരത്തോടെ ജില്ലാ പഞ്ചായത്തായിരുന്നു ജില്ലാ ഗുണമേന്മാ പരിശോധകനെ നിയോഗിക്കേണ്ടത്. എന്നാൽ സംസ്ഥാനതലത്തിലോ ജില്ലാതലത്തിലോ പരിശോധകരെ നിയോഗിച്ചില്ല. ഇത് പരിശോധനയും ഗുണമേന്മാ ഓഡിറ്റും നടത്താതിരുന്നതിലേക്ക് നയിച്ചു.

### 3.1.17.2 വിലയിരുത്തൽ നടത്തിയില്ല

ജില്ലാടിസ്ഥാനത്തിൽ പതിവായി വിലയിരുത്തലുകളും നിശ്ചിത പ്രവൃത്തികളുടെ സാമ്പിൾ സർവ്വേകളും സംസ്ഥാന തൊഴിലുറപ്പ് കൗൺസിൽ നടത്തണം. ജില്ലാ പ്രോഗ്രാം കോ-ഓർഡിനേറ്റർ ആണ് ബ്ലോക്ക് അടിസ്ഥാനത്തിൽ വിലയിരുത്തൽ പഠനങ്ങൾ നടത്തേണ്ടത്. മതിപ്പുള്ള ഗവേഷണ സ്ഥാപനങ്ങളുമായി ചേർന്നുകൊണ്ട് സംസ്ഥാന

തൊഴിലുറപ്പ് കൗൺസിൽ സ്വന്തമായി ഒരു വിലയിരുത്തൽ സംവിധാനം വികസിപ്പിച്ചെടുക്കണം. വിലയിരുത്തൽ പഠനങ്ങൾ ആസൂത്രണത്തിലും തുടർ നിരീക്ഷണത്തിലും നിർവ്വഹണത്തിലും ഉളവായ പ്രത്യേക പ്രശ്നങ്ങളിൽ വെളിച്ചം വീശേണ്ടതും അതിന്റെ കണ്ടെത്തലുകൾ തിരുത്തൽപ്രക്രിയ തുടങ്ങുന്നതിന് ഉപയുക്തമാകേണ്ടതും ആണ്. പദ്ധതി നിർവ്വഹണത്തിന്റെ വിലയിരുത്തൽ ഒരു തലത്തിലും നടക്കാതിരുന്നതിനാൽ വേണ്ടിടത്ത് തിരുത്തൽ നടപടി എടുക്കാൻ കഴിഞ്ഞില്ല.

### 3.1.17.3 സംസ്ഥാനതല ഉദ്യോഗസ്ഥൻ

ജില്ലാതല ഉദ്യോഗസ്ഥൻ ജില്ലയിൽ ഏറ്റെടുത്തിട്ടുള്ള 10 ശതമാനം പ്രവൃത്തികളും ബ്ലോക്കതല ഉദ്യോഗസ്ഥൻ ബ്ലോക്കിൽ ഏറ്റെടുത്തിട്ടുള്ള 100 ശതമാനം പ്രവൃത്തികളും സംസ്ഥാനതല ഉദ്യോഗസ്ഥൻ സംസ്ഥാനത്ത് ഏറ്റെടുത്തിട്ടുള്ള എല്ലാ പ്രവൃത്തികളുടെയും മേലന്വേഷണം നടത്തുകയും പരിശോധിക്കുകയും വേണം. നിശ്ചിതരീതിയിൽ മേലന്വേഷണം നടത്തി എന്നും പരിശോധിച്ചു എന്നും കാണിക്കുന്ന യാതൊന്നും രേഖകളിലുണ്ടായിരുന്നില്ല. തന്നെയുമല്ല, മേലന്വേഷണത്തിന്റെയും പരിശോധനയുടെയും റിപ്പോർട്ടും ലഭ്യമല്ലായിരുന്നു.

### 3.1.17.4 എൻറിഗയുടെ സ്വാധീനത്തെക്കുറിച്ചുള്ള വിലയിരുത്തൽ

വിലയിരുത്തൽ പഠനങ്ങൾ നടത്താത്തതുകൊണ്ട് എൻറിഗ നടപ്പാക്കിയതു കൊണ്ടുണ്ടായ സ്വാധീനഫലങ്ങൾ പഠിക്കാനായില്ല. താഴെപ്പറയുന്ന സാമൂഹ്യ സുരക്ഷാ പദ്ധതികളുടെ അർഹതയ്ക്കുവേണ്ടി നിശ്ചയിച്ചിട്ടുള്ള വരുമാനപരിധി 100 ദിവസത്തെ വേതനമായ 12,500 രൂപയിലും കുറവാകയാൽ അവയുടെ പ്രസക്തി പുനഃപരിശോധിക്കേണ്ടതുണ്ട് :

| ക്രമ നമ്പർ | പദ്ധതി | അർഹതയ്ക്കുള്ള വരുമാന പരിധി (രൂപ) |
|---|---|---|
| 1 | തൊഴിലില്ലായ്മവേതനം | 12,000 |
| 2 | കർഷകത്തൊഴിലാളി പെൻഷൻ | 11,000 |
| 3 | വാർദ്ധക്യകാല പെൻഷൻ | 11,000 |
| 4 | അവിവാഹിതകൾക്കുള്ള പെൻഷൻ | 6,000 |
| 5 | വികലാംഗ പെൻഷൻ | 6,000 |
| 6 | വിധവാ/അഗതി പെൻഷൻ | 3,600 |

മേൽ വിവരിച്ച പദ്ധതികളിൽ നിന്നുള്ള ആനുകൂല്യം ലഭിച്ചുകൊണ്ടിരിക്കുന്ന ഒരാൾക്ക് എൻറിഗയുടെ കീഴിൽ 100 ദിവസത്തെ തൊഴിൽ ലഭിക്കുകയാണെങ്കിൽ, വരുമാനപരിധി കവിയുമെന്നതിനാൽ ആനുകൂല്യങ്ങൾക്ക് അർഹതയുണ്ടായിരിക്കുന്നതല്ല. ഈ സംഗതിയെ സംബന്ധിച്ച് സർക്കാർ പഠനം നടത്തിയിട്ടില്ല.

### 3.1.17.5 ദിവസവേതനത്തിൽ വർദ്ധനവ്

വയനാട്ടിൽ പരിശോധിച്ച എട്ട് ഗ്രാമപഞ്ചായത്തുകളിൽ നാലിലും (മേപ്പാടി, മുപ്പൈനാട്, പുൽപ്പള്ളി, തിരുനെല്ലി) എൻറിഗ നടപ്പിലാക്കുന്നതിനുമുമ്പ് നിലവിലുണ്ടായിരുന്ന വേതന നിരക്ക് പുരുഷന്മാർക്ക് 100 മുതൽ 110 വരെയും സ്ത്രീകൾക്ക് 60 മുതൽ 80 രൂപ വരെയും ആയിരുന്നു. ഈ പദ്ധതി നടപ്പിലാക്കിയശേഷം ലിംഗവ്യത്യാസമില്ലാതെ പൊതുവായ വേതന നിരക്ക് 125 രൂപയായി വർദ്ധിച്ചു. ഇത് ഈ പദ്ധതിയുടെ പ്രവചനാതീതമായ ഒരു നേട്ടമായി. താഴ്ന്ന വേതന നിരക്ക് നിലവിലുള്ള സ്ഥലങ്ങളിൽ ഈ പദ്ധതി നടപ്പിലാക്കേണ്ടതിലേക്കായി വിലയിരുത്തൽ പഠനങ്ങൾ ഊർജ്ജിതമായി നടത്തേണ്ടതാണ്.

### 3.1.18 നിഗമനം

രണ്ടു ജില്ലകളിലെ 16 ഗ്രാമപഞ്ചായത്തുകളിൽ എൻറിഗയുടെ നടത്തിപ്പിനെപ്പറ്റി നടത്തിയ അവലോകനത്തിൽ 20.50 ലക്ഷം തൊഴിൽദിനങ്ങൾ 2.14 ലക്ഷം തൊഴിൽകാർഡുകൾ നൽകിയപ്പോൾ സൃഷ്ടിക്കപ്പെട്ടതായി കണ്ടു. ഇതിന് മൊത്തച്ചെലവ് 27.90 കോടി രൂപയായിരുന്നു. ജില്ലകൾക്കനുവദിച്ച 48.36 കോടി രൂപയിൽ 58 ശതമാനം ഗ്രാമപഞ്ചായത്തുകൾ ഈയിനത്തിൽ വിനിയോഗിച്ചു.

തൊഴിൽ സൃഷ്ടിക്കുന്നതിനും സ്ഥിരവും ഉപയോഗപ്രദവുമായ ആസ്തികൾ നിർമ്മിക്കുന്നതിനും പറ്റിയ പ്രവൃത്തികൾ കണ്ടെത്തുന്നതിലേക്കായി പഞ്ചായത്തുകൾ ഗ്രാമസഭകളിലൂടെ ഗ്രാമീണജനതയെ ഉൾപ്പെടുത്തി ജനപങ്കാളിത്തത്തോടെയുള്ള ആസൂത്രണം നടപ്പാക്കാൻ പദ്ധതി വിഭാവനം ചെയ്യുന്നു. എന്നാൽ വയനാട് ജില്ലയിൽ ജില്ലാ പരിപ്രേക്ഷ്യ പദ്ധതി തയ്യാറാക്കിയില്ല എന്നു കണ്ടെത്തി. പാലക്കാട് ജില്ലയിലാകട്ടെ, ജില്ലാ പരിപ്രേക്ഷ്യ പദ്ധതി തയ്യാറാക്കിയെങ്കിലും അത് ജില്ലാ പഞ്ചായത്ത് അംഗീകരിച്ചില്ല. എൻറിഗയുടെ നടത്തിപ്പിലേക്കായി ചട്ടങ്ങൾ ഉണ്ടാക്കാതിരുന്നത് പദ്ധതിയുടെ വിവിധ ഘട്ടങ്ങളെ പ്രതികൂലമായി ബാധിച്ചു.

രണ്ടു ജില്ലകളിലായി ആകെയുള്ള 2.68 ലക്ഷം രജിസ്റ്റർ ചെയ്ത കുടുംബങ്ങളിൽ 1.05 ലക്ഷം കുടുംബങ്ങൾ മാത്രമേ തൊഴിൽ ആവശ്യപ്പെട്ടുള്ളൂ. എന്നാൽ 0.99 ലക്ഷം കുടുംബങ്ങൾക്കേ തൊഴിൽ നൽകിയുള്ളൂ. ഇതിൽതന്നെ, 100 ദിവസം തൊഴിൽ ലഭിച്ച കുടുംബങ്ങൾ തൊഴിലാവശ്യപ്പെട്ടവരുടെ 0.45-ഉം 0.59-ഉം ശതമാനത്തിന്

ഇടയ്ക്കായിരുന്നു. തൊഴിലില്ലായ്മാവേതനം ഒട്ടും നൽകിയതുമില്ല. തൊഴിൽ ആവശ്യപ്പെട്ടതിന്റെ വിവരങ്ങൾ സമാഹരിച്ചിട്ടില്ലാത്തതിനാൽ, കൊടുക്കേണ്ടിയിരുന്ന തൊഴിലില്ലായ്മാവേതനം നിർണ്ണയിക്കാൻ കഴിഞ്ഞില്ല. വേതനം നൽകുന്നതിലെ കാലതാമസവും തൊഴിൽ കാർഡുകൾ തയ്യാറാക്കി വിതരണം ചെയ്യുന്നതിലെ പിഴവുകളും ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. കുടുംബങ്ങൾ രജിസ്റ്റർ ചെയ്യുന്നതിൽ നിയന്ത്രണം ഏർപ്പെടുത്തിയതായും കണ്ടു.

ഗ്രാമസഭകൾ കൃത്യമായി കൂടുന്നതിലൂടെയും സാമൂഹിക ഓഡിറ്റ് നടത്തുന്നതിലൂടെയും സുതാര്യത ഉറപ്പാക്കുക എന്നത് ഈ പദ്ധതിയുടെ നൂതനമായ ഒരു സവിശേഷതയായിരുന്നു. എന്നാൽ പദ്ധതി നടത്തിപ്പിനെപ്പറ്റി അവലോകനം ചെയ്യാനുള്ള സാമൂഹിക ഓഡിറ്റ് നടത്തിയിട്ടില്ല എന്നു കണ്ടെത്തി. പദ്ധതിയുടെ ഒരു പ്രധാന ലക്ഷ്യത്തെത്തന്നെ പരാജയപ്പെടുത്തുന്നതിന് ഇതിടയാക്കി. തുടർനിരീക്ഷണ സമ്പ്രദായവും നിലവിലില്ലായിരുന്നു.

## 3.1.19 ശിപാർശകൾ

- എൻറിഗ നടപ്പാക്കുന്നതിനുള്ള നിയമങ്ങൾക്ക് സർക്കാർ രൂപം നൽകണം. രജിസ്റ്റർ ചെയ്ത എല്ലാ കുടുംബങ്ങൾക്കും 100 ദിവസത്തെ തൊഴിൽ നൽകുന്നതിന് ഗ്രാമപഞ്ചായത്തുകളെയും പ്രോഗ്രാം ഓഫീസർമാരെയും ജില്ലാ പ്രോഗ്രാം കോ-ഓർഡിനേറ്റർമാരെയും പ്രാപ്തമാക്കുന്ന വിധത്തിൽ ആസൂത്രണ പ്രക്രിയ ശക്തമാക്കണം.
- ഭൂരിഭാഗം തൊഴിൽകാർഡ് ഉടമകളും തൊഴിലിന് അപേക്ഷിക്കാതിരുന്നത് എന്തുകൊണ്ടാണെന്ന് സർക്കാർ വിശകലനം നടത്തണം.
- തൊഴിലില്ലായ്മവേതനം നൽകാതിരുന്നതിന്റെ കാരണം സർക്കാർ പരിശോധിക്കണം. എല്ലാ ഗുണഭോക്താക്കൾക്കും കുറഞ്ഞ വേതനം ഉറപ്പുവരുത്തുന്നതിനുവേണ്ടി ജില്ലാ ഷെഡ്യൂൾ നിരക്കുകൾ തയ്യാറാക്കാൻ സർക്കാർ ഉടൻ നടപടി കൈക്കൊള്ളണം.
- ആസൂത്രണം മുതൽ വേതന വിതരണം വരെയുള്ള എല്ലാ പ്രവർത്തനങ്ങളും സർക്കാർ തുടർനിരീക്ഷിക്കുകയും നിയമത്തിൽ വിവരിച്ചിരിക്കുന്നതുപോലെ തന്നെ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്നു എന്നുറപ്പുവരുത്തുകയും വേണം.
- പദ്ധതിയുടെ സ്വാധീനം വിലയിരുത്തി അതിന്റെ നടത്തിപ്പ് കൂടുതൽ ശക്തമാക്കണം.

## അനുബന്ധം V

## വേതന വിതരണത്തിലെ കാലതാമസം

(പരാമർശം ഖണ്ഡിക 3.1.12.3)

| ക്രമ നമ്പർ | ഗ്രാമപഞ്ചായത്ത് | പരിശോധിച്ച പ്രവൃത്തികൾ | കാലതാമസം (ദിവസത്തിൽ) |
|---|---|---|---|
| 1 | കിഴക്കഞ്ചേരി | 20 | 3 മുതൽ 39 |
| 2 | മീനങ്ങാടി | 1 | 3 മുതൽ 12 |
| 3 | വൈത്തിരി | 25 | 8 മുതൽ 39 |
| 4 | മൂപ്പയിനാട് | 1 | 1 മുതൽ 5 |
| 5 | നെന്മേനി | 50 | 3 മുതൽ 13 |
| 6 | പൂതാടി | 65 | 18 |
| 7 | മേപ്പാടി | 3 | 19 മുതൽ 56 |
| 8 | കോട്ടത്തറ | 26 | 4 മുതൽ 14 |
| | ആകെ | 191 | |

## അനുബന്ധം VI

## തൊഴിലില്ലായ്മ്മവേതനത്തിന്റെ കണക്കാക്കൽ

(പരാമർശം ഖണ്ഡിക 3.1.13.1)

| | | |
|---|---|---|
| 1 | തൊഴിൽ ആവശ്യപ്പെട്ട രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 1,04,927 |
| 2 | നൂറുദിവസത്തെ തൊഴിൽ നൽകിയാൽ സൃഷ്ടിക്കാമായിരുന്ന തൊഴിൽ ദിനങ്ങൾ (1x100) | 1,04,92,700 |
| 3 | യഥാർത്ഥത്തിൽ സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ | 20,50,075 |
| 4 | തൊഴിൽ ദിനങ്ങളിലെ കുറവ് (2-3) | 84,42,625 |
| 5 | 100 ദിവസം തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 537 |
| 6 | തൊഴിലില്ലായ്മവേതനത്തിന് അർഹരായ കുടുംബങ്ങളുടെ എണ്ണം | 1,04,390 |
| 7 | കൊടുക്കേണ്ടിയിരുന്ന തൊഴിലില്ലായ്മവേതന 104390 കുടുംബങ്ങൾക്ക് 8442625 തൊഴിൽ ദിനങ്ങൾക്കായി ഓരോ കുടുംബത്തിനും 12,500 രൂപ ലഭിക്കുന്നതു വരെ കണക്കാക്കിയത് | 1,05,53,28,125 |

## അനുബന്ധം VII

## ടേപ്പ് ഉപയോഗിച്ചുള്ള അളവുമൂലം കൊടുക്കേണ്ടിവന്ന അധിക തുക

(പരാമർശം ഖണ്ഡിക 3.1.14.3)

| ക്രമ നമ്പർ | ഗ്രാമ പഞ്ചായത്ത് | പ്രവൃത്തികളുടെ എണ്ണം | ടേപ്പ് അളവ് പ്രകാരം കൊടുത്ത തുക (രൂപ) | 15% നിരക്കിൽ വരുത്തേണ്ടിയിരുന്ന കുറവ് (രൂപ) | യഥാർത്ഥത്തിൽ കൊടുക്കേണ്ടിയിരുന്ന തുക (രൂപ) | അധികമായി കൊടുത്തത് (രൂപ) |
|---|---|---|---|---|---|---|
| 1 | പൂതാടി | 22 | 6,44,293 | 96,644 | 5,47,649 | 96,644 |
| 2 | നെന്മേനി | 2 | 61,293 | 9,194 | 52,099 | 9,194 |
| 3 | പുൽപ്പള്ളി | 2 | 59,153 | 8,873 | 50,280 | 8,873 |
| 4 | മീനങ്ങാടി | 10 | 3,83,847 | 57,577 | 3,26,270 | 57,577 |
| | ആകെ | 36 | 11,48,586 | 1,72,288 | 9,76,298 | 1,72,288 |

[കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ 2006-2007 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3.1 (ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം നടപ്പിലാക്കൽ)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് ഗവൺമെന്റ് നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

1. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നിയമം നിലവിൽ വന്നതുമുതൽ ആറുമാസത്തിനകം നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി സംസ്ഥാനങ്ങൾ തങ്ങളുടെ പദ്ധതിക്ക് രൂപം നൽകി നടപ്പിലാക്കേണ്ടതായിരിക്കെ ടി പദ്ധതി നടപ്പിലാക്കുന്നതിൽ കാലതാമസം ഉണ്ടാകാനുള്ള കാരണമെന്താണെന്ന് സമിതി ആരാഞ്ഞു.

2. കേന്ദ്രസർക്കാരിന്റെ നോട്ടിഫിക്കേഷൻ വന്നത് 2-2-2006-ലാണെന്നും സംസ്ഥാനത്ത് 12-ാമത് നിയമസഭാ തെരഞ്ഞെടുപ്പിന് വിജ്ഞാപനം പുറപ്പെടുവിച്ചതിനാൽ ടി പദ്ധതി സംബന്ധിച്ചുള്ള മുഴുവൻ പ്രവർത്തനങ്ങളും നിറുത്തിവയ്ക്കേണ്ടതായി വന്നുവെന്നും ടി പദ്ധതി മറ്റ് തൊഴിൽ പദ്ധതികളിൽ നിന്നും വ്യത്യസ്തമായതിനാൽ ഇതു സംബന്ധിച്ച് പലവട്ടം ചർച്ചകൾ നടത്തേണ്ടതായി വന്നതിനാൽ കാലതാമസം ഉണ്ടായിയെന്നും പദ്ധതി നിർവ്വഹണത്തിനാവശ്യമായ പ്രാഥമിക കാര്യങ്ങൾ ഇക്കാലയളവിൽ സ്വീകരിക്കുകയുണ്ടായെന്നും തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി വെളിപ്പെടുത്തി.

3. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് തൊഴിലിനായി രജിസ്റ്റർ ചെയ്തിട്ടുള്ള ഏതെങ്കിലും കുടുംബത്തിന് തൊഴിൽ നൽകാതിരുന്നാൽ അവർക്ക് തൊഴിലില്ലായ്മ വേതനം നൽകാൻ കേന്ദ്ര നിയമത്തിൽ വ്യവസ്ഥയുണ്ടോയെന്നും അത്തരത്തിൽ എത്രപേർ അപേക്ഷ നല്കിയിട്ടുണ്ടെന്നും എത്ര പേർക്ക് തൊഴിലില്ലായ്മ വേതനം അനുവദിച്ച് നൽകിയിട്ടുണ്ടെന്നും സമിതി ആരാഞ്ഞതിന് വയനാട്, പാലക്കാട് ജില്ലകളിൽ നിന്നും ഓരോ അപേക്ഷവീതം ലഭിച്ചിട്ടുണ്ടെന്ന് ബന്ധപ്പെട്ട ഓഫീസർ അറിയിച്ചു.

4. കേന്ദ്ര നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി സംസ്ഥാന സർക്കാർ നിശ്ചിത സമയത്തിനുള്ളിൽ ചട്ടങ്ങൾക്ക് രൂപം കൊടുക്കണമായിരുന്നുവെന്നും നിയമം നിലവിൽവന്നിട്ട് 2 വർഷമായിട്ടും പദ്ധതി രൂപീകരണം സംബന്ധിച്ച് ചട്ടങ്ങൾ തയ്യാറാക്കുന്നതിൽ എന്തുകൊണ്ട് കാലതാമസം ഉണ്ടായിയെന്നും ഇപ്പോൾ ചട്ടങ്ങൾ വിജ്ഞാപനം ചെയ്തിട്ടുണ്ടോയെന്നും സമിതി ആരാഞ്ഞു.

5. മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഒരു പുതിയ പദ്ധതിയായിരുന്നതിനാൽ പദ്ധതി നിർവ്വഹണത്തിലെ വിവിധ വശങ്ങൾ മനസ്സിലാക്കിയതിനുശേഷമേ കരട് ചട്ടങ്ങൾ രൂപീകരിക്കാൻ കഴിയുമായിരുന്നുള്ളുവെന്നും ഇപ്പോൾ ചട്ടങ്ങൾ പുറപ്പെടുവിച്ച് വിജ്ഞാപനം ചെയ്തിട്ടുണ്ടെന്നും ഇംഗ്ലീഷ് ഭാഷയിൽ തയ്യാറാക്കിയ ചട്ടങ്ങളുടെ പ്രതി സമിതിക്ക് സമർപ്പിച്ചുകൊണ്ട് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു. ടി ചട്ടങ്ങളുടെ മലയാളത്തിലുള്ള കോപ്പികൾ പഞ്ചായത്തുകളിൽ സാധാരണ ജനങ്ങൾക്ക് വിതരണം ചെയ്യുന്നതിനായി ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

6. പാലക്കാട് ജില്ലയിൽ ജില്ലാ പരിപ്രേക്ഷ്യ പദ്ധതി തയ്യാറാക്കിയിരുന്നെങ്കിലും അത് ജില്ലാ പഞ്ചായത്ത് അംഗീകരിക്കുകയും യഥാസമയം ഗ്രാമവികസന മന്ത്രാലയത്തിന് അയച്ചുകൊടുക്കുകയും ചെയ്യാതിരുന്നത് എന്തുകൊണ്ടാണ് എന്ന് സമിതി ആരാഞ്ഞു. പാലക്കാട് ജില്ലയിൽ മഹാത്മാ ഗാന്ധി NREGS പരിപ്രേക്ഷ്യ പദ്ധതി 24-8-2007-ന് അംഗീകരിച്ചിട്ടുണ്ടെന്നും കേന്ദ്രസർക്കാർ 15-11-2007 വരെ ജില്ലാ പരിപ്രേക്ഷ്യപദ്ധതി അംഗീകരിക്കുന്നത് സംബന്ധിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടില്ലായിരുന്നുവെന്നും പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു. ഇപ്പോൾ എല്ലാ ജില്ലകളിലും പരിപ്രേക്ഷ്യ പദ്ധതി തയ്യാറാക്കുകയും എംപ്ലോയ്മെന്റ് ഗ്യാരന്റി കൗൺസിലിൽ അംഗീകരിക്കുന്നതിന് ഒരു സബ്കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു. എല്ലാ ജില്ലകളിലും ജില്ലാ പരിപ്രേക്ഷ്യ പദ്ധതി തയ്യാറാക്കിയിട്ടുണ്ടെന്നും അംഗീകരിച്ചാൽ മാത്രം മതിയെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ വയനാട് ജില്ല സംബന്ധിച്ച ചോദ്യത്തിന് മറുപടി നൽകി.

7. ഓരോ വർഷവും മുൻഗണനാടിസ്ഥാനത്തിൽ ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ ഏതൊക്കെയാണെന്ന് നിശ്ചയിക്കുന്ന വാർഷിക പദ്ധതിക്ക് രൂപം കൊടുക്കുന്നതിൽ വീഴ്ചയുണ്ടെന്ന് സമിതി ചൂണ്ടിക്കാട്ടി. വാർഷിക പദ്ധതികളുടെ രൂപീകരണത്തിൽ ഗ്രാമസഭകളുടെ സജീവ പങ്കാളിത്തം ഉറപ്പുവരുത്തുന്നുണ്ടോയെന്ന് സമിതി ആരാഞ്ഞു.

8. പദ്ധതിയുടെ ആസൂത്രണപ്രക്രിയയിൽ ജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിനായി അയൽക്കൂട്ടതലത്തിൽ പദ്ധതി തയ്യാറാക്കുന്നതിന് 23-6-2007-ലെ ഉത്തരവ് പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ടെന്നും കുടുംബശ്രീ, അയൽക്കൂട്ടങ്ങൾ എന്നിവ പദ്ധതികൾ തയ്യാറാക്കി സമാഹരിച്ച് വാർഡുതല ഗ്രാമസഭായോഗങ്ങൾ അംഗീകരിച്ച് പഞ്ചായത്തുതല കർമ്മപദ്ധതി തയ്യാറാക്കുന്നുവെന്നും പ്രസ്തുത പ്രക്രിയയിൽ വിവിധവിഭാഗം ജനങ്ങളെ, പ്രത്യേകിച്ച് സ്ത്രീകളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നുണ്ടെന്നും പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

9. 2007-08 വർഷം മുതൽ തൊഴിൽ ബഡ്ജറ്റ് എല്ലാ ജില്ലകളിലും തയ്യാറാക്കുന്നുണ്ടെന്നും അതു സംബന്ധിച്ച ചോദ്യത്തിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ മറുപടി നൽകി.

10. സംസ്ഥാന തൊഴിലുറപ്പുഫണ്ടിനും ആയത് വിനിയോഗം ചെയ്യുന്നതിനുള്ള ചട്ടങ്ങൾക്കും നാളിതുവരെ രൂപം നൽകിയിട്ടില്ലാത്തതിനുള്ള വിശദീകരണം സമിതി ആരാഞ്ഞു. സംസ്ഥാന തൊഴിലുറപ്പുഫണ്ട് ചട്ടങ്ങൾ രൂപീകരിച്ചിട്ടുണ്ടെന്നും ടി ഫണ്ടിലേക്കുള്ള കേന്ദ്രവിഹിതം ലഭ്യമാകാത്തതിനാൽ ആയത് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായും പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു. പാലക്കാട് ജില്ലാ പ്രോഗ്രാം കോ-ഓർഡിനേറ്ററുടെ കണക്കും ബാങ്ക് അക്കൗണ്ടിലെ നീക്കിയിരുപ്പും തമ്മിൽ പൊരുത്തക്കേടുകൾ ഉണ്ടായത് സംബന്ധിച്ചുള്ള വിശദീകരണം സമിതി ആരാഞ്ഞതിന് സമയബന്ധിതമായി ബാങ്ക് അക്കൗണ്ടുകളുമായി റിക്കൺസിലിയേഷൻ നടത്താത്തതുമൂലം സംഭവിച്ചതാണ് പ്രസ്തുത പിഴവെന്നും ആയത് പരിഹരിച്ചിട്ടുണ്ടെന്നും പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു. മഹാത്മാ ഗാന്ധി തൊഴിലുറപ്പ് പദ്ധതിയുടെ നടത്തിപ്പ് പരിശോധിക്കാനും പോരായ്മകൾ പരിഹരിക്കാനും ആയതിനായി രൂപീകൃതമായിട്ടുള്ള സംസ്ഥാനതല സമിതിക്ക് അധികാരമുണ്ടെങ്കിലും ടി സമിതി പ്രസ്തുത അധികാരം ഫലപ്രദമായി വിനിയോഗിക്കുന്നില്ലെന്ന് സമിതി അഭിപ്രായപ്പെട്ടു.

11. മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം പദ്ധതിയുടെ പണം സൂക്ഷിക്കുന്നതിന് പൊതുമേഖലാ ബാങ്കുകളിൽ മാത്രമേ അക്കൗണ്ട് തുടങ്ങാവൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും പാലക്കാട് ജില്ലയിൽ ജില്ലാ പ്രോഗ്രാം കോ-ഓർഡിനേറ്ററും ഗ്രാമപഞ്ചായത്തുകളും ഇടപാട് നടത്താത്ത ബാങ്ക് അക്കൗണ്ടുകളിലും സ്വകാര്യബാങ്കുകളിലെ അക്കൗണ്ടുകളിലും പണം സൂക്ഷിച്ചത് സംബന്ധിച്ചുള്ള വിശദീകരണം സമിതി ആരാഞ്ഞു. 20-3-2006-ലെ

ജി.ഒ. (Ms.)81/2006/ത.സ്വ.ഭ.വ. പ്രകാരം ജില്ലാ പ്രോഗ്രാം കോ-ഓർഡിനേറ്റർക്ക് മഹാത്മാ ഗാന്ധി എൻ.ആർ.ഇ.ജി.എ.യിൽ തൊഴിലാളികളുടെ വേതനം, വിതരണം ചെയ്യുന്നതിനുള്ള ബാങ്കുകളെ തെരഞ്ഞെടുക്കുവാൻ അനുവാദം നൽകിയിരുന്നുവെന്നും പാലക്കാട് ജില്ലയിൽ ജില്ലാതല ബാങ്കേഴ്സ് കമ്മിറ്റികളുടെ തീരുമാനപ്രകാരമാണ് ജില്ലാ പ്രോഗ്രാം കോ-ഓർഡിനേറ്റർ പത്ത് പൊതുമേഖലാ ബാങ്കുകളിലും അഞ്ച് ഷെഡ്യൂൾഡ് ബാങ്കുകളിലും അക്കൗണ്ടുകൾ തുടങ്ങിയതെന്നും ചില ഗ്രാമപഞ്ചായത്ത് അതിർത്തികളിൽ പൊതുമേഖലാ ബാങ്കുകളുടെ പ്രവർത്തനമേഖല ഇല്ലാത്തതുകൊണ്ടാണ് ഷെഡ്യൂൾഡ് ബാങ്കുകളിൽ അക്കൗണ്ടുകൾ തുടങ്ങിയതെന്നും ഇടപാട് നടത്താത്ത ബാങ്കുകളിലെ അക്കൗണ്ടുകൾ 1-12-2008 മുതൽ ക്ലോസ് ചെയ്തിട്ടുണ്ടെന്നും നിലവിൽ 4 പൊതുമേഖലാ ബാങ്കുകൾവഴി മാത്രമാണ് പ്രസ്തുത പണമിടപാടുകൾ നടത്തുന്നതെന്നും സെക്രട്ടറി അറിയിച്ചു.

12. വിവിധ സ്രോതസ്സുകളിൽനിന്നും ലഭിച്ച തുകയുടെ വിനിയോഗവും കുറഞ്ഞതായി കാണുന്നുവെന്നും ഓരോ ജില്ലയിലും എത്ര തുകവീതം നീക്കിയിരിപ്പുണ്ടെന്നതിന്റെ വിശദവിവരം ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിച്ചു.

13. സംസ്ഥാനത്ത് 104927 കുടുംബങ്ങൾ തൊഴിൽ ആവശ്യപ്പെട്ടിരുന്നെങ്കിലും 20 ശതമാനത്തിൽ താഴെ കുടുംബങ്ങൾക്കു മാത്രമേ തൊഴിൽ നൽകാൻ സാധിച്ചിട്ടുള്ളുവെന്നതിന്റെ കാരണം സമിതി ആരാഞ്ഞു. കേരളത്തിൽ പലയിടങ്ങളിലും ശാരീരികാധ്വാനമുള്ള തൊഴിലിലേർപ്പെടുക എന്ന ലക്ഷ്യത്തോടെ മാത്രമല്ല, തൊഴിലിനായി രജിസ്റ്റർ ചെയ്തിരിക്കുന്നതെന്നും ഇതിനെ ഭാവിയിലൊരു സ്ഥിരവരുമാനത്തിനുള്ള ഗവൺമെന്റ് സ്കീമായി മാത്രം കാണുന്ന ധാരാളം പേരുള്ളതിനാൽ രജിസ്ട്രേഷൻ അനുസരിച്ചുള്ള ഡിമാന്റ്, തൊഴിലിന് വരുന്നില്ലായെന്നും പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു.

14. കാർഷിക മേഖലയിൽ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെട്ടവരെ ഉപയോഗിക്കാൻ കഴിയാത്തതുകൊണ്ട് നെൽകൃഷി മേഖലയിൽ വലിയ പ്രതിസന്ധി നേരിടുകയാണെന്നും അതിന് പരിഹാരമായി പരിമിതകർഷകർക്കെങ്കിലും ഈ തൊഴിലുറപ്പ് പദ്ധതി അവരുടെ കൃഷിഭൂമിയിൽ ഉപയോഗിക്കാൻ കഴിയണമെന്നും തൊഴിലുറപ്പു പദ്ധതിയിൽ കാർഷിക മേഖലയെക്കൂടി ഉൾപ്പെടുത്തേണ്ടതാണെന്നും സമിതി അഭിപ്രായപ്പെട്ടു. തൊഴിലുറപ്പ് പദ്ധതിയിൽ കാർഷിക മേഖലയെക്കൂടി ഉൾപ്പെടുത്തണമെന്ന ആവശ്യം കേന്ദ്രഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നെങ്കിലും അനുകൂലമായ സമീപനമല്ല ലഭിച്ചതെന്ന് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു.

15. യഥാസമയം ഗ്രാമസഭകൾ വിളിച്ചുകൂട്ടുന്നതിലും പദ്ധതിയെക്കുറിച്ച് ഗുണഭോക്താക്കളെ ബോധവൽക്കരിക്കുന്നതിലും എന്തുകൊണ്ട് വീഴ്ച സംഭവിച്ചുവെന്ന സമിതിയുടെ

ചോദ്യത്തിന് ഇതൊരു പുതിയ പദ്ധതി ആയിരുന്നതിനാൽ ആരംഭത്തിൽ കുറച്ച് താമസം ഉണ്ടായിട്ടുണ്ടെന്നും ഇപ്പോൾ അയൽക്കൂട്ടതലത്തിൽ യോഗങ്ങൾ വിളിച്ചുകൂട്ടി ഈ പദ്ധതിയുടെ ഗുണഫലങ്ങളെക്കുറിച്ച് ഗുണഭോക്താക്കളെ ബോധവൽക്കരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ഈ വർഷം ആയിരം കോടിയോളം രൂപയുടെ ചെലവാണ് പ്രതീക്ഷിക്കുന്നതെന്നും പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു.

16. വീടുവീടാന്തരമുള്ള സർവ്വേ ഫലപ്രദമായി നടക്കുന്നുണ്ടോയെന്ന് സമിതി ആരാഞ്ഞു. പല സ്ഥലങ്ങളിലും ഇപ്പോൾ പഞ്ചായത്തുകളുടെ നേതൃത്വത്തിൽ വീടുവീടാന്തര സർവ്വേകൾ നടത്തുന്നുണ്ടെന്നും ഈ പദ്ധതിയിലേക്ക് എല്ലാ പട്ടികജാതി/പട്ടികവർഗ്ഗ കുടുംബങ്ങളേയും കൊണ്ടുവരിക എന്ന ലക്ഷ്യത്തോടുകൂടി അവരുടെ കോളനികൾ കേന്ദ്രീകരിച്ച് ഡോർ ടു ഡോർ സർവ്വേകൾ നടത്തുന്നുണ്ടെന്നും പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു. സമൂഹത്തിലെ എല്ലാ വിഭാഗങ്ങളിലുംപെട്ട ദരിദ്രകുടുംബങ്ങളിലും ടി പദ്ധതിയെക്കുറിച്ച് ബോധവൽക്കരണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

17. പദ്ധതിയെപ്പറ്റിയും അതിന്റെ ഗുണഫലങ്ങളെപ്പറ്റിയും യാതൊരറിവുമില്ലാത്ത ദരിദ്രകുടുംബത്തിൽപ്പെട്ടവർക്ക് കുറഞ്ഞ വേതനം 125 രൂപ നൽകേണ്ടതിനുപകരം അതിലും കുറഞ്ഞ തുക നൽകിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് സമിതി ആരാഞ്ഞതിന് കേരളത്തിൽ പദ്ധതിപ്രകാരമുള്ള വേതനം നൽകുന്നത് പീസ് റേറ്റ് സിസ്റ്റമനുസരിച്ചാണെന്നും ചെയ്യുന്ന ജോലി കുറയുമ്പോൾ ആനുപാതികമായി വേതനം കുറയുമെന്നും സ്ത്രീകൾക്കും പുരുഷൻമാർക്കും പ്രായമായവർക്കും ഒരുപോലെ വേതനം ലഭിക്കുമെന്ന നേട്ടം ഈ സമ്പ്രദായത്തിനുണ്ടെന്നും എൻ.ആർ.ഇ.ജി.എസ്. സെൽ എ.ഡി.സി. അറിയിച്ചു.

18. പ്രസ്തുത പദ്ധതിയിൻകീഴിൽ തൊഴിലിനുവേണ്ടി വിവിധ ജില്ലകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കുടുംബങ്ങളുടെ എണ്ണത്തിലുള്ള വ്യത്യാസം സംബന്ധിച്ചുള്ള വിശദീകരണം സമിതി ആരാഞ്ഞു. പദ്ധതിയിൽ രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണത്തിൽ യഥാർത്ഥത്തിൽ തൊഴിൽ ആവശ്യമുള്ള കുടുംബങ്ങളുടെ എണ്ണം പ്രതിഫലിക്കുന്നില്ലെന്നും മണ്ണിൽ കായികാദ്ധ്വാനം ചെയ്യുവാൻ തയ്യാറില്ലാത്തവരും തൊഴിലില്ലായ്മ വേതനം പോലുള്ള ആനുകൂല്യങ്ങൾ ലഭിക്കും എന്നുള്ള പ്രതീക്ഷയിലും ധാരാളംപേർ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു. സമൂഹത്തിൽ ഇന്ന് നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന തൊഴിൽ സംസ്കാരം വീണ്ടെടുക്കുന്നതിനുതകുന്ന തരത്തിലുള്ള തൊഴിൽ പ്രോജക്ടുകൾ സൃഷ്ടിക്കുന്നതിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ടെന്ന് സമിതി ചൂണ്ടിക്കാട്ടി.

19. പാലക്കാട് ജില്ലയിൽ 2006 ഫെബ്രുവരി മുതൽ ആഗസ്റ്റുവരെ രജിസ്ട്രേഷൻ നടപടികൾ നിർത്തിവച്ചതുസംബന്ധിച്ചുള്ള വിശദീകരണം സമിതി ആരാഞ്ഞു. പ്രസ്തുത കാലയളവിൽ രജിസ്ട്രേഷൻ നടപടികൾ നിർത്തിവച്ചിരുന്നില്ലെന്നും, ഇപ്പോഴും രജിസ്ട്രേഷൻ നടപടികൾ തുടർന്ന് വരുന്നതായും പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു. വയനാട്ടിൽ ടി വർഷം മുതൽ രജിസ്ട്രേഷൻ നടപടികൾ തുടരുകയും മറ്റു ജില്ലകളിൽ തെരഞ്ഞെടുപ്പിനോടനുബന്ധിച്ചുള്ള നിരോധനംമൂലം ടി നടപടികൾ നിർത്തിവച്ചിരുന്നതും സംബന്ധിച്ച വിശദീകരണം ലഭ്യമാക്കണമെന്ന് സമിതി ആവശ്യപ്പെട്ടു.

20. അപേക്ഷ ലഭിച്ച് രണ്ടാഴ്ചയ്ക്കകം ഗ്രാമപഞ്ചായത്തുകൾ രജിസ്റ്റർ ചെയ്ത കുടുംബങ്ങൾക്ക് സ്വന്തം ചെലവിൽ തൊഴിൽ കാർഡുകൾ നൽകേണ്ടതുണ്ടായിരുന്ന വെങ്കിലും പട്ടികജാതി/പട്ടികവർഗ്ഗക്കാരല്ലാത്ത കുടുംബങ്ങളോട് തൊഴിൽ കാർഡിൽ പതിക്കുന്നതിനുവേണ്ടി ഫോട്ടോകൾ അവരവരുടെ ചെലവിൽ ഹാജരാക്കാൻ നിർദ്ദേശിച്ചത് സംബന്ധിച്ചുള്ള വിശദീകരണം സമിതി ആരാഞ്ഞു. ഫോട്ടോയുടെ ചെലവ് അവരവർതന്നെ വഹിക്കണമെന്ന് ആദ്യം നിർദ്ദേശമുണ്ടായിരുന്നുവെന്നും പിന്നീട് അതിൽ മാറ്റം വരുത്തുകയുണ്ടായെന്നും, ഇപ്പോൾ എല്ലാ ജില്ലകളിലും ഫോട്ടോയുടേത് ഉൾപ്പെടെയുള്ള ചെലവ് സർക്കാരാണ് വഹിക്കുന്നതെന്നും പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു. ഫോട്ടോയുടേത് ഉൾപ്പെടെയുള്ള ചെലവ് സർക്കാർ വഹിക്കുമെന്ന് വ്യക്തമായി പറഞ്ഞിട്ടുള്ള സാഹചര്യത്തിൽ പട്ടികജാതി/പട്ടികവർഗ്ഗക്കാരല്ലാത്ത കുടുംബങ്ങൾ ഫോട്ടോയുടെ ചെലവ് വഹിക്കണമെന്ന് നിർദ്ദേശം നൽകിയതിന് ഉത്തരവാദി ആരാണെന്നും, പ്രസ്തുത നിർദ്ദേശം നൽകിയത് ഏത് ഉത്തരവിന്റെ അടിസ്ഥാനത്തിലാ യിരുന്നുവെന്നും സംബന്ധിച്ച റിപ്പോർട്ട് ഒരു മാസത്തിനകം ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

21. തൊഴിൽ കാർഡിൽ വളരെ പ്രധാനപ്പെട്ട പല വിവരങ്ങളും രേഖപ്പെടുത്തി യിട്ടില്ലെന്നത് സംബന്ധിച്ച വിശദീകരണം സമിതി ആരാഞ്ഞു. ആദ്യഘട്ടത്തിൽ തൊഴിൽ കാർഡ് വിതരണം ചെയ്തപ്പോൾ ചില വിവരങ്ങൾ വിട്ടുപോയിട്ടുള്ളതായി കണ്ടെത്തിയതായും വിട്ടുപോയ വിവരങ്ങൾകൂടി ഉൾപ്പെടുത്തി തൊഴിൽ കാർഡ് പുതുക്കി നൽകുന്നതിന് ഇപ്പോൾ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ഇക്കാര്യത്തിൽ കുടുംബശ്രീ വോളന്റിയർമാരുടെ സേവനംകൂടി പ്രയോജനപ്പെടുത്തുന്നുവെന്നും പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു.

22. തൊഴിൽ കാർഡ് ഉടമകളിൽ തൊഴിലിന് അപേക്ഷിച്ചവർ വളരെ കുറവായത് സംബന്ധിച്ചുള്ള വിശദീകരണം സമിതി ആരാഞ്ഞു. രജിസ്റ്റർ ചെയ്ത മുഴുവൻ ആൾക്കാരും യഥാർത്ഥത്തിൽ തൊഴിൽ ആവശ്യമുള്ളവർ ആയിരുന്നില്ലെന്നും, അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ ഉയർന്ന് നിൽക്കുന്ന സംസ്ഥാനത്ത് ഭാവിയിൽ ചില നേട്ടങ്ങൾ

ഉണ്ടാകുമെന്ന പ്രതീക്ഷയിലാണ് വളരെയേറെപ്പേർ തൊഴിലിനായി പേര് രജിസ്റ്റർ ചെയ്യുതെന്നും സംസ്ഥാനത്ത് ഭൂരിഭാഗം പ്രദേശങ്ങളിലും കർഷക തൊഴിലാളികളുടെയും മറ്റ് വിഭാഗം തൊഴിലാളികളുടെയും കുറഞ്ഞവേതനം മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ മിനിമം വേതനത്തെക്കാൾ ഉയർന്നതായതിനാൽ പുരുഷന്മാർ കൂടുതലായി ഈ തൊഴിലിനെത്തിയിരുന്നില്ലെന്നും പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു. പദ്ധതി സംബന്ധിച്ചുള്ള ബോധവത്കരണം ഊർജ്ജിതപ്പെടുത്തേണ്ടതുണ്ടെന്നും സമിതി നിരീക്ഷിച്ചു.

23. ഗ്രാമപഞ്ചായത്തുകളിൽ തൊഴിലിന് അപേക്ഷിച്ചവർക്ക് തൊഴിൽ ദിനങ്ങൾ അനുവദിച്ചതിലുണ്ടായ ഏറ്റക്കുറച്ചിലുകളും ക്രമക്കേടുകളും സംബന്ധിച്ചുള്ള വിശദീകരണം സമിതി ആരാഞ്ഞു. തൊഴിൽ കാർഡ് ഉടമകൾ ആവശ്യപ്പെടുന്നത് അനുസരിച്ചാണ് തൊഴിൽ നൽകുന്നതെന്നും 100 ദിവസത്തേക്ക് തുടർച്ചയായി തൊഴിൽ ആവശ്യപ്പെടുന്ന രീതിയില്ല എന്നും ചില കുടുംബങ്ങൾ 100 ദിവസത്തേക്ക് തൊഴിലിന് ആദ്യം അപേക്ഷ സമർപ്പിച്ചിരുന്നെങ്കിലും അവർക്ക് ഒരുമിച്ച് 100 ദിവസത്തെ പണി ആവശ്യമില്ലായിരുന്നെന്നും, തൊഴിലാളികളുടെ ആവശ്യപ്രകാരമാണ് അപേക്ഷകളിൽ തിരുത്തലുകൾ വരുത്തി പലതവണയായി തൊഴിൽ നൽകിയതെന്നും പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു. എല്ലാ അപേക്ഷകർക്കും 100 ദിവസത്തെ തൊഴിൽദിനങ്ങൾ ലഭിക്കുന്നതിനാവശ്യമായ പ്രോജക്ടുകൾ തയ്യാറാക്കുന്നതിന് പഞ്ചായത്തുകൾ ശ്രദ്ധിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

24. തൊഴിലിന് അപേക്ഷിക്കുന്നവർക്ക് അപേക്ഷ ലഭിച്ചതിന് തെളിവായി തീയതി രേഖപ്പെടുത്തിയ രസീത് നൽകിയില്ലായെന്നത് സംബന്ധിച്ച് സമിതി വിശദീകരണം ആരാഞ്ഞു. ഇപ്പോൾ പഞ്ചായത്ത് സെക്രട്ടറിയുടെ തീയതിവച്ച ഒപ്പോടുകൂടിയ കൗണ്ടർഫോയിൽ നൽകുന്നുണ്ടെന്ന് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു.

25. തൊഴിലിനുള്ള അപേക്ഷകളിന്മേൽ നടപടി സ്വീകരിക്കുക, തൊഴിൽ അനുവദിക്കുക, വേതനവും തൊഴിലില്ലായ്മബത്തയും വിതരണം ചെയ്യുക തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തുന്നതിനായി ആഴ്ചയിൽ ഒരു നിശ്ചിത ദിവസം തൊഴിലുറപ്പ്ദിനമായി നീക്കിവയ്ക്കണമെന്ന മാർഗ്ഗനിർദ്ദേശം പാലിക്കപ്പെടാത്തത് സംബന്ധിച്ചുള്ള വിശദീകരണം സമിതി ആരാഞ്ഞു. ആഴ്ചയിൽ ഒരു ദിവസം തൊഴിലുറപ്പുദിനമായി ആചരിക്കാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ടെന്നും ആയത് ഉറപ്പുവരുത്താനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു.

26. 2006-07 കാലയളവിൽ പദ്ധതി കൈവരിച്ചനേട്ടം 20.68 ശതമാനം മാത്രമായത് എന്തുകൊണ്ടാണെന്ന് സമിതി ആരാഞ്ഞു. പദ്ധതിയുടെ വ്യാപനത്തിനായി ജനപങ്കാളിത്തം ഉറപ്പാക്കുന്നതിൽ ഇലക്ഷൻ പെരുമാറ്റച്ചട്ടം നിലവിൽ വന്നപ്പോൾ

കുറച്ച് പ്രയാസം നേരിട്ടുവെങ്കിലും ഇപ്പോൾ പഞ്ചായത്തുതലത്തിൽ കുടുംബശ്രീയുടെ വോളന്റിയേഴ്സ്, സി.ഡി.എസ്. വോളന്റിയേഴ്സ്, സാക്ഷരതാ വോളന്റിയേഴ്സ് എന്നിവർ ഭവനങ്ങൾതോറും സന്ദർശിച്ച് ജനപങ്കാളിത്തം ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു. പദ്ധതി വിജയപ്രദമാക്കുന്നതിനായി ജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

27. തൊഴിൽ അനുവദിച്ചുവിവരം തൊഴിൽ കാർഡ് ഉടമകളെ കാർഡിൽ രേഖപ്പെടുത്തിയിട്ടുള്ള മേൽവിലാസത്തിൽ കത്തുവഴി അറിയിക്കാതിരുന്നതുസംബന്ധിച്ച വിശദീകരണം സമിതി ആരാഞ്ഞു. ഇപ്പോൾ തൊഴിൽ അനുവദിച്ചുകൊണ്ടുള്ള നോട്ടീസ് പ്രവൃത്തി നടക്കുന്ന പ്രദേശത്ത് മുഖ്യസ്ഥാനത്ത് പതിക്കാറുണ്ടെന്നും, പ്രവൃത്തി അനുവദിച്ചുകൊണ്ടുള്ള നോട്ടീസിന് കുടുംബശ്രീ മേറ്റ് മുഖാന്തിരം തൊഴിലാളികളെ അറിയിക്കാറുണ്ടെന്നും, തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു.

28. പദ്ധതിയുമായി ബന്ധപ്പെട്ട നിയമം അനുശാസിക്കുന്ന അവകാശങ്ങളെയും അർഹതകളെയും സംബന്ധിച്ച അറിവില്ലായ്മ തൊഴിൽ ആവശ്യപ്പെടുന്ന തോത് കുറയ്ക്കാനിടയാക്കിയെന്ന ഓഡിറ്റ് പരാമർശത്തെ സംബന്ധിച്ച് സമിതി വിശദീകരണം ആരാഞ്ഞതിന് നിയമം അനുശാസിക്കുന്ന അവകാശങ്ങളെയും, അർഹതകളെയും സംബന്ധിച്ച് ഗുണഭോക്താക്കൾക്ക് കുടുംബശ്രീ, അയൽക്കൂട്ടങ്ങൾ, പരിശീലന ക്ലാസ്സുകൾ എന്നിവവഴി അവബോധം നൽകാറുണ്ടെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു.

29. പദ്ധതിയുടെ വേതനവിതരണം സംബന്ധിച്ചുള്ള വിശദാംശം സമിതി ആരാഞ്ഞതിന്, പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾപ്രകാരം ദിവസവേതനം കണക്കാക്കുന്ന ഘട്ടത്തിൽ Out turn norms-ലെ വ്യവസ്ഥകൾ പാലിക്കേണ്ടതുണ്ടെന്ന് തദ്ദേശസ്വയം ഭരണ വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു.

30. പദ്ധതിക്കായി നിഷ്കർഷിച്ചിട്ടുള്ള മിനിമം വേതനനിരക്കിലും കുറഞ്ഞ കൂലി ചില ഗ്രാമപഞ്ചായത്തുകളിൽ നൽകിയതായുള്ള ഓഡിറ്റ് പരാമർശത്തിന്മേൽ സമിതി വിശദീകരണം ആരാഞ്ഞു. സംസ്ഥാനത്ത് മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ പീസ് റേറ്റ് സിസ്റ്റമനുസരിച്ച് വേതനം നൽകുന്നതുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നതെന്നും ചെയ്യുന്ന ജോലിയുടെ അനുപാതത്തിലാണ് വേതനം വിതരണം ചെയ്യുന്നതെന്നും തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു. ടി പദ്ധതിയിൻകീഴിൽ ജോലിചെയ്യുന്ന തൊഴിലാളികൾക്കുള്ള കുറഞ്ഞ കൂലി 200 രൂപയെങ്കിലുമായി വർദ്ധിപ്പിക്കേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെട്ടു.

31. കുറഞ്ഞ വേതനനിരക്ക് ജോലി സ്ഥലത്ത് പ്രദർശിപ്പിക്കണമെന്നത് നിർബന്ധമായിരുന്നെങ്കിലും ഗ്രാമപഞ്ചായത്തുകളൊന്നും ജോലിസ്ഥലങ്ങളിൽ അത്

പ്രദർശിപ്പിച്ചിട്ടില്ലായെന്നും പരിശോധിച്ച ഗ്രാമപഞ്ചായത്തുകളിലെല്ലാം വേതനം തൊഴിലാളികളുടെ ബാങ്ക് അക്കൗണ്ടുകളിൽ നേരിട്ട് വരവ് വയ്ക്കുകയായിരുന്നു എന്നുമുള്ള ഓഡിറ്റ് പരാമർശത്തിന്മേൽ സമിതി വിശദീകരണം ആരാഞ്ഞു. പ്രോജക്ട് ഇനിഷിയേഷൻ മീറ്റിംഗ് തൊഴിലാളികളുടെ പങ്കാളിത്തത്തോടെ നടത്താറുണ്ടെന്നും പ്രസ്തുത മീറ്റിംഗുകളിൽ കുറഞ്ഞ വേതനം, അടങ്കലിന്റെ വിശദാംശങ്ങൾ, ചെയ്യേണ്ട പ്രവൃത്തിയുടെ വിശദാംശങ്ങൾ മുതലായവ ചർച്ച ചെയ്യാറുണ്ടെന്നും, സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് പ്രവൃത്തി സ്ഥലത്ത് പ്രദർശിപ്പിക്കാറുണ്ടെന്നും, വേതനവിതരണം ചെക്ക് മുഖാന്തിരം നൽകുന്നുണ്ടെന്നും പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു. ചില സ്ഥലങ്ങളിൽ പരാജയമുണ്ടായിട്ടുണ്ടെങ്കിലും അത് പരിഹരിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടെന്നും സെക്രട്ടറി അറിയിച്ചു.

32. വേതനവിതരണത്തിലുണ്ടായ കാലതാമസം സംബന്ധിച്ചുള്ള വിശദീകരണം സമിതി ആരാഞ്ഞു. പീസ് റേറ്റ് ആയതുകൊണ്ടും ആവശ്യമായ ഉദ്യോഗസ്ഥർ കുറവായതിനാലും വർക്കിന്റെ മെഷർമെന്റ് എടുത്ത് ഔട്ട്പുട്ട് നിശ്ചയിക്കുമ്പോൾ വേതന വിതരണത്തിന് 60 ദിവസം വരെ കാലതാമസം ഉണ്ടാകാറുണ്ടെന്ന് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു. വേതനവിതരണത്തിലുണ്ടാകുന്ന കാലതാമസം പദ്ധതിയുടെ നേട്ടങ്ങളെല്ലാം നഷ്ടപ്പെടുത്തുകയാണെന്നും വേതന വിതരണത്തിന് കുറ്റമറ്റ സമ്പ്രദായം ഉണ്ടാകണമെന്നും ഇതിനായി സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട് സമിതിക്ക് നല്കണമെന്നും സമിതി നിർദ്ദേശിച്ചു.

33. തൊഴിൽ കാർഡുകളിൽ വേതനവിതരണത്തിന്റെ വിവരങ്ങൾ രേഖപ്പെടുത്താതിരുന്നത് എന്തുകൊണ്ടാണെന്നുള്ള സമിതിയുടെ ചോദ്യത്തിന് നിലവിൽ അത് പരിഹരിച്ചിട്ടുണ്ടെന്ന് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു.

34. മസ്റ്റർ റോളുകളുടെ തെറ്റായ സൂക്ഷിപ്പ് സംബന്ധിച്ച് വിശദീകരണം ആരാഞ്ഞ സമിതിക്ക് മസ്റ്റർ റോളുകളിൽ കണ്ടെത്തിയ ക്രമക്കേടുകൾ പരിഹരിച്ചിട്ടുള്ളതായി പ്രിൻസിപ്പൽ സെക്രട്ടറി മറുപടി നൽകി.

35. എത്രപേർക്ക് തൊഴിലില്ലായ്മ‌ബത്ത നൽകിയിട്ടുണ്ട് എന്ന് സമിതി ആരാഞ്ഞതിന് രണ്ട് ജില്ലകളിൽ നിന്നായി രണ്ട് അപേക്ഷകൾ മാത്രമാണ് ലഭിച്ചിട്ടുള്ളതെന്നും അവർക്ക് തൊഴിലില്ലായ്മബത്ത അനുവദിച്ച് നൽകിയിട്ടുണ്ടെന്നും പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു.

36. പദ്ധതിപ്രകാരം തൊഴിലിനായി രജിസ്റ്റർ ചെയ്തവർക്ക് തൊഴിലില്ലായ്മബത്ത നൽകാതിരുന്നതെന്തുകൊണ്ടാണെന്ന് സമിതി ആരാഞ്ഞു. യഥാസമയം ഏതെങ്കിലും പഞ്ചായത്തിൽ തൊഴിലാളികൾക്ക് തൊഴിലില്ലായ്മബത്ത നൽകിയിട്ടില്ലെങ്കിൽ പരാതി പരിഹാരത്തിനായി ഒരു സംവിധാനം നിലവിലുണ്ടെന്നും പ്രസ്തുത പരാതിപരിഹാര സംവിധാനത്തിലൂടെ പരാതിപ്പെടാവുന്നതാണെന്നും പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു.

37. തൊഴിൽ നൽകിയതിലുണ്ടായ കുറവ് സംബന്ധിച്ച് സമിതി വിശദീകരണം ആരാഞ്ഞതിന് ഓഡിറ്റിൽ ചൂണ്ടിക്കാട്ടിയ പോരായ്മകൾ പരിഹരിച്ചിട്ടുണ്ടെന്ന് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു.

38. തൊഴിലില്ലായ്മ വേതനം ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷകൾ ഒന്നും ഇതുവരെയും ലഭിച്ചിട്ടില്ലെന്ന് ഇതുസംബന്ധിച്ച സമിതിയുടെ ചോദ്യത്തിന് പ്രിൻസിപ്പൽ സെക്രട്ടറി മറുപടി നൽകി.

39. സ്വകാര്യ വിദ്യാലയങ്ങളിൽ കളിസ്ഥലം നിർമ്മിച്ചത് സംബന്ധിച്ചുള്ള വിശദീകരണം സമിതി ആരാഞ്ഞതിൽ നീർത്തട മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിലാണ് ടി പ്രവൃത്തി ചെയ്തതെന്ന് സെക്രട്ടറി അറിയിച്ചു. കേരളത്തിലെ എല്ലാ വിദ്യാലയങ്ങളെയും തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി കുടിവെള്ളം, കിണർ വൃത്തിയാക്കൽ തുടങ്ങിയവ പ്രോജക്ട് ആയി ഏറ്റെടുക്കണമെന്ന് സമിതി അഭിപ്രായപ്പെടുകയുണ്ടായി.

40. ചില പ്രവൃത്തികൾക്ക് സാധനഘടകങ്ങളുടെയും തൊഴിലിന്റെയും അനുപാതം കുറഞ്ഞു കാണുന്നതെന്തുകൊണ്ടാണെന്നുള്ള സമിതിയുടെ ചോദ്യത്തിന് പ്രവൃത്തികൾ നടന്നുകൊണ്ടിരുന്ന അവസരത്തിലാണ് ഓഡിറ്റ് പരിശോധനയുണ്ടായതെന്നും എന്നാൽ ഓഡിറ്റിൽ പരാമർശിച്ചിട്ടുള്ള പ്രവൃത്തികൾ പൂർത്തീകരിച്ച അവസരത്തിൽ സാധനഘടകങ്ങളുടെയും തൊഴിലിന്റെയും അനുപാതം അനുവദനീയമായ പരിധികളുള്ളിൽ തന്നെയായിരുന്നുവെന്നും പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു.

41. പഞ്ചായത്തുകൾ വാങ്ങുന്ന തൊഴിലുറപ്പുപകരണങ്ങൾ ഉപയോഗശേഷം എന്താണ് ചെയ്യുന്നതെന്ന് സമിതി ആരാഞ്ഞതിന് പഞ്ചായത്ത് ഏരിയാ ഡെവലപ്മെന്റ് സൊസൈറ്റിയെ ഏൽപ്പിക്കുമെന്നും ഒരു നിശ്ചിതവാടക ഈടാക്കി എ.ഡി.എസ്. തൊഴിലാളികൾക്ക് നൽകുമെന്നും പ്രസ്തുത തുക ഉപയോഗിച്ചാണ് ഉപകരണങ്ങളുടെ മെയിന്റനൻസ് നടത്തുന്നതെന്നും അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ അറിയിച്ചു.

42. ചില പ്രവൃത്തികൾക്ക് സാധനഘടകങ്ങളുടെയും തൊഴിലിന്റെയും അനുപാതം വളരെ കുറഞ്ഞുകാണുന്നതെന്തുകൊണ്ടാണെന്ന് ആരാഞ്ഞതിന് തൊഴിലാളികൾതന്നെ ഉപകരണങ്ങൾ കൊണ്ടുവരുന്ന അവസരത്തിൽ പ്രസ്തുത അനുപാതം കുറയുന്നതാണെന്ന് പ്രോഗ്രാം ഓഫീസർ അറിയിച്ചു.

43. ടേപ്പ് ഉപയോഗിച്ചുള്ള അളവിൽ വരാവുന്ന വ്യതിയാനം കുറച്ചില്ലെന്നത് സംബന്ധിച്ച ഓഡിറ്റ് പരാമർശത്തിന്മേൽ സമിതി വിശദീകരണം ആരാഞ്ഞു. തൊഴിലാളികൾക്ക് കൃത്യസമയത്ത് വേതനം നൽകുന്നതിനുവേണ്ടിയാണ് പ്രവൃത്തികൾ ടേപ്പ് ഉപയോഗിച്ച് അളന്നതെന്നും 600 ഘനമീറ്ററിൽ കൂടുതലുള്ള മൺവേലകൾക്ക്

ടേപ്പ് കൊണ്ട് അളക്കുമ്പോൾ 15% കുറയ്ക്കണമെന്ന നിബന്ധന പദ്ധതിയിലെ പണികൾക്ക് നിർബന്ധമില്ലായെന്ന് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു. പി.ഡബ്ല്യു.ഡി. മാനദണ്ഡങ്ങളിൽ പറഞ്ഞതനുസരിച്ചുള്ള വേതനം നൽകണമെന്ന് സമിതി അഭിപ്രായപ്പെട്ടു.

44. വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താത്ത പ്രവൃത്തികൾ ഗ്രാമപഞ്ചായത്തുകൾ പദ്ധതിയിൻകീഴിൽ ഏറ്റെടുത്ത് നടപ്പാക്കിയത് സംബന്ധിച്ചുള്ള വിശദീകരണം സമിതി ആരാഞ്ഞതിന് ഗ്രാമസഭകൾ അംഗീകരിച്ച പദ്ധതികൾ മാത്രമാണ് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നതെന്നും വയനാട് ജില്ലയിൽ പ്രത്യേകമായി ആക്ഷൻ പ്ലാനുകൾ തയ്യാറാക്കി പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കുകയും പിന്നീട് അത് ഗ്രാമസഭകൾ അംഗീകരിക്കുകയും ചെയ്യുന്നുണ്ടെന്ന് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു.

45. ഭരണസാങ്കേതികാനുമതികളിലെ ഊതിപ്പെരുപ്പിച്ച തുകകൾ സംബന്ധിച്ച ഓഡിറ്റ് പരാമർശത്തിന്മേൽ സമിതി വിശദീകരണമാരാഞ്ഞതിന് ചില ഗ്രാമപഞ്ചായത്തുകളിൽ വാർഷിക പദ്ധതികൾ പ്രാഥമികമായി റഫ്കോസ്റ്റ് എസ്റ്റിമേറ്റ് പ്രകാരമാണ് തയ്യാറാക്കിയിരിക്കുന്നതെന്നും പിന്നീട് അവയിലെ പിശകുകൾ കണ്ടെത്തി പരിഹരിച്ചിട്ടുണ്ടെന്നും പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു.

46. അടങ്കലിൽ കാണിച്ചതിനേക്കാൾ അധികരിച്ച അളവ് പ്രവൃത്തികൾ എന്ന ഓഡിറ്റ് പരാമർശത്തിന്മേൽ സമിതി വിശദീകരണം ആരാഞ്ഞു. 'റഫ് കോസ്റ്റ് എസ്റ്റിമേറ്റ്' എടുത്തപ്പോൾ ഉണ്ടായ പിഴവാണെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അറിയിച്ചു. അതിനെക്കുറിച്ച് പ്രത്യേകമായി പരിശോധിച്ച് മറുപടി ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

47. ഓരോ കുടുംബത്തിനും കുറഞ്ഞ വേതനം നൽകുന്നത് ഉറപ്പാക്കുന്നതിനായി പദ്ധതിപ്രകാരമുള്ള ജില്ലാ ഷെഡ്യൂൾ നിരക്ക് തയ്യാറാക്കാതിരുന്നത് സംബന്ധിച്ച് സമിതി വിശദീകരണം ആരാഞ്ഞതിന് പ്രസ്തുത ആവശ്യത്തിലേക്കായി ടൈംമോഷൻ ആന്റ് വർക്ക് സ്റ്റഡി നടത്തിക്കൊണ്ടിരിക്കുകയാണെന്നും മാർച്ച് മാസത്തോടുകൂടി ടൈംമോഷൻ ആന്റ് വർക്ക് സ്റ്റഡിയുടെ റിപ്പോർട്ട് അനുസരിച്ചുള്ള കാര്യങ്ങൾ നടപ്പിലാക്കാൻ സാധിക്കുമെന്നും ആദ്യഘട്ടത്തിൽ വയനാട്, പാലക്കാട് എന്നീ ജില്ലകളിലും രണ്ടാം ഘട്ടത്തിൽ കാസർഗോഡ്, ഇടുക്കി എന്നീ ജില്ലകളിലുമാണ് പൈലറ്റ് ടെസ്റ്റ് നടപ്പിലാക്കുന്നതെന്നും പ്രോഗ്രാം ഓഫീസർ അറിയിച്ചു.

48. അംഗീകൃത രൂപരേഖകൾ ജില്ലാതലത്തിൽ ഏകോപിപ്പിക്കാതിരുന്നതും അത് ഗ്രാമപഞ്ചായത്തുതലത്തിൽ ഉപയോഗപ്പെടുത്താതിരുന്നതും സംബന്ധിച്ചുള്ള വിശദീകരണം സമിതി ആരാഞ്ഞു. ആയത് ഉടൻതന്നെ പൂർത്തിയാക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചു. അംഗീകൃത രൂപരേഖ പൂർത്തിയാക്കി അതിന്റെ വിശദാംശം ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

49. തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി സംസ്ഥാനതലത്തിൽ റോഡുകൾ തെരഞ്ഞെടുത്ത് അതിന്റെ ഇരുവശങ്ങളിലും ചെടികൾ വച്ചുപിടിപ്പിച്ച് തോട്ടമായി പരിരക്ഷിക്കാനുള്ള ഒരു പ്രോജക്ടുണ്ടാക്കണമെന്നും തൊഴിലുറപ്പ് പദ്ധതിയിൽ തൊഴിലെടുക്കുന്നവരെ അതിൽ ഉപയോഗപ്പെടുത്താൻ അവർക്ക് പരിശീലനം നൽകണമെന്നും, അതിന് കാർഷിക സർവ്വകലാശാലയുടേയോ ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ടിന്റെയോ സഹായം വേണ്ടിവരുമെന്നും സ്റ്റേറ്റ് തലത്തിൽ ഒരു കമ്മിറ്റി രൂപീകരിച്ച് മേൽനോട്ടം വഹിച്ചാൽ മാത്രമേ സ്ഥായിയായ വികസന പദ്ധതികൾ ഉണ്ടാവുകയുള്ളൂവെന്നും തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി തോടുകളിൽ ചെക്ക് ഡാമുകളുണ്ടാക്കുന്നത് നന്നായിരിക്കുമെന്നും, ഇക്കാര്യത്തിൽ ആലോചിച്ച് തീരുമാനമെടുക്കണമെന്നും ഇതുസംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിച്ചു.

50. ആസ്തികളുടെ വിശദാംശങ്ങൾ സംബന്ധിച്ച പ്രൊപ്പോസൽ തയ്യാറാക്കി വരികയാണെന്ന് സമിതിയുടെ ചോദ്യത്തിന് മറുപടിയായി സെക്രട്ടറി അറിയിച്ചു.

51. ആസ്തികൾ സംരക്ഷിക്കുന്നതിനായി പഞ്ചായത്തിന്റെ അധികാര പരിധിയിലുള്ള വസ്തുവകകളുടെ സംരക്ഷണം സംബന്ധിച്ച പ്രവൃത്തികൾക്ക് പ്രാമുഖ്യം നൽകണമെന്ന് സമിതി അഭിപ്രായപ്പെട്ടു.

52. പദ്ധതി സംബന്ധിച്ച സാമ്പത്തിക ഉത്തരവാദിത്തത്തിന്റെ ഭാഗമായി 14 പഞ്ചായത്തുകളിൽ സോഷ്യൽ ഓഡിറ്റ് നടത്തിയിട്ടുണ്ടെന്നും സോഷ്യൽ ഓഡിറ്റിംഗിനായി ഒരു ബൃഹത് പദ്ധതി തയ്യാറാക്കിയിട്ടുണ്ടെന്നും പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു.

53. സംസ്ഥാന-ജില്ലാതലത്തിൽ ഗുണമേന്മാ പരിശോധകരെ നിയോഗിച്ചിട്ടുണ്ടെന്നും അവരുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടെന്നും സമിതിയുടെ ചോദ്യത്തിന് മറുപടിയായി സെക്രട്ടറി അറിയിച്ചു.

54. സെന്റർ ഫോർ റൂറൽ മാനേജ്മെന്റും ഡൽഹി യൂണിവേഴ്സിറ്റിയും പദ്ധതി സംബന്ധിച്ച് സ്വതന്ത്ര വിലയിരുത്തൽ പഠനങ്ങൾ നടത്തിയിട്ടുണ്ടെന്ന് സെക്രട്ടറി അറിയിച്ചു.

55. തൊഴിലുറപ്പ് പദ്ധതിയിലെ പ്രവൃത്തികളുടെ 2% സംസ്ഥാനതല ഉദ്യോഗസ്ഥർ പരിശോധിക്കണമെന്ന് ഉത്തരവ് നൽകിയിട്ടുള്ളതായി സെക്രട്ടറി അറിയിച്ചു.

56. NREGA-യുടെ സ്വാധീനം സംബന്ധിച്ച് സംസ്ഥാന തൊഴിലുറപ്പ് കൗൺസിൽ വിശകലനം ചെയ്യുമെന്നും അതിന്റെയടിസ്ഥാനത്തിലുള്ള അഭിപ്രായം കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുമെന്നും സെക്രട്ടറി അറിയിച്ചു.

57. തൊഴിലുറപ്പ് പദ്ധതിയിലെ ദിവസവേതന വർദ്ധന സംബന്ധിച്ച് പഠനം നടക്കുകയാണെന്ന് സെക്രട്ടറി അറിയിച്ചു. പദ്ധതി സംബന്ധിച്ചുള്ള കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ നിഗമനങ്ങൾ അംഗീകരിച്ച് നടപ്പാക്കുന്നതാണെന്ന് സെക്രട്ടറി സമിതിക്ക് ഉറപ്പുനൽകി. ശിപാർശകൾ നടപ്പിലാക്കുന്നത് സംബന്ധിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നതാണെന്നും സെക്രട്ടറി കൂട്ടിച്ചേർത്തു.

58. സമൂഹത്തിലെ സാധാരണ ജനവിഭാഗങ്ങളുടെ അഭിവൃദ്ധി ലക്ഷ്യമാക്കി പ്രഖ്യാപിക്കുന്ന പദ്ധതികൾ സമയബന്ധിതമായി പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് അതിന്റെ ഗുണഫലം അനുഭവവേദ്യമാക്കേണ്ടതും ഓരോ പദ്ധതിയും ലക്ഷ്യപ്രാപ്തിയിലെത്തിക്കേണ്ടതും ജനാധിപത്യ ഭരണകൂടത്തിന്റെ പരമപ്രധാനമായ ധർമ്മമാണെന്ന് സമിതി ഓർമ്മപ്പെടുത്തുന്നു. മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം പോലുള്ള കേന്ദ്ര ഗവൺമെന്റ് പദ്ധതികളുടെ നടത്തിപ്പിനായി സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നും ആത്മാർത്ഥമായ സമീപനം സമിതി പ്രതീക്ഷിക്കുന്നു.

## നിഗമനങ്ങൾ/ശിപാർശകൾ

59. **ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിലെ 32-ാം വകുപ്പുപ്രകാരം സംസ്ഥാന സർക്കാർ നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി ചട്ടങ്ങൾ രൂപീകരിച്ച് വിജ്ഞാപനം ചെയ്തിട്ടുള്ളത് നിർദ്ദിഷ്ടസമയത്തിന്റെ നാലുവർഷം പൂർത്തിയാകുന്ന വേളയിൽ മാത്രമാണ്. സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടായ ഈ അസാധാരണമായ കാലതാമസം പദ്ധതി നടത്തിപ്പിന്റെ വിവിധ ഘട്ടങ്ങളെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടെന്ന ഓഡിറ്റ് നിരീക്ഷണത്തോട് സമിതി യോജിക്കുന്നു. നിയമം അനുശാസിക്കുന്ന വിധത്തിൽ, സമയബന്ധിതമായി ചട്ടങ്ങൾ രൂപവൽക്കരിച്ചിരുന്നെങ്കിൽ കൂടുതൽ കാലവിളംബമില്ലാതെ പദ്ധതി പ്രയോഗത്തിൽ വരുത്തുവാൻ കഴിയുമായിരുന്നെന്നും അത് സമൂഹത്തിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ജനങ്ങളുടെ തൊഴിൽ സാധ്യതകൾക്ക് ചൈതന്യം പകരാൻ കഴിയുമായിരുന്നെന്നും സമിതി വിശ്വസിക്കുന്നു. ഇംഗ്ലീഷിൽ വിജ്ഞാപനം ചെയ്തിട്ടുള്ള ചട്ടങ്ങൾ ഭാഷാപരമായ ദുർഗ്രഹതമൂലം ഗുണഭോക്താക്കൾക്ക് മനസ്സിലാക്കാൻ സാധിക്കാതെ വരുന്നുവെന്നും തന്മൂലം പദ്ധതി വിഭാവനം ചെയ്യുന്ന അവകാശങ്ങളിന്മേൽ അവർക്ക് വേണ്ടത്ര അവബോധം ഇല്ലാതെ പോകുന്നുവെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പുനിയമത്തെ ആധാരമാക്കി ഇംഗ്ലീഷിൽ വിജ്ഞാപനം ചെയ്തിരിക്കുന്ന ചട്ടങ്ങൾ, മലയാളത്തിൽ പരിഭാഷപ്പെടുത്തി വിജ്ഞാപനം ചെയ്യണമെന്നും ആയത് എല്ലാ**

പഞ്ചായത്തുകളിലും ഗുണഭോക്താക്കൾക്ക് പരിശോധിക്കാൻ സാധിക്കുന്ന തരത്തിൽ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

60. ഗുണഭോക്താക്കളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനനുയോജ്യമാം വിധം ഗ്രാമസഭകളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സ്വാംശീകരിക്കുന്നതിലുണ്ടായ പരാജയം പദ്ധതിയുടെ ആസൂത്രണ പ്രക്രിയയിലുണ്ടായ പിഴവാണെന്ന് സമിതി നിരീക്ഷിക്കുന്നു. ഗുണഭോക്താക്കളുടെ ആവശ്യങ്ങളും മുൻഗണനകളും, തൊഴിലിന്റെ ആവശ്യകത, പ്രവൃത്തികൾക്കുള്ള മുൻഗണന, ഭൗതിക ആസ്തികളുടെ വിവരണം അവയുടെ സ്ഥായിയായ ഗുണഫലങ്ങൾ എന്നിവ ഉൾപ്പെടുത്താതെ വാർഷിക പദ്ധതി തയ്യാറാക്കിയത് പദ്ധതിയുടെ ഗുണഫലങ്ങൾ പ്രതീക്ഷിച്ചതോതിൽ ലഭിക്കാതെ പോകുന്നതിനിടയാക്കിയെന്ന് സമിതി വിലയിരുത്തുന്നു. മതിയായ ജനപ്രാതിനിധ്യത്തോടെ ഗ്രാമപഞ്ചായത്തുകൾ രൂപീകരിക്കുന്ന വാർഷിക പദ്ധതികൾ ബ്ലോക്ക് പദ്ധതികളായും അവ ക്രോഡീകരിച്ച് ജില്ലാ പദ്ധതികളായും അംഗീകരിച്ച് പദ്ധതി നിർവ്വഹണം സാധ്യമാക്കുന്നതിലൂടെ വാർഷിക പദ്ധതിയുടെ ഗുണഫലങ്ങൾ പൂർണ്ണമായും ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് ഒരു തുടർനിരീക്ഷണ സംവിധാനം സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

61. ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുകളുടെ സഹായത്തോടെ, ഓരോവർഷവും ജില്ലയിൽ തൊഴിലിനുള്ള പ്രതീക്ഷിക്കപ്പെടുന്ന ആവശ്യകതയുടെ വിശദാംശങ്ങളും പ്രവൃത്തികളിൽ തൊഴിലാളികളെ ഏർപ്പെടുത്തുന്നതിനുള്ള പദ്ധതിയും അടങ്ങുന്ന തൊഴിൽ ബഡ്ജറ്റ് തയ്യാറാക്കി മുൻവർഷം തന്നെ അംഗീകാരം നേടാതിരുന്നത് പദ്ധതിയുടെ വിജയകരമായ നടത്തിപ്പിനുള്ള ആത്മാർത്ഥമായ ശ്രമം ഉണ്ടായില്ലാ എന്ന് വെളിപ്പെടുത്തുന്നു. പ്രോഗ്രാം ഓഫീസർമാരും ജില്ലാ പ്രോഗ്രാം കോ-ഓർഡിനേറ്റർമാരും നിർദ്ദിഷ്ടസമയത്തിനുള്ളിൽ തൊഴിൽ ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ട താണെന്ന് സമിതി നിർദ്ദേശിക്കുന്നു.

62. ജില്ലാ പ്രോഗ്രാം കോ-ഓർഡിനേറ്ററുടെ കണക്കും ബാങ്ക് അക്കൗണ്ടിലെ നീക്കിയിരിപ്പും തമ്മിലുണ്ടായ 2.18 കോടി രൂപയുടെ പൊരുത്തക്കേട് പദ്ധതിയുടെ ഓപ്പറേഷണൽ ഗൈഡ്‌ലൈൻസ് പാലിക്കാത്തത് കൊണ്ടാണെന്ന് സമിതി വിലയിരുത്തുന്നു. നീക്കിയിരിപ്പിലെ കണക്കുകൾ കൃത്യമാക്കാതിരുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി

സ്വീകരിക്കണമായിരുന്നുവെന്ന് സമിതി അഭിപ്രായപ്പെടുന്നു. ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ കണക്കും ബാങ്ക് അക്കൗണ്ടിലെ തുകയും പൊരുത്തപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച വിശദാംശങ്ങൾ നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

63. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി 100 ശതമാനവും കേന്ദ്ര പദ്ധതിയാണെന്നും പദ്ധതിച്ചെലവിനുള്ള തുക കേന്ദ്ര സർക്കാർ ജില്ലകൾക്കാണ് വിതരണം ചെയ്യുന്നതെന്നും ആയത് സംസ്ഥാനതലത്തിൽ വിതരണം ചെയ്യുന്ന പക്ഷം ഏതെങ്കിലും ജില്ലയിലെ ചെലവുകൾക്ക് തുക തികയാതെ വന്നാൽ ചെലവാക്കപ്പെടാതെയുള്ള തുക മാറ്റിനല്കാമെന്നുമുള്ള തെളിവെടുപ്പുവേളയിലെ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ നിർദ്ദേശത്തോട് സമിതി യോജിക്കുന്നില്ല. മാത്രമല്ല ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ആരംഭിച്ചതിനുശേഷം നാളിതുവരെ സർക്കാർ വകുപ്പുകളുടെ ഭാഗത്തുനിന്നും ആത്മാർത്ഥമായ ഒരു സമീപനം ഉണ്ടായിട്ടില്ലെന്നും കേന്ദ്ര സർക്കാർ പാസ്സാക്കുന്ന നിയമപ്രകാരം ഫണ്ട് ചെലവഴിക്കണമെന്ന വ്യവസ്ഥയിൽ യാതൊരു ആശയക്കുഴപ്പവുമില്ലെന്നും എന്നാൽ പ്രസ്തുത വ്യവസ്ഥകൾ പ്രകാരം സർക്കാർ വകുപ്പുകൾ പ്രവർത്തിക്കുന്നില്ല എന്നതാണ് പ്രശ്നമെന്നും സമിതി നിരീക്ഷിക്കുന്നു. സംസ്ഥാനതല സമിതിക്ക് പദ്ധതി നടത്തിപ്പ് പരിശോധിക്കാനും അപാകതകൾ തിരുത്തുവാനും അധികാരമുണ്ടെന്നും എന്നാൽ പ്രസ്തുത സമിതി ഫലപ്രദമായി പ്രവർത്തിക്കുന്നില്ല എന്നും സമിതി അഭിപ്രായപ്പെടുന്നു.

64. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് ഫണ്ടിലേക്ക് കേന്ദ്ര വിഹിതമല്ലാതെ മറ്റേതെങ്കിലും ധനാഗമമാർഗ്ഗം ഉണ്ടോയെന്ന് പരിശോധിച്ച് റിപ്പോർട്ട് നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

65. പദ്ധതിപ്പണത്തിന്റെ വിനിയോഗം തൃപ്തികരമല്ല എന്ന ഓഡിറ്റിന്റെ അഭിപ്രായത്തോട് സമിതി യോജിക്കുന്നു. വിവിധ സ്രോതസ്സുകളിൽ നിന്നും 2007 മാർച്ച് വരെ ലഭിച്ച 48.36 കോടി രൂപയിൽ 27.90 കോടി രൂപ അഥവാ ലഭ്യമായ തുകയുടെ 57.69% മാത്രം വിനിയോഗം സൂചിപ്പിക്കുന്നത് പദ്ധതിയുടെ ഫലപ്രദമായ നടത്തിപ്പിലെ പരാജയമാണെന്ന് സമിതി വിലയിരുത്തുന്നു. തൊഴിലുറപ്പ് പദ്ധതി ചെലവിനായി ഓരോ ജില്ലയിലും എത്ര തുക വീതം നീക്കിയിരിപ്പുണ്ട് എന്നതിന്റെ കണക്ക് നൽകണമെന്ന് സമിതി ആവശ്യപ്പെട്ടിരുന്നെങ്കിലും ആയത് നാളിതുവരെ നൽകാത്തതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. പദ്ധതി ചെലവിനത്തിൽ 2014 മാർച്ച് 31-ന്

ഓരോ ജില്ലയിലും എത്ര തുക വീതം നീക്കിയിരിപ്പുണ്ട് എന്നതിന്റെ വിശദമായ റിപ്പോർട്ട് അടിയന്തരമായി നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

66. രജിസ്റ്റർ ചെയ്ത മുഴുവൻ കുടുംബങ്ങൾക്കും തൊഴിൽ ലഭ്യമാക്കാത്തത് ശാരീരികാദ്ധ്വാനം ആവശ്യമുള്ള തൊഴിലിന് വ്യക്തികൾ എത്താതിരുന്നതു കൊണ്ടാണെന്ന വിശദീകരണം ഭാഗികമായി അംഗീകരിക്കാവുന്നതാണ്. കേരളത്തിൽ പ്രത്യേകിച്ചും പാലക്കാട് പോലുള്ള ജില്ലകളിൽ, നെൽകൃഷി നേരിടുന്ന പ്രധാന പ്രതിസന്ധികളിലൊന്നാണ് കർഷകത്തൊഴിലാളികളുടെ അഭാവം. തൊഴിലുറപ്പ് പദ്ധതികൊണ്ട് സൃഷ്ടിക്കപ്പെടുന്ന തൊഴിലവസരങ്ങൾ കൃഷിഭൂമിയിൽ ഉപയോഗിക്കാൻ കഴിഞ്ഞാൽ കേരളം പോലുള്ള സംസ്ഥാനങ്ങളിലെ നെൽക്കർഷകർക്ക് ആയത് വലിയ ആശ്വാസമാകുമെന്നും നെൽകൃഷിയുടെ അഭിവൃദ്ധിക്ക് സഹായകരമാകുമെന്നും സമിതി കരുതുന്നു. ആയതിനാൽ തൊഴിലുറപ്പ് പദ്ധതിയിൽ കാർഷിക മേഖലയെക്കൂടി ഉൾപ്പെടുത്തുന്നതിനായി കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

67. മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിലെ വ്യവസ്ഥകൾ വിശദീകരിക്കുന്നതിനും രജിസ്ട്രേഷനുള്ള അപേക്ഷകൾ സ്വീകരിക്കുന്നതിനും പരിശോധന നടത്തുന്നതിനും ഗ്രാമസഭകൾ വിളിച്ചുചേർക്കാത്തത് പദ്ധതിയുടെ പ്രയോജനങ്ങളെപ്പറ്റി ഗുണഭോക്താക്കൾക്ക് അറിവ് ലഭിക്കാതെ പോകാനിടയാക്കിയതായി സമിതി നിരീക്ഷിക്കുന്നു. ഇത് പഞ്ചായത്തുകളുടെ ഭാഗത്തു നിന്നുണ്ടായ വീഴ്ചയായി സമിതി വിലയിരുത്തുന്നു. ഇക്കാര്യത്തിൽ ഗ്രാമസഭകൾ വിളിച്ചുചേർക്കുന്നതിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച റിപ്പോർട്ട് നൽകുവാൻ സമിതി ശിപാർശ ചെയ്യുന്നു.

68. പദ്ധതിയെപ്പറ്റി ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനും സന്നദ്ധരായവരെ കണ്ടെത്തുന്നതിനും നിയമപ്രകാരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ നേതൃത്വത്തിൽ വീടുകൾതോറും നടത്തേണ്ട സർവ്വേ നാമമാത്രമായ പഞ്ചായത്തുകളിൽ മാത്രമേ നടത്തിയിട്ടുള്ളുവെന്ന് സമിതി വിലയിരുത്തുന്നു. ഇത് പദ്ധതികൊണ്ടുള്ള പ്രയോജനങ്ങളെപ്പറ്റി വേണ്ടത്ര അറിവ് ലഭിക്കാതിരിക്കുന്നതിനും തൊഴിൽ ആവശ്യപ്പെടുന്നതിൽ വിപരീതഫലം ഉളവാക്കിയെന്നുമുള്ള ഓഡിറ്റിന്റെ കണ്ടെത്തലിനോട് സമിതി യോജിക്കുന്നു. എല്ലാ ഗ്രാമപഞ്ചായത്തുകളും നിയമം അനുശാസിക്കുന്ന പ്രകാരമുള്ള സർവ്വേ നടത്തേണ്ടതും പദ്ധതിയെപ്പറ്റി എല്ലാ വിഭാഗം ജനങ്ങളിലും വ്യക്തമായ അവബോധം സൃഷ്ടിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതുമാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.

69. കേരളീയ സമൂഹത്തിൽ അദ്ധ്വാനപരമായ തൊഴിൽ സംസ്കാരം നഷ്ടപ്പെടുന്നുവെന്ന് സമിതി ആശങ്കപ്പെടുന്നു. പഞ്ചായത്തുകൾ രൂപം നൽകുന്ന പ്രോജക്ടുകൾ തൊഴിലന്വേഷകന് ആകർഷകമായതും തൊഴിൽ ചെയ്യാൻ പ്രേരണയുണ്ടാക്കുന്നതും തൊഴിൽ ചെയ്യാൻ മാനസികമായി ഇഷ്ടപ്പെടുന്നതുമായിരിക്കണമെന്ന് സമിതി അഭിപ്രായപ്പെടുന്നു. നല്ല ഒരു തൊഴിൽ സംസ്കാരം സൃഷ്ടിക്കുന്നതിന് പ്രോജക്ടുകൾ ഉണ്ടാക്കുന്നതിലും ജനപങ്കാളിത്തം ഉറപ്പാക്കുന്നതിലും ഗ്രാമപഞ്ചായത്തുകൾ കൂടുതൽ ശ്രദ്ധിക്കേണ്ടതാണെന്നും സമിതി ശിപാർശ ചെയ്യുന്നു. തൊഴിലുറപ്പ് പദ്ധതിക്കായി വർഷം മുഴുവനും രജിസ്ട്രേഷൻ നടത്താമെന്നിരിക്കെ പാലക്കാട് ജില്ലയിൽ 2006 ഫെബ്രുവരി 17-നും ആഗസ്റ്റിനും ഇടയിലുള്ള കാലയളവിൽ രജിസ്ട്രേഷൻ മരവിപ്പിച്ചത് ചട്ടങ്ങളിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായാണ് എന്ന് സമിതി മനസ്സിലാക്കുന്നു. നിയമസഭാ തെരഞ്ഞെടുപ്പിനോടനുബന്ധിച്ചാണ് നിയന്ത്രണം ഏർപ്പെടുത്തിയിരിക്കുന്നതെന്നാണ് തെളിവെടുപ്പുവേളയിൽ വിശദീകരണം നൽകിയത്. വയനാട് ജില്ലയിൽ ഇത്തരമൊരു നിയന്ത്രണമുണ്ടായിരുന്നില്ലെന്നും അവിടെ വർഷം മുഴുവൻ രജിസ്ട്രേഷൻ നടന്നതായും സമിതിക്ക് ബോധ്യമായി. വയനാട് ജില്ലയിലെ ഗ്രാമപഞ്ചായത്തുകൾക്ക് നിയന്ത്രണം സംബന്ധിച്ച അറിവില്ലായിരുന്നുവെന്ന സർക്കാരിന്റെ വിശദീകരണത്തോട് സമിതി യോജിക്കുന്നില്ല. ഇക്കാര്യം പരിശോധിച്ച് റിപ്പോർട്ട് നൽകുവാൻ സമിതി ആവശ്യപ്പെടുകയും ആയത് ലഭ്യമാക്കാമെന്ന് തദ്ദേശസ്വയംഭരണ പ്രിൻസിപ്പൽ സെക്രട്ടറി സമിതിക്ക് ഉറപ്പുനൽകുകയും ചെയ്തിരുന്നുവെങ്കിലും പ്രസ്തുത റിപ്പോർട്ട് നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. ആവശ്യപ്പെട്ട റിപ്പോർട്ട് ലഭ്യമാക്കാത്തതിലും സമിതിക്ക് നൽകിയ ഉറപ്പ് പാലിക്കാത്തതിലും സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. സർക്കാരിന്റെ ഒരു പദ്ധതിയുടെ ഭാഗമായി പഞ്ചായത്തുകൾ നടപ്പാക്കിയ തൊഴിൽ പദ്ധതിയിൽ രജിസ്റ്റർ ചെയ്യുന്നതും ജോലിയും ശമ്പളവും നൽകുന്നതുമെല്ലാം ഒരു സാധാരണ പ്രക്രിയയാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ തെരഞ്ഞെടുപ്പ് കമ്മീഷന്റെ നിയന്ത്രണമുണ്ടാകാനിടയില്ലെന്നും അഥവാ ഉണ്ടെങ്കിൽ തന്നെ കമ്മീഷന്റെ അനുമതി വാങ്ങാമായിരുന്നതേയുള്ളൂവെന്നും സമിതി നിരീക്ഷിക്കുന്നു. ഇക്കാര്യത്തിൽ പാലക്കാട് ജില്ലയിലെ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും ഗുരുതരമായ അനാസ്ഥയും വീഴ്ചയും ഉണ്ടായിട്ടുണ്ടെന്ന് സമിതി അഭിപ്രായപ്പെടുന്നു. ആയതിനാൽ ഇക്കാര്യം വിശദമായി പരിശോധിച്ച് റിപ്പോർട്ട് നൽകുന്നതിനും ഭാവിയിൽ ഇത്തരത്തിലുള്ള വീഴ്ച ഉണ്ടാകാതിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണെന്നും സമിതി ശിപാർശ ചെയ്യുന്നു.

70. കൃത്രിമങ്ങളിൽ നിന്ന് തൊഴിലാളികളെ രക്ഷിക്കുന്നതിനും സുതാര്യത ഉറപ്പാക്കുന്നതിനുമുള്ള നിർണ്ണായക രേഖയായ തൊഴിൽ കാർഡ് യഥാസമയം നൽകുന്നതിൽ വീഴ്ചയുണ്ടായതായി സമിതി വിലയിരുത്തുന്നു. ഫോട്ടോയുൾപ്പെടെ തൊഴിൽ കാർഡിന്റെ ചെലവ് പദ്ധതിയുടെ ചെലവിന്റെ ഭാഗമായി വഹിക്കാമായിരുന്നുവെങ്കിലും വയനാട് ജില്ലയിലെ പട്ടികജാതി/പട്ടികവർഗ്ഗക്കാരല്ലാത്ത രജിസ്റ്റർ ചെയ്ത കുടുംബങ്ങളോട് ഫോട്ടോ സ്വന്തം ചെലവിൽ ഹാജരാക്കാൻ നിർദ്ദേശിച്ചത് ക്രമരഹിതവും മാർഗ്ഗനിർദ്ദേശങ്ങളുടെ ലംഘനവുമാണെന്ന് മാത്രമല്ല ആയത് തൊഴിൽ കാർഡ് നൽകുന്നതിന് കാലതാമസത്തിന് ഇടവരുത്തുകയും ചെയ്തു. പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി അത്തരമൊരു നിർദ്ദേശം നൽകിയത് സമിതി ഗൗരവമായി വീക്ഷിക്കുകയും ആയതിനുള്ള അടിസ്ഥാനമെന്തെന്നും ഉത്തരവാദിയാരെന്നുമുള്ള റിപ്പോർട്ട് ഒരു മാസത്തിനകം നൽകാനും 28-12-2011-ലെ തെളിവെടുപ്പുവേളയിൽ സമിതി ആവശ്യപ്പെട്ടിരുന്നു. എന്നാൽ പ്രസ്തുത റിപ്പോർട്ട് നാളിതുവരെ സമിതിക്ക് ലഭ്യമാക്കിയിട്ടില്ല. സമിതി ആവശ്യപ്പെട്ട റിപ്പോർട്ട് ലഭ്യമാക്കാത്തതിലും നൽകിയ ഉറപ്പ് പാലിക്കാത്തതിലും സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നതിനോടൊപ്പം പ്രസ്തുത റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കുന്നതിനും സമിതി ആവശ്യപ്പെടുന്നു. കൂടാതെ സർക്കാരിന്റെ വിവിധ പദ്ധതികൾ പ്രാവർത്തികമാക്കുമ്പോൾ അവയുടെ മാർഗ്ഗനിർദ്ദേശങ്ങൾ സംബന്ധിച്ച് നിർവ്വഹണ ഉദ്യോഗസ്ഥർ ബോധവാന്മാരായിരിക്കണമെന്നും കുറ്റമറ്റരീതിയിൽ പദ്ധതി നടപ്പാക്കപ്പെടുന്നുവെന്ന് ത്രിതല പഞ്ചായത്ത് ഭരണസമിതികളും സർക്കാരും ഉറപ്പുവരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

71. രജിസ്റ്റർ ചെയ്ത എല്ലാ കുടുംബങ്ങൾക്കും നിയമത്തിൽ വ്യവസ്ഥ ചെയ്യുന്ന തൊഴിൽ നൽകുന്നതിന് ഗ്രാമപഞ്ചായത്തുകളെയും പ്രോഗ്രാം ഓഫീസർമാരേയും ജില്ലാ പ്രോഗ്രാം കോഡിനേറ്റർമാരേയും പ്രാപ്തരാക്കുന്ന വിധത്തിൽ ആസൂത്രണപ്രക്രിയ ശക്തിപ്പെടുത്തുന്നതിന് അനുയോജ്യമായ അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.

72. ഭൂരിഭാഗം കാർഡുടമകളും തൊഴിലിന് അപേക്ഷിക്കാതിരുന്നത് ഗുണഭോക്താക്കൾക്കിടയിൽ മതിയായ ബോധവൽക്കരണം നൽകാതിരുന്നതിനാലാണെന്ന് സമിതി വിലയിരുത്തുന്നു. തൊഴിലിനായി രജിസ്റ്റർ ചെയ്യുന്നവരിൽ ഭൂരിഭാഗവും അഭ്യസ്തവിദ്യരായിരുന്നതിനാൽ കായികാദ്ധ്വാനത്തിന് തയ്യാറായിരുന്നില്ലായെന്ന സർക്കാർ വിശദീകരണം പദ്ധതിയുടെ നടത്തിപ്പിന്റെ

വിശകലനത്തിന്റെ ആവശ്യകതയിലേക്ക് വിരൽ ചൂണ്ടുന്നതായി സമിതി നിരീക്ഷിക്കുന്നു. പദ്ധതിയിലെ ആനുകൂല്യങ്ങളും വ്യവസ്ഥകളും വ്യക്തമായി മനസ്സിലാക്കുന്നതിനുതകുന്ന വിധത്തിൽ ഓരോ കുടുംബത്തേയും ബോധവൽക്കരിക്കുന്നതോടൊപ്പം തൊഴിലന്വേഷകരെ ആകർഷിക്കുന്ന വിധത്തിൽ പദ്ധതി ആസൂത്രണം ചെയ്യുന്നതിന് ഫലപ്രദമായ മാർഗ്ഗങ്ങൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

73. തൊഴിലിനുള്ള അപേക്ഷ ചുരുങ്ങിയത് തുടർച്ചയായി 14 ദിവസത്തേക്കെങ്കിലും വേണ്ടിയായിരിക്കണമെന്നുണ്ടെങ്കിലും കുടുംബത്തിന്റെ ആകെയുള്ള അർഹതയ്ക്ക് വിധേയമായി ഒരാൾ അപേക്ഷിക്കുന്ന തൊഴിൽ ദിനങ്ങളുടെ എണ്ണത്തിനോ അയാൾക്ക് നൽകിയ തൊഴിൽദിനങ്ങളുടെ എണ്ണത്തിനോ പരിധിയില്ല എന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 100 ദിവസത്തെ തൊഴിലിന് നൽകിയ അപേക്ഷകൾ 14 ദിവസം എന്നാക്കി തിരുത്തിയ നടപടി ഉചിതമായില്ലെന്ന് സമിതി വിലയിരുത്തുന്നു. നിയമം ലംഘിച്ച് സമർപ്പിച്ച അപേക്ഷകൾ സ്വീകരിച്ചതും ശരിയായില്ല എന്ന് സമിതി അഭിപ്രായപ്പെടുന്നു. തൊഴിൽ ആവശ്യമുള്ളവർ 100 ദിവസത്തെ തൊഴിലിന് അപേക്ഷിക്കുമ്പോൾ നിയമപ്രകാരം അത്രയും ദിവസത്തെ ജോലി നൽകേണ്ട ബാധ്യത ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിനുണ്ട്. എന്നാൽ 100 ദിവസം ജോലി നൽകുന്നതിനുള്ള പ്രോജക്ട് തയ്യാറാക്കാൻ ഒരു പഞ്ചായത്തിനുമാത്രമായി പലപ്പോഴും സാധിക്കാതെ വരുന്നുവെന്ന് സമിതി മനസ്സിലാക്കുന്നു. ഗ്രാമപഞ്ചായത്തുകൾ നേരിടുന്ന അത്തരം പ്രശ്നങ്ങൾക്ക് ശാശ്വതപരിഹാരമായി തൊഴിലുറപ്പ് പദ്ധതിയുടെ പ്രോജക്ട് ശാസ്ത്രീയമായി തയ്യാറാക്കുന്നതിനായി ഒരു വിദഗ്ദ്ധ സമിതി രൂപീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

74. തൊഴിൽ ലഭിക്കുന്നതിനുള്ള അപേക്ഷകൾ സ്വീകരിക്കുമ്പോൾ തീയതിവെച്ച രസീതുകൾ നൽകേണ്ടതാണെന്ന് സമിതി നിഷ്കർഷിക്കുന്നു. തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട വിവിധ പ്രവർത്തനങ്ങൾക്കായി ആഴ്ചയിൽ ഒരു ദിവസം തൊഴിലുറപ്പ്ദിനമായി നീക്കിവെയ്ക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ടെങ്കിലും ഒരു പഞ്ചായത്തും ഇവ പാലിക്കുന്നില്ല എന്ന് സമിതി മനസ്സിലാക്കുന്നു. മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം ആഴ്ചയിൽ ഒരു നിശ്ചിത ദിവസം തൊഴിലുറപ്പുദിനമായി നീക്കിവയ്ക്കേണ്ടതാണെന്ന നിർദ്ദേശം കർശനമായി പാലിക്കണമെന്ന് സമിതി ശിപാർശചെയ്യുന്നു.

75. പ്രാരംഭത്തിൽ പദ്ധതി വ്യാപനത്തിൽ ജനപങ്കാളിത്തം ഉറപ്പാക്കുന്നതിൽ പഞ്ചായത്തുകൾക്ക് വീഴ്ച സംഭവിച്ചതായി സമിതി മനസ്സിലാക്കുന്നു.

പഞ്ചായത്തുതലത്തിൽ കുടുംബശ്രീ, സി.ഡി.എസ്., സാക്ഷരതാ വോളന്റിയേഴ്സ് സേവനങ്ങൾ സന്ദർശിച്ച് ജനപങ്കാളിത്തം ഉറപ്പാക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചുവരുന്നതായി സമിതി നിരീക്ഷിച്ചു. പദ്ധതി വിജയപ്രദമാക്കുന്നതിനായി ജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ അതീവജാഗ്രതയോടെ സ്വീകരിക്കേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. 2006-07 വർഷത്തിൽ പദ്ധതി കൈവരിച്ച നേട്ടം കേവലം 20.68 ശതമാനം മാത്രമാണെന്ന് മനസ്സിലാക്കുന്ന സമിതി, തൊഴിൽ നൽകുന്നതിലുണ്ടായ കുറവ് പരിഹരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ സംബന്ധിച്ചും ഇക്കാര്യത്തിൽ കൈവരിച്ച പുരോഗതി സംബന്ധിച്ചുമുള്ള റിപ്പോർട്ട് നൽകണമെന്ന് ശിപാർശ ചെയ്യുന്നു.

76. തൊഴിൽ അനുവദിച്ച തൊഴിൽ കാർഡുടമകളെ അറിയിക്കേണ്ടതാണെന്ന് സമിതി നിഷ്കർഷിക്കുന്നു. ഇതിനായി നിലവിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ സംബന്ധിച്ച് വിശദമായ റിപ്പോർട്ട് നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

77. പദ്ധതി നിയമം അനുശാസിക്കുന്ന അവകാശങ്ങളേയും അർഹതകളേയും സംബന്ധിച്ച് ഗുണഭോക്താക്കൾക്ക് പരിശീലന ക്ലാസ്സുകൾവഴി അവബോധം നൽകാറുണ്ട് എന്ന് സർക്കാർ അവകാശപ്പെടുന്നുവെങ്കിലും ആയത് വേണ്ടത്ര ഫലപ്രദമായിരുന്നില്ലെന്ന് ഓഡിറ്റിൽ തെളിയുന്നതായി സമിതിക്ക് ബോധ്യപ്പെട്ടു. ഗുണഭോക്താക്കളുടെ അജ്ഞത തൊഴിൽ ആവശ്യപ്പെടുന്ന തോത് കുറയാനിടയാക്കിയെന്നും പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളിൽ നിന്ന് അകന്നുപോയതായും സമിതി നിരീക്ഷിക്കുന്നു. നിയമം അനുശാസിക്കുന്ന അവകാശങ്ങളേയും അർഹതകളേയും സംബന്ധിച്ച് ഗുണഭോക്താക്കൾക്ക് മതിയായ അവബോധം സൃഷ്ടിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നും ഇതുസംബന്ധിച്ച വിശദമായ റിപ്പോർട്ട് നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

78. കേരളത്തിലെ കർഷകത്തൊഴിലാളികൾക്കായി സംസ്ഥാന സർക്കാർ നിശ്ചയിച്ച കുറഞ്ഞ വേതനനിരക്കായ 125 രൂപയാണ് തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമാക്കിയതെങ്കിലും അതിനേക്കാൾ താഴെയുള്ള വേതനമാണ് ഭൂരിപക്ഷം പഞ്ചായത്തുകളും നല്കിയതെന്ന് സമിതി നിരീക്ഷിക്കുന്നു. പദ്ധതിപ്രകാരമുള്ള ദിവസവേതനത്തിൽ വർദ്ധനവ് വരുത്തേണ്ടതിന് മറ്റു സമാനതൊഴിൽമേഖലകളുമായി താരതമ്യപഠനം നടത്തി കാലാനുസൃതമായി വേതനവർദ്ധനവ് നടപ്പിലാക്കേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൻകീഴിൽ ജോലിചെയ്യുന്ന തൊഴിലാളികൾക്ക് കൂലി ഇപ്പോഴും കുറവാണെന്ന് സമിതി

നിരീക്ഷിക്കുന്നു. ആയതിനാൽ കുറഞ്ഞ കൂലി 250 രൂപയെങ്കിലുമാക്കി വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

79. മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിപ്രകാരമുള്ള കുറഞ്ഞ വേതനനിരക്കും വിതരണം ചെയ്ത വേതനത്തിന്റെ വിശദാംശങ്ങളും ജോലിസ്ഥലത്ത്/ഗ്രാമപഞ്ചായത്തുകളിൽ പ്രദർശിപ്പിക്കേണ്ടതാണെന്നും ഇതിനായി സ്വീകരിച്ച നടപടി റിപ്പോർട്ട് നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

80. തൊഴിൽ നൽകുന്നതിന്റെ അവിഭാജ്യഘടകമായി വേതന വിതരണത്തിലുണ്ടാകുന്ന കാലതാമസം പദ്ധതിയുടെ യഥാർത്ഥ ലക്ഷ്യപ്രാപ്തിക്ക് വിഘാതമായതായും ഇക്കാര്യത്തിൽ ഗുരുതരമായ അനാസ്ഥ ഉണ്ടായതായും സമിതി അഭിപ്രായപ്പെടുന്നു. കൃത്യമായ വേതനവിതരണത്തിന് കുറ്റമറ്റ സമ്പ്രദായം അവലംബിക്കേണ്ടത് അനിവാര്യമാണെന്ന് സമിതി വിലയിരുത്തുന്നു. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിലെ ഉപചട്ടം 3(3) പ്രകാരം വേതനവിതരണം യഥാസമയം ചെയ്യാത്തതും തൊഴിൽ ചെയ്ത് പരമാവധി 14 ദിവസത്തിനകം വേതനം നൽകുന്നതിനും കാലതാമസമുണ്ടായാൽ നിയമപ്രകാരം നഷ്ടപരിഹാരം നൽകുന്നതിനും സ്വീകരിച്ച നടപടികൾ സംബന്ധിച്ച് വിശദമായ റിപ്പോർട്ട് നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

81. പദ്ധതിയുടെ പ്രയോജനങ്ങളെ സംബന്ധിച്ച് ഗുണഭോക്താക്കളുടെ അറിവില്ലായ്മയും തൊഴിലിന് അപേക്ഷിക്കുന്നതിൽ ഏർപ്പെടുത്തിയ നിയന്ത്രണവും നിയമപ്രകാരം അർഹതയുള്ള തൊഴിലില്ലായ്മബത്ത ലഭിക്കാതിരിക്കാൻ കാരണമായെന്ന ഓഡിറ്റിന്റെ കണ്ടെത്തലിനോട് സമിതി പൂർണ്ണമായും യോജിക്കുന്നു. പദ്ധതിപ്രകാരം 100 ദിവസത്തെ തൊഴിൽ നൽകുന്നതിൽ പരാജയപ്പെടുന്ന സാഹചര്യത്തിൽ അപേക്ഷ ലഭിക്കാതെ തന്നെ തൊഴിൽ കാർഡുടമയ്ക്ക് തൊഴിലില്ലായ്മബത്ത നൽകേണ്ടതാണെന്ന് സമിതി മനസ്സിലാക്കുന്നു. എന്നാൽ ഇക്കാര്യത്തിൽ ഉത്തരവാദപ്പെട്ടവരുടെ ഭാഗത്തുനിന്നും ഗുരുതരമായ വീഴ്ച സംഭവിച്ചതായി വിലയിരുത്തുന്നു. ഗുണഭോക്താക്കൾക്ക് നഷ്ടപരിഹാരത്തിന് അവകാശമുണ്ടായിരിക്കേ പരിശോധനാ വിധേയമായ ഗ്രാമപഞ്ചായത്തുകളിലൊന്നും തന്നെ തൊഴിലില്ലായ്മാബത്ത നൽകാതിരുന്നത് സമിതി അത്ഭുതത്തോടെ വീക്ഷിക്കുന്നു. തൊഴിലില്ലായ്മ വേതനം ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷകളൊന്നും ലഭിച്ചിട്ടില്ലെന്ന സർക്കാരിന്റെ മറുപടി പദ്ധതിയുടെ വിവിധ തലത്തിലുള്ള പാളിച്ചകളിലേയ്ക്ക് വിരൽ ചൂണ്ടുന്നു. നിലവിൽ ആവശ്യപ്പെട്ട തൊഴിലിനെ സംബന്ധിച്ച സമാഹൃത വിവരങ്ങൾ

കൃത്യമായി സൂക്ഷിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണെന്ന് സമിതി നിർദ്ദേശിക്കുന്നു. തൊഴിലിന് അപേക്ഷ സമർപ്പിച്ചെങ്കിലും തൊഴിൽ നൽകാൻ കഴിയാത്ത തൊഴിൽ കാർഡുടമകൾക്ക് തൊഴിലില്ലായ്മബത്ത നൽകുന്നതിലെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദമായ റിപ്പോർട്ട് നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

82. വയനാട് ജില്ലയിലെ നെന്മേനി, വെള്ളമുണ്ട ഗ്രാമപഞ്ചായത്തുകളിൽ 2.20 ലക്ഷം രൂപ ചെലവാക്കി നീർത്തട മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിലാണ് കളിസ്ഥലം നിർമ്മാണം എന്ന പ്രവൃത്തി, സ്വകാര്യ സ്ഥലത്ത് നടത്തിയതെന്ന വിശദീകരണം തൃപ്തികരമായി സമിതി കാണുന്നില്ല. തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ എല്ലാ വിദ്യാലയങ്ങളിലും കുടിവെള്ളം ലഭ്യമാക്കുന്നതിനും കിണർ വൃത്തിയാക്കുന്നതിനുമായി പ്രോജക്ടുകൾക്ക് രൂപം നൽകി നടപ്പിലാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

83. പദ്ധതിക്കുവേണ്ടി അനുവദിക്കപ്പെട്ട തുകയുടെ 60 ശതമാനമെങ്കിലും അവിദഗ്ധതൊഴിൽ നൽകുന്നതിനുവേണ്ടി വിനിയോഗിക്കപ്പെടണമെന്ന പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിലെ നിലവിലെ സ്ഥിതി സംബന്ധിച്ച റിപ്പോർട്ട് നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

84. വയനാട് ജില്ലയിലെ 36 പ്രവൃത്തികളിൽ ചട്ടം അനുശാസിക്കുന്ന പ്രകാരം അളവിൽ കുറവുവരുത്താത്തതുകാരണം 1.72 ലക്ഷം രൂപയുടെ അധികച്ചെലവിനിടയാക്കി എന്നത് സമിതി ഗൗരവമായി കാണുന്നു. കൂലി കൃത്യമായി നൽകുന്നതിനുവേണ്ടിയാണ് കൂടുതൽ സാങ്കേതികത്വം സ്വീകരിക്കാതിരുന്നത് എന്ന സർക്കാർ വാദം അംഗീകരിക്കാനാവില്ല. ഗുണഭോക്താക്കൾക്ക് അർഹതയുള്ള കൂലി കൃത്യമായി നൽകുന്നതോടൊപ്പം തന്നെ സർക്കാരിന്റെ പണം ചട്ടപ്രകാരം ചെലവഴിക്കുന്നതിലും ശ്രദ്ധിക്കേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെടുന്നു.

85. മാർഗ്ഗരേഖ അനുസരിച്ച് ഗ്രാമപഞ്ചായത്തുകൾ നിർവ്വഹിക്കേണ്ട പ്രവൃത്തികൾ അതത് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ആയിരിക്കണം പ്രവൃത്തികൾ നിർവ്വഹിക്കേണ്ടത്. എന്നാൽ വയനാട് ജില്ലയിലെ മൂന്ന് ഗ്രാമപഞ്ചായത്തുകൾ വാർഷിക പദ്ധതിയിലില്ലാത്ത 78 പ്രവൃത്തികൾ നടത്തിയെന്ന് സമിതി മനസ്സിലാക്കുന്നു. ഗ്രാമപഞ്ചായത്തുകളുടെ പ്രസ്തുത നടപടി ഉചിതമായില്ലെന്നും സമിതി അഭിപ്രായപ്പെടുന്നു. മാർഗ്ഗരേഖകളിലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.

86. വാർഷിക പദ്ധതികൾ തയ്യാറാക്കുമ്പോൾ പ്രവൃത്തിയുള്ള സ്ഥലത്തെ സാഹചര്യങ്ങൾ, ചെയ്യേണ്ട ജോലിയുടെ വ്യാപ്തി എന്നിവയനുസരിച്ച് അടങ്കൽ തയ്യാറാക്കിയിരുന്നെങ്കിൽ തന്നെ സാങ്കേതികാനുമതികളിലെ തുകയും യഥാർത്ഥചെലവും തമ്മിലുള്ള അന്തരം ഭീമമാകുമായിരുന്നില്ലായെന്ന് സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ, ഇത്തരം വൈരുദ്ധ്യങ്ങളൊഴിവാക്കി കൂടുതൽ കൃത്യതയും കണിശതയും പുലർത്തി വാർഷിക പദ്ധതികൾ തയ്യാറാക്കേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.

87. അടങ്കൽ തയ്യാറാക്കുമ്പോൾ ശ്രദ്ധിക്കേണ്ട അത്യാവശ്യ ഘടകങ്ങൾ പോലും പരിശോധിക്കാത്തതും കണക്കിലെടുക്കാത്തതുമാണ് അടങ്കലിൽ കാണിച്ചതിനേക്കാൾ പ്രവൃത്തികളുടെ അളവ് അധികരിക്കാൻ ഇടയാക്കിയതെന്ന് സമിതി വിലയിരുത്തുന്നു. 'റഫ് കോസ്റ്റ് എസ്റ്റിമേറ്റ്' എടുത്തപ്പോൾ ഉണ്ടായ പിഴവാണ് ഇതിനു കാരണമെന്ന മറുപടി ന്യായീകരിക്കത്തക്കതല്ല. പുതുശ്ശേരി ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട് ഓഡിറ്റ് പരാമർശം പ്രത്യേകം പരിശോധിച്ച് റിപ്പോർട്ട് നൽകണമെന്ന് സമിതി ആവശ്യപ്പെട്ടെങ്കിലും ആയത് നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. സമിതി ആവശ്യപ്പെട്ട റിപ്പോർട്ട് നൽകാത്തതിൽ അതൃപ്തി രേഖപ്പെടുത്തുന്നതോടൊപ്പം പ്രസ്തുത റിപ്പോർട്ട് എത്രയും വേഗം നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു. പദ്ധതി പ്രകാരം ഓരോ ജില്ലയും പ്രത്യേകം ഷെഡ്യൂൾ നിരക്കുകൾ തയ്യാറാക്കുന്നതിലുണ്ടായ വീഴ്ച ഓരോ കുടുംബത്തിനും കുറഞ്ഞ വേതനം നൽകുന്നത് ഉറപ്പാക്കുക എന്ന പദ്ധതി ലക്ഷ്യം നേടാൻ തടസ്സമായെന്നും സമിതി വിലയിരുത്തുന്നു. പാലക്കാട്, കാസർഗോഡ് ജില്ലകളിൽ ജില്ലാ ഷെഡ്യൂൾ നിരക്കുകൾ ക്രമീകരിക്കുന്നതിനായി 'ടൈം മോഷൻ വർക്ക് സ്റ്റഡി പൈലറ്റ് ടെസ്റ്റ് ' നടക്കുന്നതായി തെളിവെടുപ്പ് വേളയിൽ വെളിപ്പെടുത്തിയിരുന്നു. പ്രസ്തുത പഠന റിപ്പോർട്ടിന്റെ പകർപ്പും ആയതിന്മേൽ സ്വീകരിച്ച നടപടി റിപ്പോർട്ടും ലഭ്യമാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

88. ജില്ലാതലത്തിൽ അംഗീകൃത രൂപരേഖകൾ ഏകോപിപ്പിക്കാതിരുന്നതിനാൽ ഗ്രാമപഞ്ചായത്തുകൾ ഒരേപോലുള്ള പ്രവൃത്തികൾക്ക് ഓരോ സമയവും അനാവശ്യമായി രൂപരേഖ തയ്യാറാക്കുന്നതിനിടയാക്കിയതായി സമിതി മനസ്സിലാക്കുന്നു. ജില്ലാതലത്തിലുള്ള അംഗീകൃത രൂപരേഖ തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നതായും ആയത് സംബന്ധിച്ച വിശദാംശങ്ങളും രൂപരേഖയുടെ പകർപ്പും ലഭ്യമാക്കാമെന്നും തെളിവെടുപ്പ്വേളയിൽ തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി സമിതിക്ക് നൽകിയ ഉറപ്പുകൾ നാളിതുവരെ പാലിക്കാത്തതിൽ സമിതി അതൃപ്തി പ്രകടിപ്പിക്കുന്നതോടൊപ്പം പ്രസ്തുത റിപ്പോർട്ട് അടിയന്തരമായി സമർപ്പിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

89. തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി സംസ്ഥാനതലത്തിൽ ഒരു റോഡ് തെരഞ്ഞെടുത്ത് അതിന്റെ ഇരുവശത്തും ഔഷധസസ്യങ്ങൾ, ഉദ്യാനച്ചെടികൾ, മറ്റു ചെറുതണൽവൃക്ഷങ്ങൾ എന്നിവ വച്ചുപിടിപ്പിച്ച് തോട്ടമായി പരിരക്ഷിക്കുക, തോടുകളിൽ ചെക്കുഡാമുകൾ നിർമ്മിക്കുക തുടങ്ങിയ പദ്ധതികൾ നടപ്പാക്കണമെന്നും തൊഴിലാളികൾക്കാവശ്യമായ പരിശീലനം നൽകണമെന്നും ഇതിനായി കാർഷിക സർവ്വകലാശാലയുടെയും മറ്റു ഗവേഷണ സ്ഥാപനങ്ങളുടെയും സഹായം തേടാവുന്നതാണെന്നും സമിതി ശിപാർശ ചെയ്യുന്നു. സ്ഥായിയായ വികസന പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിന് സംസ്ഥാനതലത്തിൽ ഒരു സമിതി രൂപീകരിക്കണമെന്നും ശിപാർശ ചെയ്യുന്നു.

90. വാർഷിക പദ്ധതിയിൽ ആസ്തികളുടെ വിശദാംശങ്ങൾ ഉൾക്കൊള്ളിക്കുകയും പ്രവൃത്തി പൂർത്തീകരിച്ചതിനുശേഷം അവ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. ഒരു തുടർ നിരീക്ഷണ പ്രക്രിയ എന്ന നിലയിൽ ഓരോ ആറുമാസക്കാലയളവിലും നടത്തിയ എൻറിഗ പ്രവൃത്തികളുടെ വിശദമായ സാമൂഹിക ഓഡിറ്റ് നടത്താതിരുന്നത് പദ്ധതിയുടെ സുതാര്യത ഉറപ്പുവരുത്തുന്നതിലും പൊതുവായ സാമ്പത്തികോത്തരവാദിത്തം ഉറപ്പുവരുത്തുന്നതിലും സംഭവിച്ച പാളിച്ചയായി സമിതി നിരീക്ഷിക്കുന്നു. എല്ലാ ജില്ലകളിലും സാമൂഹിക ഓഡിറ്റ് കൃത്യമായി നടത്തുന്നുവെന്നു ഉറപ്പുവരുത്തണമെന്നും അതിൽ എത്രത്തോളം പൊതുജന പങ്കാളിത്തം ഉണ്ടായിയെന്നുമുള്ള വിശദമായ റിപ്പോർട്ട് നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ സാമൂഹിക ഓഡിറ്റിംഗിനായി തയ്യാറാക്കിയ ബൃഹത് പദ്ധതി സംബന്ധിച്ച വിശദാംശങ്ങളും നൽകണമെന്ന് ശിപാർശ ചെയ്യുന്നു.

91. പദ്ധതിയുടെ ആസൂത്രണം, നിർവ്വഹണം, തുടർനിരീക്ഷണം എന്നീ ഘട്ടങ്ങളിലെ സ്വതന്ത്രമായ വിലയിരുത്തൽ നടത്തി യഥാസമയത്തെ തിരുത്തൽ പ്രക്രിയയിലൂടെ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളുടെ പൂർത്തീകരണം സാധ്യമാക്കാമായിരുന്നു എന്ന് സമിതി വിലയിരുത്തുന്നു. ഒരു പുതിയ പദ്ധതി എന്ന നിലയിൽ എൻറിഗയുടെ ആദ്യകാലത്തെ സ്വാധീന ഫലങ്ങൾ പരിശോധിക്കാൻ വിലയിരുത്തലിന്റെ അഭാവത്തിൽ സാധിച്ചില്ലെന്നും സമിതി നിരീക്ഷിക്കുന്നു. സെന്റർ ഫോർ റൂറൽ മാനേജ്മെന്റും ഡൽഹി യൂണിവേഴ്സിറ്റിയും വിലയിരുത്തി പഠനങ്ങൾ നടത്തിയിട്ടുള്ളതിന്റെ പകർപ്പ് സമർപ്പിക്കാമെന്നുള്ള ഉറപ്പ് പാലിക്കാത്തതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. ആയതിന്റെ പകർപ്പ് സമർപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

92. പദ്ധതിപ്രകാരം ഏറ്റെടുത്തിട്ടുള്ള പ്രവൃത്തികളുടെ നിശ്ചിത ശതമാനത്തിന്മേൽ പരിശോധന, വിലയിരുത്തൽ, മേലന്വേഷണം, തുടർനിരീക്ഷണം എന്നിവ നിലവിൽ നടപ്പാക്കിവരുന്നുണ്ടോ എന്ന് പരിശോധിച്ച് റിപ്പോർട്ട് നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

93. തൊഴിലില്ലായ്മാ വേതനം, കർഷകത്തൊഴിലാളി പെൻഷൻ, വാർദ്ധക്യകാലപെൻഷൻ, അവിവാഹിതർക്കുള്ള പെൻഷൻ, വികലാംഗ പെൻഷൻ, വിധവാ/അഗതി പെൻഷൻ എന്നീ സാമൂഹ്യസുരക്ഷാ പദ്ധതികളുടെ അർഹതയ്ക്ക് വേണ്ടിയുള്ള വരുമാന പരിധി മഹാത്മാ ഗാന്ധി തൊഴിലുറപ്പ് പദ്ധതിപ്രകാരം 100 ദിവസത്തെ വേതനമായ 12,500 രൂപയിലും കുറവാകയാൽ 100 ദിവസത്തെ തൊഴിൽ ലഭിക്കുന്ന ഒരാൾക്ക് പ്രസ്തുത ആനുകൂല്യങ്ങൾക്ക് അർഹതയുണ്ടാകില്ലായെന്ന വൈരുദ്ധ്യം പഠന വിധേയമാക്കേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.

94. എൻറിഗയുടെ സ്വാധീനം സംബന്ധിച്ച് സംസ്ഥാന തൊഴിലുറപ്പ് കൗൺസിൽ വിശകലനം ചെയ്യുകയും അതിന്റെയടിസ്ഥാനത്തിലുള്ള അഭിപ്രായം രൂപീകരിച്ച് കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

95. ഓഡിറ്റ് ഖണ്ഡികയിലെ നിഗമനങ്ങൾ അംഗീകരിച്ച് നടപ്പിലാക്കുന്നതാണെന്നും ശിപാർശകൾ നടപ്പിലാക്കുന്നത് സംബന്ധിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നതാണെന്നും ആയത് സംബന്ധിച്ച റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കുന്നതാണെന്നും തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി സമിതി മുമ്പാകെ ഉറപ്പ് നൽകിയിരുന്നുവെങ്കിലും പ്രസ്തുത റിപ്പോർട്ട് നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. സർക്കാരിന്റെ പ്രസ്തുത നടപടിയിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നതോടൊപ്പം കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ റിപ്പോർട്ടിലെ നിഗമനങ്ങളിന്മേലും ശിപാർശകളിന്മേലും സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട് അടിയന്തരമായി നൽകണമെന്നും സമിതി ആവശ്യപ്പെടുന്നു.

വർക്കല കഹാർ,
*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2015 ജൂലൈ 23.

അനുബന്ധം I

## പ്രധാനപ്പെട്ട നിഗമനങ്ങളും ശിപാർശകളും

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | ബന്ധപ്പെട്ട വകുപ്പ് | നിഗമനങ്ങൾ/ശിപാർശകൾ |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | 59 | തദ്ദേശസ്വയം ഭരണം | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിലെ 32-ാം വകുപ്പുപ്രകാരം സംസ്ഥാന സർക്കാർ നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി ചട്ടങ്ങൾ രൂപീകരിച്ച് വിജ്ഞാപനം ചെയ്തിട്ടുള്ളത് നിർദ്ദിഷ്ടസമയത്തിന്റെ നാലുവർഷം പൂർത്തിയാകുന്ന വേളയിൽ മാത്രമാണ്. സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടായ ഈ അസാധാരണമായ കാലതാമസം പദ്ധതി നടത്തിപ്പിന്റെ വിവിധ ഘട്ടങ്ങളെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടെന്ന ഓഡിറ്റ് നിരീക്ഷണത്തോട് സമിതി യോജിക്കുന്നു. നിയമം അനുശാസിക്കുന്ന വിധത്തിൽ, സമയബന്ധിതമായി ചട്ടങ്ങൾ രൂപവൽക്കരിച്ചിരുന്നെങ്കിൽ കൂടുതൽ കാലവിളംബമില്ലാതെ പദ്ധതി പ്രയോഗത്തിൽ വരുത്തുവാൻ കഴിയുമായിരുന്നെന്നും അത് സമൂഹത്തിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ജനങ്ങളുടെ തൊഴിൽ സാധ്യതകൾക്ക് ചൈതന്യം പകരാൻ കഴിയുമായിരുന്നെന്നും സമിതി വിശ്വസിക്കുന്നു. ഇംഗ്ലീഷിൽ വിജ്ഞാപനം ചെയ്തിട്ടുള്ള ചട്ടങ്ങൾ ഭാഷാപരമായ ദുർഗ്രഹതമൂലം ഗുണഭോക്താക്കൾക്ക് മനസ്സിലാക്കാൻ സാധിക്കാതെ വരുന്നുവെന്നും തന്മൂലം പദ്ധതി വിഭാവനം ചെയ്യുന്ന അവകാശങ്ങളിന്മേൽ അവർക്ക് വേണ്ടത്ര അവബോധം ഇല്ലാതെ പോകുന്നുവെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തെ ആധാരമാക്കി ഇംഗ്ലീഷിൽ വിജ്ഞാപനം ചെയ്തിരിക്കുന്ന ചട്ടങ്ങൾ, മലയാളത്തിൽ പരിഭാഷപ്പെടുത്തി വിജ്ഞാപനം ചെയ്യണമെന്നും ആയത് എല്ലാ പഞ്ചായത്തുകളിലും ഗുണഭോക്താക്കൾക്ക് പരിശോധിക്കാൻ സാധിക്കുന്ന തരത്തിൽ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 2 | 60 | തദ്ദേശസ്വയം ഭരണം | ഗുണഭോക്താക്കളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനനുയോജ്യമാംവിധം ഗ്രാമസഭകളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സ്വാംശീകരിക്കുന്നതിലുണ്ടായ പരാജയം പദ്ധതിയുടെ ആസൂത്രണ പ്രക്രിയയിലുണ്ടായ പിഴവാണെന്ന് സമിതി നിരീക്ഷിക്കുന്നു. ഗുണഭോക്താക്കളുടെ ആവശ്യങ്ങളും മുൻഗണനകളും, തൊഴിലിന്റെ ആവശ്യകത, പ്രവൃത്തികൾക്കുള്ള മുൻഗണന, ഭൗതിക ആസ്തികളുടെ വിവരണം അവയുടെ സ്ഥായിയായ ഗുണഫലങ്ങൾ എന്നിവ ഉൾപ്പെടുത്താതെ വാർഷിക പദ്ധതി തയ്യാറാക്കിയത് പദ്ധതിയുടെ ഗുണഫലങ്ങൾ പ്രതീക്ഷിച്ചതോതിൽ ലഭിക്കാതെ പോകുന്നതിനിടയാക്കിയെന്ന് സമിതി വിലയിരുത്തുന്നു. മതിയായ ജനപ്രാതിനിധ്യത്തോടെ ഗ്രാമപഞ്ചായത്തുകൾ രൂപീകരിക്കുന്ന വാർഷിക പദ്ധതികൾ ബ്ലോക്ക് പദ്ധതികളായും അവ ക്രോഡീകരിച്ച് ജില്ലാ പദ്ധതികളായും അംഗീകരിച്ച് പദ്ധതി നിർവ്വഹണം സാധ്യമാക്കുന്നതിലൂടെ വാർഷിക പദ്ധതിയുടെ ഗുണഫലങ്ങൾ പൂർണ്ണമായും ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് ഒരു തുടർനിരീക്ഷണ സംവിധാനം സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 3 | 61 | " | ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുകളുടെ സഹായത്തോടെ, ഓരോവർഷവും ജില്ലയിൽ തൊഴിലിനുള്ള പ്രതീക്ഷിക്കപ്പെടുന്ന ആവശ്യകതയുടെ വിശദാംശങ്ങളും പ്രവൃത്തികളിൽ തൊഴിലാളികളെ ഏർപ്പെടുത്തുന്നതിനുള്ള പദ്ധതിയും അടങ്ങുന്ന തൊഴിൽ ബഡ്ജറ്റ് തയ്യാറാക്കി മുൻവർഷം തന്നെ അംഗീകാരം നേടാതിരുന്നത് പദ്ധതിയുടെ വിജയകരമായ നടത്തിപ്പിനുള്ള ആത്മാർത്ഥമായ ശ്രമം ഉണ്ടായില്ലാ എന്ന് വെളിപ്പെടുത്തുന്നു. പ്രോഗ്രാം ഓഫീസർമാരും ജില്ലാ പ്രോഗ്രാം കോ-ഓർഡിനേറ്റർമാരും നിർദ്ദിഷ്ടസമയത്തിനുള്ളിൽ തൊഴിൽ ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണെന്ന് സമിതി നിർദ്ദേശിക്കുന്നു. |

| 1 | 2 | 3 | 4 |
| --- | --- | --- | --- |
| 4 | 62 | തദ്ദേശസ്വയം ഭരണം | ജില്ലാ പ്രോഗ്രാം കോ-ഓർഡിനേറ്ററുടെ കണക്കും ബാങ്ക് അക്കൗണ്ടിലെ നീക്കിയിരിപ്പും തമ്മിലുണ്ടായ 2.18 കോടി രൂപയുടെ പൊരുത്തക്കേട് പദ്ധതിയുടെ ഓപ്പറേഷണൽ ഗൈഡ്‌ലൈൻസ് പാലിക്കാത്തത് കൊണ്ടാണെന്ന് സമിതി വിലയിരുത്തുന്നു. നീക്കിയിരിപ്പിലെ കണക്കുകൾ കൃത്യമാക്കാതിരുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കണമായിരുന്നുവെന്ന് സമിതി അഭിപ്രായപ്പെടുന്നു. ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ കണക്കും ബാങ്ക് അക്കൗണ്ടിലെ തുകയും പൊരുത്തപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച വിശദാംശങ്ങൾ നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു. |
| 5 | 63 | ,, | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി 100 ശതമാനവും കേന്ദ്ര പദ്ധതിയാണെന്നും പദ്ധതിച്ചെലവിനുള്ള തുക കേന്ദ്ര സർക്കാർ ജില്ലകൾക്കാണ് വിതരണം ചെയ്യുന്നതെന്നും ആയത് സംസ്ഥാന തലത്തിൽ വിതരണം ചെയ്യുന്ന പക്ഷം ഏതെങ്കിലും ജില്ലയിലെ ചെലവുകൾക്ക് തുക തികയാതെ വന്നാൽ ചെലവാക്കപ്പെടാതെയുള്ള തുക മാറ്റി നല്കാമെന്നുമുള്ള തെളിവെടുപ്പ്‌വേളയിലെ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ നിർദ്ദേശത്തോട് സമിതി യോജിക്കുന്നില്ല. മാത്രമല്ല ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ആരംഭിച്ചതിനുശേഷം നാളിതുവരെ സർക്കാർ വകുപ്പുകളുടെ ഭാഗത്തുനിന്നും ആത്മാർത്ഥമായ ഒരു സമീപനം ഉണ്ടായിട്ടില്ലെന്നും കേന്ദ്ര സർക്കാർ പാസ്സാക്കുന്ന നിയമപ്രകാരം ഫണ്ട് ചെലവഴിക്കണമെന്ന വ്യവസ്ഥയിൽ യാതൊരു ആശയക്കുഴപ്പവുമില്ലെന്നും എന്നാൽ പ്രസ്തുത വ്യവസ്ഥകൾ പ്രകാരം സർക്കാർ വകുപ്പുകൾ പ്രവർത്തിക്കുന്നില്ല എന്നതാണ് പ്രശ്നമെന്നും സമിതി നിരീക്ഷിക്കുന്നു. സംസ്ഥാനതല സമിതിക്ക് പദ്ധതി നടത്തിപ്പ് പരിശോധിക്കാനും അപാകതകൾ തിരുത്തുവാനും അധികാരമുണ്ടെന്നും എന്നാൽ പ്രസ്തുത സമിതി ഫലപ്രദമായി പ്രവർത്തിക്കുന്നില്ല എന്നും സമിതി അഭിപ്രായപ്പെടുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 6 | 64 | തദ്ദേശസ്വയം ഭരണം | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് ഫണ്ടിലേക്ക് കേന്ദ്ര വിഹിതമല്ലാതെ മറ്റേതെങ്കിലും ധനാഗമ മാർഗ്ഗം ഉണ്ടോയെന്ന് പരിശോധിച്ച് റിപ്പോർട്ട് നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 7 | 65 | ,, | പദ്ധതിപ്പണത്തിന്റെ വിനിയോഗം തൃപ്തികരമല്ല എന്ന ഓഡിറ്റിന്റെ അഭിപ്രായത്തോട് സമിതി യോജിക്കുന്നു. വിവിധ സ്രോതസ്സുകളിൽ നിന്നും 2007 മാർച്ച് വരെ ലഭിച്ച 48.36 കോടി രൂപയിൽ 27.90 കോടി രൂപ അഥവാ ലഭ്യമായ തുകയുടെ 57.69% മാത്രം വിനിയോഗം സൂചിപ്പിക്കുന്നത് പദ്ധതിയുടെ ഫലപ്രദമായ നടത്തിപ്പിലെ പരാജയമാണെന്ന് സമിതി വിലയിരുത്തുന്നു. തൊഴിലുറപ്പ് പദ്ധതി ചെലവിനായി ഓരോ ജില്ലയിലും എത്ര തുക വീതം നീക്കിയിരിപ്പുണ്ട് എന്നതിന്റെ കണക്ക് നൽകണമെന്ന് സമിതി ആവശ്യപ്പെട്ടിരുന്നെങ്കിലും ആയത് നാളിതുവരെ നൽകാത്തതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. പദ്ധതി ചെലവിനത്തിൽ 2014 മാർച്ച് 31-ന് ഓരോ ജില്ലയിലും എത്രതുക വീതം നീക്കിയിരിപ്പുണ്ട് എന്നതിന്റെ വിശദമായ റിപ്പോർട്ട് അടിയന്തരമായി നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 8 | 66 | ,, | രജിസ്റ്റർ ചെയ്ത മുഴുവൻ കുടുംബങ്ങൾക്കും തൊഴിൽ ലഭ്യമാക്കാത്തത് ശാരീരികാദ്ധ്വാനം ആവശ്യമുള്ള തൊഴിലിന് വ്യക്തികൾ എത്താതിരുന്നതുകൊണ്ടാണെന്ന വിശദീകരണം ഭാഗികമായി അംഗീകരിക്കാവുന്നതാണ്. കേരളത്തിൽ പ്രത്യേകിച്ചും പാലക്കാട് പോലുള്ള ജില്ലകളിൽ, നെൽകൃഷി നേരിടുന്ന പ്രധാന പ്രതിസന്ധികളിലൊന്നാണ് കർഷകത്തൊഴിലാളി |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | കളുടെ അഭാവം. തൊഴിലുറപ്പ് പദ്ധതികൊണ്ട് സൃഷ്ടിക്കപ്പെടുന്ന തൊഴിലവസരങ്ങൾ കൃഷിഭൂമിയിൽ ഉപയോഗിക്കാൻ കഴിഞ്ഞാൽ കേരളം പോലുള്ള സംസ്ഥാനങ്ങളിലെ നെൽക്കർഷകർക്ക് ആയത് വലിയ ആശ്വാസമാകുമെന്നും നെൽകൃഷിയുടെ അഭിവൃദ്ധിക്ക് സഹായകരമാകുമെന്നും സമിതി കരുതുന്നു. ആയതിനാൽ തൊഴിലുറപ്പ് പദ്ധതിയിൽ കാർഷിക മേഖലയെക്കൂടി ഉൾപ്പെടുത്തുന്നതിനായി കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 9 | 67 | തദ്ദേശസ്വയം ഭരണം | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിലെ വ്യവസ്ഥകൾ വിശദീകരിക്കുന്നതിനും രജിസ്ട്രേഷനുള്ള അപേക്ഷകൾ സ്വീകരിക്കുന്നതിനും പരിശോധന നടത്തുന്നതിനും ഗ്രാമസഭകൾ വിളിച്ചുചേർക്കാത്തത് പദ്ധതിയുടെ പ്രയോജനങ്ങളെപ്പറ്റി ഗുണഭോക്താക്കൾക്ക് അറിവ് ലഭിക്കാതെ പോകാനിടയാക്കിയതായി സമിതി നിരീക്ഷിക്കുന്നു. ഇത് പഞ്ചായത്തുകളുടെ ഭാഗത്തു നിന്നുണ്ടായ വീഴ്ചയായി സമിതി വിലയിരുത്തുന്നു. ഇക്കാര്യത്തിൽ ഗ്രാമസഭകൾ വിളിച്ചുചേർക്കുന്നതിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച റിപ്പോർട്ട് നൽകുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 10 | 68 | " | പദ്ധതിയെപ്പറ്റി ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനും സന്നദ്ധരായവരെ കണ്ടെത്തുന്നതിനും നിയമപ്രകാരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ നേതൃത്വത്തിൽ വീടുകൾതോറും നടത്തേണ്ട സർവ്വേ നാമമാത്രമായ പഞ്ചായത്തുകളിൽ മാത്രമേ നടത്തിയിട്ടുള്ളൂവെന്ന് സമിതി വിലയിരുത്തുന്നു. ഇത് പദ്ധതികൊണ്ടുള്ള |

| 1 | 2 | 3 | 4 |
| --- | --- | --- | --- |
| | | | പ്രയോജനങ്ങളെപ്പറ്റി വേണ്ടത്ര അറിവ് ലഭിക്കാതിരിക്കുന്നതിനും തൊഴിൽ ആവശ്യപ്പെടുന്നതിൽ വിപരീതഫലം ഉളവാക്കിയെന്നുമുള്ള ഓഡിറ്റിന്റെ കണ്ടെത്തലിനോട് സമിതി യോജിക്കുന്നു. എല്ലാ ഗ്രാമപഞ്ചായത്തുകളും നിയമം അനുശാസിക്കുന്ന പ്രകാരമുള്ള സർവ്വേ നടത്തേണ്ടതും പദ്ധതിയെപ്പറ്റി എല്ലാ വിഭാഗം ജനങ്ങളിലും വ്യക്തമായ അവബോധം സൃഷ്ടിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതുമാണെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 11 | 69 | തദ്ദേശസ്വയംഭരണം | കേരളീയ സമൂഹത്തിൽ അദ്ധ്വാനപരമായ തൊഴിൽ സംസ്കാരം നഷ്ടപ്പെടുന്നുവെന്ന് സമിതി ആശങ്കപ്പെടുന്നു. പഞ്ചായത്തുകൾ രൂപം നൽകുന്ന പ്രോജക്ടുകൾ തൊഴിലന്വേഷകന് ആകർഷകമായതും തൊഴിൽ ചെയ്യാൻ പ്രേരണയുണ്ടാക്കുന്നതും തൊഴിൽ ചെയ്യാൻ മാനസികമായി ഇഷ്ടപ്പെടുന്നതുമായിരിക്കണമെന്ന് സമിതി അഭിപ്രായപ്പെടുന്നു. നല്ല ഒരു തൊഴിൽ സംസ്കാരം സൃഷ്ടിക്കുന്നതിന് പ്രോജക്ടുകൾ ഉണ്ടാക്കുന്നതിലും ജനപങ്കാളിത്തം ഉറപ്പാക്കുന്നതിലും ഗ്രാമപഞ്ചായത്തുകൾ കൂടുതൽ ശ്രദ്ധിക്കേണ്ടതാണെന്നും സമിതി ശിപാർശ ചെയ്യുന്നു. തൊഴിലുറപ്പ് പദ്ധതിക്കായി വർഷം മുഴുവനും രജിസ്ട്രേഷൻ നടത്താമെന്നിരിക്കെ പാലക്കാട് ജില്ലയിൽ 2006 ഫെബ്രുവരി 17-നും ആഗസ്റ്റിനും ഇടയിലുള്ള കാലയളവിൽ രജിസ്ട്രേഷൻ മരവിപ്പിച്ചത് ചട്ടങ്ങളിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായാണ് എന്ന് സമിതി മനസ്സിലാക്കുന്നു. നിയമസഭാ തെരഞ്ഞെടുപ്പിനോടനുബന്ധിച്ചാണ് നിയന്ത്രണം ഏർപ്പെടുത്തിയിരിക്കുന്നതെന്നാണ് തെളിവെടുപ്പ് വേളയിൽ വിശദീകരണം നൽകിയത്. വയനാട് ജില്ലയിൽ ഇത്തരമൊരു നിയന്ത്രണമുണ്ടായിരുന്നില്ലെന്നും അവിടെ വർഷം മുഴുവൻ രജിസ്ട്രേഷൻ നടന്നതായും സമിതിക്ക് |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | ബോധ്യമായി. വയനാട് ജില്ലയിലെ ഗ്രാമപഞ്ചായത്തുകൾക്ക് നിയന്ത്രണം സംബന്ധിച്ച അറിവില്ലായിരുന്നുവെന്ന സർക്കാരിന്റെ വിശദീകരണത്തോട് സമിതി യോജിക്കുന്നില്ല. ഇക്കാര്യം പരിശോധിച്ച് റിപ്പോർട്ട് നൽകുവാൻ സമിതി ആവശ്യപ്പെടുകയും ആയത് ലഭ്യമാക്കാമെന്ന് തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ സെക്രട്ടറി സമിതിക്ക് ഉറപ്പുനൽകുകയും ചെയ്തിരുന്നുവെങ്കിലും പ്രസ്തുത റിപ്പോർട്ട് നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. ആവശ്യപ്പെട്ട റിപ്പോർട്ട് ലഭ്യമാക്കാത്തതിലും സമിതിക്ക് നൽകിയ ഉറപ്പ് പാലിക്കാത്തതിലും സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. സർക്കാരിന്റെ ഒരു പദ്ധതിയുടെ ഭാഗമായി പഞ്ചായത്തുകൾ നടപ്പാക്കിയ തൊഴിൽ പദ്ധതിയിൽ രജിസ്റ്റർ ചെയ്യുന്നതും ജോലിയും ശമ്പളവും നൽകുന്നതുമെല്ലാം ഒരു സാധാരണ പ്രക്രിയയാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ തെരഞ്ഞെടുപ്പ് കമ്മീഷന്റെ നിയന്ത്രണമുണ്ടാകാനിടയില്ലെന്നും അഥവാ ഉണ്ടെങ്കിൽ തന്നെ കമ്മീഷന്റെ അനുമതി വാങ്ങാമായിരുന്നതേയുള്ളുവെന്നും സമിതി നിരീക്ഷിക്കുന്നു. ഇക്കാര്യത്തിൽ പാലക്കാട് ജില്ലയിലെ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും ഗുരുതരമായ അനാസ്ഥയും വീഴ്ചയും ഉണ്ടായിട്ടുണ്ടെന്ന് സമിതി അഭിപ്രായപ്പെടുന്നു. ആയതിനാൽ ഇക്കാര്യം വിശദമായി പരിശോധിച്ച് റിപ്പോർട്ട് നൽകുന്നതിനും ഭാവിയിൽ ഇത്തരത്തിലുള്ള വീഴ്ച ഉണ്ടാകാതിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണെന്നും സമിതി ശിപാർശ ചെയ്യുന്നു. |
| 12 | 70 | തദ്ദേശസ്വയംഭരണം | കൃത്രിമങ്ങളിൽ നിന്ന് തൊഴിലാളികളെ രക്ഷിക്കുന്നതിനും സുതാര്യത ഉറപ്പാക്കുന്നതിനുമുള്ള നിർണ്ണായക രേഖയായ തൊഴിൽ കാർഡ് യഥാസമയം നൽകുന്നതിൽ വീഴ്ചയുണ്ടായതായി സമിതി വിലയിരുത്തുന്നു. ഫോട്ടോയുൾപ്പെടെ തൊഴിൽ കാർഡിന്റെ ചെലവ് പദ്ധതിയുടെ ചെലവിന്റെ ഭാഗമായി വഹിക്കാമായിരുന്നുവെങ്കിലും |

| 1 | 2 | 3 | 4 |
| --- | --- | --- | --- |
| | | | വയനാട് ജില്ലയിലെ പട്ടികജാതി/പട്ടികവർഗ്ഗക്കാരല്ലാത്ത രജിസ്റ്റർ ചെയ്ത കുടുംബങ്ങളോട് ഫോട്ടോ സ്വന്തം ചെലവിൽ ഹാജരാക്കാൻ നിർദ്ദേശിച്ചത് ക്രമരഹിതവും മാർഗ്ഗനിർദ്ദേശങ്ങളുടെ ലംഘനവുമാണെന്ന് മാത്രമല്ല ആയത് തൊഴിൽ കാർഡ് നൽകുന്നതിന് കാലതാമസത്തിന് ഇടവരുത്തുകയും ചെയ്തു. പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി അത്തരമൊരു നിർദ്ദേശം നൽകിയത് സമിതി ഗൗരവമായി വീക്ഷിക്കുകയും ആയതിനുള്ള അടിസ്ഥാനമെന്തെന്നും ഉത്തരവാദിയാരെന്നുമുള്ള റിപ്പോർട്ട് ഒരു മാസത്തിനകം നൽകാനും 28-12-2011-ലെ തെളിവെടുപ്പുവേളയിൽ സമിതി ആവശ്യപ്പെട്ടിരുന്നു. എന്നാൽ പ്രസ്തുത റിപ്പോർട്ട് നാളിതുവരെ സമിതിക്ക് ലഭ്യമാക്കിയിട്ടില്ല. സമിതി ആവശ്യപ്പെട്ട റിപ്പോർട്ട് ലഭ്യമാക്കാത്തതിലും നൽകിയ ഉറപ്പ് പാലിക്കാത്തതിലും സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നതിനോടൊപ്പം പ്രസ്തുത റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കുന്നതിനും സമിതി ആവശ്യപ്പെടുന്നു. കൂടാതെ സർക്കാരിന്റെ വിവിധ പദ്ധതികൾ പ്രാവർത്തികമാക്കുമ്പോൾ അവയുടെ മാർഗ്ഗനിർദ്ദേശങ്ങൾ സംബന്ധിച്ച് നിർവ്വഹണ ഉദ്യോഗസ്ഥർ ബോധവാന്മാരായിരിക്കണമെന്നും കുറ്റമറ്റരീതിയിൽ പദ്ധതി നടപ്പാക്കപ്പെടുന്നുവെന്ന് ത്രിതല പഞ്ചായത്ത് ഭരണസമിതികളും സർക്കാരും ഉറപ്പുവരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു. |
| 13 | 71 | തദ്ദേശസ്വയംഭരണം | രജിസ്റ്റർ ചെയ്ത എല്ലാ കുടുംബങ്ങൾക്കും നിയമത്തിൽ വ്യവസ്ഥ ചെയ്യുന്ന തൊഴിൽ നൽകുന്നതിന് ഗ്രാമപഞ്ചായത്തുകളെയും പ്രോഗ്രാം ഓഫീസർമാരെയും ജില്ലാ പ്രോഗ്രാം കോഡിനേറ്റർമാരെയും പ്രാപ്തരാക്കുന്ന വിധത്തിൽ ആസൂത്രണ പ്രക്രിയ ശക്തിപ്പെടുത്തുന്നതിന് അനുയോജ്യമായ അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 14 | 72 | തദ്ദേശസ്വയംഭരണം | ഭൂരിഭാഗം കാർഡുടമകളും തൊഴിലിന് അപേക്ഷിക്കാതിരുന്നത് ഗുണഭോക്താക്കൾക്കിടയിൽ മതിയായ ബോധവൽക്കരണം നൽകാതിരുന്നതിനാലാണെന്ന് സമിതി വിലയിരുത്തുന്നു. തൊഴിലിനായി രജിസ്റ്റർ ചെയ്യുന്നവരിൽ ഭൂരിഭാഗവും അഭ്യസ്തവിദ്യരായിരുന്നതിനാൽ കായികാദ്ധ്വാനത്തിന് തയ്യാറായിരുന്നില്ലായെന്ന സർക്കാർ വിശദീകരണം പദ്ധതിയുടെ നടത്തിപ്പിന്റെ വിശകലനത്തിന്റെ ആവശ്യകതയിലേക്ക് വിരൽ ചൂണ്ടുന്നതായി സമിതി നിരീക്ഷിക്കുന്നു. പദ്ധതിയിലെ ആനുകൂല്യങ്ങളും വ്യവസ്ഥകളും വ്യക്തമായി മനസ്സിലാക്കുന്നതിനുതകുന്ന വിധത്തിൽ ഓരോ കുടുംബത്തെയും ബോധവൽക്കരിക്കുന്നതോടൊപ്പം തൊഴിലന്വേഷകരെ ആകർഷിക്കുന്ന വിധത്തിൽ പദ്ധതി ആസൂത്രണം ചെയ്യുന്നതിന് ഫലപ്രദമായ മാർഗ്ഗങ്ങൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 15 | 73 | " | തൊഴിലിനുള്ള അപേക്ഷ ചുരുങ്ങിയത് തുടർച്ചയായി 14 ദിവസത്തേക്കെങ്കിലും വേണ്ടിയായിരിക്കണമെന്നുണ്ടെങ്കിലും കുടുംബത്തിന്റെ ആകെയുള്ള അർഹതയ്ക്ക് വിധേയമായി ഒരാൾ അപേക്ഷിക്കുന്ന തൊഴിൽദിനങ്ങളുടെ എണ്ണത്തിനോ അയാൾക്ക് നൽകിയ തൊഴിൽദിനങ്ങളുടെ എണ്ണത്തിനോ പരിധിയില്ല എന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 100 ദിവസത്തെ തൊഴിലിന് നൽകിയ അപേക്ഷകൾ 14 ദിവസം എന്നാക്കി തിരുത്തിയ നടപടി ഉചിതമായില്ലെന്ന് സമിതി വിലയിരുത്തുന്നു. നിയമം ലംഘിച്ച് സമർപ്പിച്ച അപേക്ഷകൾ സ്വീകരിച്ചതും ശരിയായില്ല എന്ന് സമിതി അഭിപ്രായപ്പെടുന്നു. തൊഴിൽ ആവശ്യമുള്ളവർ 100 ദിവസത്തെ തൊഴിലിന് |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | അപേക്ഷിക്കുമ്പോൾ നിയമപ്രകാരം അത്രയും ദിവസത്തെ ജോലി നൽകേണ്ട ബാധ്യത ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിനുണ്ട്. എന്നാൽ 100 ദിവസം ജോലി നൽകുന്നതിനുള്ള പ്രോജക്ട് തയ്യാറാക്കാൻ ഒരു പഞ്ചായത്തിനുമാത്രമായി പലപ്പോഴും സാധിക്കാതെ വരുന്നുവെന്ന് സമിതി മനസ്സിലാക്കുന്നു. ഗ്രാമപഞ്ചായത്തുകൾ നേരിടുന്ന അത്തരം പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരമായി തൊഴിലുറപ്പ് പദ്ധതിയുടെ പ്രോജക്ട് ശാസ്ത്രീയമായി തയ്യാറാക്കുന്നതിനായി ഒരു വിദഗ്ദ്ധ സമിതി രൂപീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 16 | 74 | തദ്ദേശസ്വയം ഭരണം | തൊഴിൽ ലഭിക്കുന്നതിനുള്ള അപേക്ഷകൾ സ്വീകരിക്കുമ്പോൾ തീയതിവെച്ച രസീതുകൾ നൽകേണ്ടതാണെന്ന് സമിതി നിഷ്കർഷിക്കുന്നു. തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട വിവിധ പ്രവർത്തനങ്ങൾക്കായി ആഴ്ചയിൽ ഒരു ദിവസം തൊഴിലുറപ്പ് ദിനമായി നീക്കിവെക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ടെങ്കിലും ഒരു പഞ്ചായത്തും ഇവ പാലിക്കുന്നില്ല എന്ന് സമിതി മനസ്സിലാക്കുന്നു. മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം ആഴ്ചയിൽ ഒരു നിശ്ചിത ദിവസം തൊഴിലുറപ്പ് ദിനമായി നീക്കിവയ്ക്കേണ്ടതാണെന്ന നിർദ്ദേശം കർശനമായി പാലിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 17 | 75 | " | പ്രാരംഭത്തിൽ പദ്ധതി വ്യാപനത്തിൽ ജനപങ്കാളിത്തം ഉറപ്പാക്കുന്നതിൽ പഞ്ചായത്തുകൾക്ക് വീഴ്ച സംഭവിച്ചതായി സമിതി മനസ്സിലാക്കുന്നു. പഞ്ചായത്തുതലത്തിൽ കുടുംബശ്രീ, സി.ഡി.എസ്., സാക്ഷരതാവാളന്റിയേഴ്സ് ഭവനങ്ങൾ സന്ദർശിച്ച് ജനപങ്കാളിത്തം |

| 1 | 2 | 3 | 4 |
|---|---|---|---|
| | | തദ്ദേശസ്വയം ഭരണം | ഉറപ്പാക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചു വരുന്നതായി സമിതി നിരീക്ഷിച്ചു. പദ്ധതി വിജയപ്രദമാക്കുന്നതിനായി ജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ അതീവജാഗ്രതയോടെ സ്വീകരിക്കേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. 2006-07 വർഷത്തിൽ പദ്ധതി കൈവരിച്ച നേട്ടം കേവലം 20.68 ശതമാനം മാത്രമാണെന്ന് മനസ്സിലാക്കുന്ന സമിതി, തൊഴിൽ നൽകുന്നതിലുണ്ടായ കുറവ് പരിഹരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ സംബന്ധിച്ചും ഇക്കാര്യത്തിൽ കൈവരിച്ച പുരോഗതി സംബന്ധിച്ചുമുള്ള റിപ്പോർട്ട് നൽകണമെന്ന് ശിപാർശ ചെയ്യുന്നു. |
| 18 | 76 | " | തൊഴിൽ അനുവദിച്ച തൊഴിൽ കാർഡുടമകളെ അറിയിക്കേണ്ടതാണെന്ന് സമിതി നിഷ്കർഷിക്കുന്നു. ഇതിനായി നിലവിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ സംബന്ധിച്ച് വിശദമായ റിപ്പോർട്ട് നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 19 | 77 | " | പദ്ധതി നിയമം അനുശാസിക്കുന്ന അവകാശങ്ങളെയും അർഹതകളേയും സംബന്ധിച്ച് ഗുണഭോക്താക്കൾക്ക് പരിശീലന ക്ലാസ്സുകൾ വഴി അവബോധം നൽകാറുണ്ട് എന്ന് സർക്കാർ അവകാശപ്പെടുന്നുവെങ്കിലും ആയത് വേണ്ടത്ര ഫലപ്രദമായിരുന്നില്ലെന്ന് ഓഡിറ്റിൽ തെളിയുന്നതായി സമിതിയ്ക്ക് ബോധ്യപ്പെട്ടു. ഗുണഭോക്താക്കളുടെ അജ്ഞത തൊഴിൽ ആവശ്യപ്പെടുന്നതോത് കുറയ്ക്കാനിടയാക്കിയെന്നും പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളിൽ നിന്ന് അകന്നുപോയതായും സമിതി നിരീക്ഷിക്കുന്നു. നിയമം അനുശാസിക്കുന്ന അവകാശങ്ങളേയും അർഹതകളെയും സംബന്ധിച്ച് |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | ഗുണഭോക്താക്കൾക്ക് മതിയായ അവബോധം സൃഷ്ടിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നും ഇതുസംബന്ധിച്ച വിശദമായ റിപ്പോർട്ട് നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു. |
| 20 | 78 | തദ്ദേശസ്വയം ഭരണം | കേരളത്തിലെ കർഷകത്തൊഴിലാളികൾക്കായി സംസ്ഥാന സർക്കാർ നിശ്ചയിച്ച കുറഞ്ഞ വേതനനിരക്കായ 125 രൂപയാണ് തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമാക്കിയതെങ്കിലും അതിനേക്കാൾ താഴെയുള്ള വേതനമാണ് ഭൂരിപക്ഷം പഞ്ചായത്തുകളും നല്കിയതെന്ന് സമിതി നിരീക്ഷിക്കുന്നു. പദ്ധതിപ്രകാരമുള്ള ദിവസവേതനത്തിൽ വർദ്ധനവ് വരുത്തേണ്ടതിന് മറ്റ് സമാനതൊഴിൽ മേഖലകളുമായി താരതമ്യ പഠനം നടത്തി കാലാനുസൃതമായി വേതന വർദ്ധനവ് നടപ്പിലാക്കേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൻ കീഴിൽ ജോലിചെയ്യുന്ന തൊഴിലാളികൾക്ക് കൂലി തുലോം കുറവാണെന്ന് സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ കുറഞ്ഞ കൂലി 250 രൂപയെങ്കിലുമാക്കി വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് ശിപാർശ ചെയ്യുന്നു. |
| 21 | 79 | " | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരമുള്ള കുറഞ്ഞ വേതനനിരക്കും വിതരണം ചെയ്ത വേതനത്തിന്റെ വിശദാംശങ്ങളും ജോലിസ്ഥലത്ത്/ഗ്രാമപഞ്ചായത്തുകളിൽ പ്രദർശിപ്പിക്കേണ്ടതാണെന്നും ഇതിനായി സ്വീകരിച്ച നടപടി റിപ്പോർട്ട് നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 22 | 80 | തദ്ദേശസ്വയം ഭരണം | തൊഴിൽ നൽകുന്നതിന്റെ അവിഭാജ്യഘടകമായി വേതനവിതരണത്തിനുണ്ടാകുന്ന കാലതാമസം പദ്ധതിയുടെ യഥാർത്ഥ ലക്ഷ്യപ്രാപ്തിക്ക് വിഘാതമായതായും ഇക്കാര്യത്തിൽ ഗുരുതരമായ അനാസ്ഥ ഉണ്ടായതായും സമിതി അഭിപ്രായപ്പെടുന്നു. കൃത്യമായ വേതനവിതരണത്തിന് കുറ്റമറ്റ സമ്പ്രദായം അവലംബിക്കേണ്ടത് അനിവാര്യമാണെന്ന് സമിതി വിലയിരുത്തുന്നു. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിലെ ഉപചട്ടം 3(3) പ്രകാരം വേതനവിതരണം യഥാസമയം ചെയ്യാത്തതും തൊഴിൽ ചെയ്ത് പരമാവധി 14 ദിവസത്തിനകം വേതനം നൽകുന്നതിനും കാലതാമസമുണ്ടായാൽ നിയമപ്രകാരം നഷ്ടപരിഹാരം നൽകുന്നതിനും സ്വീകരിച്ച നടപടികൾ സംബന്ധിച്ച് വിശദമായ റിപ്പോർട്ട് നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 23 | 81 | " | പദ്ധതിയുടെ പ്രയോജനങ്ങളെ സംബന്ധിച്ച് ഗുണഭോക്താക്കളുടെ അറിവില്ലായ്മയും തൊഴിലിന് അപേക്ഷിക്കുന്നതിൽ ഏർപ്പെടുത്തിയ നിയന്ത്രണവും നിയമപ്രകാരം അർഹതയുള്ള തൊഴിലില്ലായ്മ ബത്ത ലഭിക്കാതിരിക്കാൻ കാരണമായെന്ന ഓഡിറ്റിന്റെ കണ്ടെത്തലിനോട് സമിതി പൂർണ്ണമായും യോജിക്കുന്നു. പദ്ധതിപ്രകാരം 100 ദിവസത്തെ തൊഴിൽ നൽകുന്നതിൽ പരാജയപ്പെടുന്ന സാഹചര്യത്തിൽ അപേക്ഷ ലഭിക്കാതെതന്നെ തൊഴിൽ കാർഡുടമയ്ക്ക് തൊഴിലില്ലായ്മബത്ത നൽകേണ്ടതാണെന്ന് സമിതി മനസ്സിലാക്കുന്നു. എന്നാൽ ഇക്കാര്യത്തിൽ ഉത്തരവാദപ്പെട്ടവരുടെ ഭാഗത്തുനിന്നും ഗുരുതരമായ വീഴ്ച സംഭവിച്ചതായി വിലയിരുത്തുന്നു. ഗുണഭോക്താക്കൾക്ക് നഷ്ടപരിഹാരത്തിന് അവകാശമുണ്ടായിരിക്കേ പരിശോധനാ... |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | വിധേയമായ ഗ്രാമപഞ്ചായത്തു കളിലൊന്നും തന്നെ തൊഴിലില്ലായ്മാബത്ത നൽകാതിരുന്നത് സമിതി അത്ഭുതത്തോടെ വീക്ഷിക്കുന്നു. തൊഴിലില്ലായ്മ വേതനം ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷകളൊന്നും ലഭിച്ചിട്ടില്ലെന്ന സർക്കാരിന്റെ മറുപടി പദ്ധതിയുടെ വിവിധ തലത്തിലുള്ള പാളിച്ചകളിലേക്ക് വിരൽ ചൂണ്ടുന്നു. നിലവിൽ ആവശ്യപ്പെട്ട തൊഴിലിനെ സംബന്ധിച്ച സമാഹൃത വിവരങ്ങൾ കൃത്യമായി സൂക്ഷിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണെന്ന് സമിതി നിർദ്ദേശിക്കുന്നു. തൊഴിലിന് അപേക്ഷ സമർപ്പിച്ചെങ്കിലും തൊഴിൽ നൽകാൻ കഴിയാത്ത തൊഴിൽ കാർഡുടമകൾക്ക് തൊഴിലില്ലായ്മബത്ത നൽകുന്നതിലെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദമായ റിപ്പോർട്ട് നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 24 | 82 | തദ്ദേശസ്വയം ഭരണം | വയനാട് ജില്ലയിലെ നെന്മേനി, വെള്ളമുണ്ട ഗ്രാമപഞ്ചായത്തുകളിൽ 2.20 ലക്ഷം രൂപ ചെലവാക്കി നീർത്തട മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിലാണ് കളിസ്ഥലം നിർമ്മാണം എന്ന പ്രവൃത്തി, സ്വകാര്യ സ്ഥലത്ത് നടത്തിയതെന്ന വിശദീകരണം തൃപ്തികരമായി സമിതി കാണുന്നില്ല. തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ എല്ലാ വിദ്യാലയങ്ങളിലും കുടിവെള്ളം ലഭ്യമാക്കുന്നതിനും കിണർ വൃത്തിയാക്കുന്ന തിനുമായി പ്രോജക്ടുകൾക്ക് രൂപം നൽകി നടപ്പിലാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 25 | 83 | ” | പദ്ധതിക്കുവേണ്ടി അനുവദിക്കപ്പെട്ട തുകയുടെ 60 ശതമാനമെങ്കിലും അവിദഗ്ധതൊഴിൽ നൽകുന്നതിനുവേണ്ടി വിനിയോഗിക്കപ്പെടണമെന്ന പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിലെ നിലവിലെ സ്ഥിതി സംബന്ധിച്ച റിപ്പോർട്ട് നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 26 | 84 | തദ്ദേശസ്വയം ഭരണം | വയനാട് ജില്ലയിലെ 36 പ്രവൃത്തികളിൽ ചട്ടം അനുശാസിക്കുന്ന പ്രകാരം അളവിൽ കുറവുവരുത്താത്തതുകാരണം 1.72 ലക്ഷം രൂപയുടെ അധികച്ചെലവിനിടയാക്കി എന്നത് സമിതി ഗൗരവമായി കാണുന്നു. കൂലി കൃത്യമായി നൽകുന്നതിനുവേണ്ടിയാണ് കൂടുതൽ സാങ്കേതികത്വം സ്വീകരിക്കാതിരുന്നത് എന്ന സർക്കാർ വാദം അംഗീകരിക്കാനാവില്ല. ഗുണഭോക്താക്കൾക്ക് അർഹതയുള്ള കൂലി കൃത്യമായി നൽകുന്നതോടൊപ്പം തന്നെ സർക്കാരിന്റെ പണം ചട്ടപ്രകാരം ചെലവഴിക്കുന്നതിലും ശ്രദ്ധിക്കേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. |
| 27 | 85 | " | മാർഗ്ഗരേഖ അനുസരിച്ച് ഗ്രാമപഞ്ചായത്തുകൾ നിർവ്വഹിക്കേണ്ട പ്രവൃത്തികൾ അതത് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ആയിരിക്കണം പ്രവൃത്തികൾ നിർവ്വഹിക്കേണ്ടത്. എന്നാൽ വയനാട് ജില്ലയിലെ മൂന്ന് ഗ്രാമപഞ്ചായത്തുകൾ വാർഷിക പദ്ധതിയിലില്ലാത്ത 78 പ്രവൃത്തികൾ നടത്തിയെന്ന് സമിതി മനസ്സിലാക്കുന്നു. ഗ്രാമപഞ്ചായത്തുകളുടെ പ്രസ്തുത നടപടി ഉചിതമായില്ലെന്നും സമിതി അഭിപ്രായപ്പെടുന്നു. മാർഗ്ഗരേഖകളിലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 28 | 86 | " | വാർഷിക പദ്ധതികൾ തയ്യാറാക്കുമ്പോൾ പ്രവൃത്തിയുള്ള സ്ഥലത്തെ സാഹചര്യങ്ങൾ, ചെയ്യേണ്ട ജോലിയുടെ വ്യാപ്തി എന്നിവയനുസരിച്ച് അടങ്കൽ തയ്യാറാക്കിയിരുന്നെങ്കിൽ ഭരണ സാങ്കേതികാനുമതികളിലെ തുകയും യഥാർത്ഥ ചെലവും തമ്മിലുള്ള അന്തരം ഭീമമാകുമായിരുന്നി |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | ല്ലായെന്ന് സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ, ഇത്തരം വൈരുദ്ധ്യങ്ങളൊഴിവാക്കി കൂടുതൽ കൃത്യതയും കണിശതയും പുലർത്തി വാർഷിക പദ്ധതികൾ തയ്യാറാക്കേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 29 | 87 | തദ്ദേശസ്വയം ഭരണം | അടങ്കൽ തയ്യാറാക്കുമ്പോൾ ശ്രദ്ധിക്കേണ്ട അത്യാവശ്യഘടകങ്ങൾ പോലും പരിശോധിക്കാത്തതും കണക്കിലെടുക്കാത്തതുമാണ് അടങ്കലിൽ കാണിച്ചതിനേക്കാൾ പ്രവൃത്തികളുടെ അളവ് അധികരിക്കാൻ ഇടയാക്കിയതെന്ന് സമിതി വിലയിരുത്തുന്നു. 'റഫ് കോസ്റ്റ് എസ്റ്റിമേറ്റ്' എടുത്തപ്പോൾ ഉണ്ടായ പിഴവാണ് ഇതിന് കാരണമെന്ന മറുപടി ന്യായീകരിക്കത്തക്കതല്ല. പുതുശ്ശേരി ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട് ഓഡിറ്റ് പരാമർശം പ്രത്യേകം പരിശോധിച്ച് റിപ്പോർട്ട് നൽകണമെന്ന് സമിതി ആവശ്യപ്പെട്ടെങ്കിലും ആയത് നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. സമിതി ആവശ്യപ്പെട്ട റിപ്പോർട്ട് നൽകാത്തതിൽ അതൃപ്തി രേഖപ്പെടുത്തുന്നതോടൊപ്പം പ്രസ്തുത റിപ്പോർട്ട് എത്രയും വേഗം നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു. പദ്ധതി പ്രകാരം ഓരോ ജില്ലയ്ക്കും പ്രത്യേകം ഷെഡ്യൂൾ നിരക്കുകൾ തയ്യാറാക്കുന്നതിലുണ്ടായ വീഴ്ച ഓരോ കുടുംബത്തിനും കുറഞ്ഞ വേതനം നൽകുന്നത് ഉറപ്പാക്കുക എന്ന പദ്ധതി ലക്ഷ്യം നേടാൻ തടസ്സമായെന്നും സമിതി വിലയിരുത്തുന്നു. പാലക്കാട്, കാസർഗോഡ് ജില്ലകളിൽ ജില്ലാ ഷെഡ്യൂൾ നിരക്കുകൾ ക്രമീകരിക്കുന്നതിനായി 'ടൈം മോഷൻ വർക്ക് സ്റ്റഡി പൈലറ്റ് ടെസ്റ്റ് നടക്കുന്നതായി തെളിവെടുപ്പുവേളയിൽ വെളിപ്പെടുത്തിയിരുന്നു. പ്രസ്തുത പഠന റിപ്പോർട്ടിന്റെ പകർപ്പും ആയതിന്മേൽ സ്വീകരിച്ച നടപടി റിപ്പോർട്ടും ലഭ്യമാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 30 | 88 | തദ്ദേശസ്വയം ഭരണം | ജില്ലാതലത്തിൽ അംഗീകൃത രൂപരേഖകൾ ഏകോപിപ്പിക്കാതിരുന്നതിനാൽ ഗ്രാമപഞ്ചായത്തുകൾ ഒരേപോലുള്ള പ്രവൃത്തികൾക്ക് ഓരോ സമയവും അനാവശ്യമായി രൂപരേഖ തയ്യാറാക്കുന്നതിനിടയാക്കിയതായി സമിതി മനസ്സിലാക്കുന്നു. ജില്ലാതലത്തിലുള്ള അംഗീകൃത രൂപ രേഖ തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നതായും ആയതു സംബന്ധിച്ച വിശദാംശങ്ങളും രൂപരേഖയുടെ പകർപ്പും ലഭ്യമാക്കാമെന്നും തെളിവെടുപ്പ് വേളയിൽ തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി സമിതിക്ക് നൽകിയ ഉറപ്പുകൾ നാളിതുവരെ പാലിക്കാത്തതിൽ സമിതി അതൃപ്തി പ്രകടിപ്പിക്കുന്നതോടൊപ്പം പ്രസ്തുത റിപ്പോർട്ട് അടിയന്തരമായി സമർപ്പിക്കണമെന്നും ശിപാർശ ചെയ്യുന്നു. |
| 31 | 89 | ,, | തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി സംസ്ഥാന തലത്തിൽ ഒരു റോഡ് തെരഞ്ഞെടുത്ത് അതിന്റെ ഇരുവശത്തും ഔഷധ സസ്യങ്ങൾ, ഉദ്യാനചെടികൾ, മറ്റു ചെറുതണൽ വൃക്ഷങ്ങൾ എന്നിവ വച്ചുപിടിപ്പിച്ച് തോട്ടമായി പരിരക്ഷിക്കുക, തോടുകളിൽ ചെക്ക്ഡാമുകൾ നിർമ്മിക്കുക തുടങ്ങിയ പദ്ധതികൾ നടപ്പാക്കണമെന്നും തൊഴിലാളികൾക്കാവശ്യമായ പരിശീലനം നൽകണമെന്നും ഇതിനായി കാർഷിക സർവ്വകലാശാലയുടെയും മറ്റു ഗവേഷണ സ്ഥാപനങ്ങളുടെയും സഹായം തേടാവുന്നതാണെന്നും സമിതി ശിപാർശ ചെയ്യുന്നു. സ്ഥായിയായ വികസനപദ്ധതികൾ ആസൂത്രണം ചെയ്യുന്നതിന് സംസ്ഥാനതലത്തിൽ ഒരു സമിതി രൂപീകരിക്കണമെന്നും ശിപാർശ ചെയ്യുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 32 | 90 | തദ്ദേശസ്വയം ഭരണം | വാർഷിക പദ്ധതിയിൽ ആസ്തികളുടെ വിശദാംശങ്ങൾ ഉൾക്കൊള്ളിക്കുകയും പ്രവൃത്തി പൂർത്തീകരിച്ചതിനുശേഷം അവ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. ഒരു തുടർ നിരീക്ഷണ പ്രക്രിയ എന്ന നിലയിൽ ഓരോ ആറുമാസക്കാലയളവിലും നടത്തിയ എന്റിഗ പ്രവൃത്തികളുടെ വിശദമായ സാമൂഹിക ഓഡിറ്റ് നടത്താതിരുന്നത് പദ്ധതിയുടെ സുതാര്യത ഉറപ്പുവരുത്തുന്നതിലും പൊതുവായ സാമ്പത്തികോത്തരവാദിത്വം ഉറപ്പുവരുത്തുന്നതിലും സംഭവിച്ച പാളിച്ചയായി സമിതി നിരീക്ഷിക്കുന്നു. എല്ലാ ജില്ലകളിലും സാമൂഹിക ഓഡിറ്റ് കൃത്യമായി നടത്തുന്നുവെന്നു ഉറപ്പുവരുത്തണമെന്നും അതിൽ എത്രത്തോളം പൊതുജനപങ്കാളിത്തം ഉണ്ടായിയെന്നുമുള്ള വിശദമായ റിപ്പോർട്ട് നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ സാമൂഹിക ഓഡിറ്റിംഗിനായി തയ്യാറാക്കിയ ബൃഹത് പദ്ധതി സംബന്ധിച്ച വിശദാംശങ്ങളും നൽകണമെന്ന് ശിപാർശ ചെയ്യുന്നു. |
| 33 | 91 | ” | പദ്ധതിയുടെ ആസൂത്രണം, നിർവ്വഹണം, തുടർ നിരീക്ഷണം എന്നീ ഘട്ടങ്ങളിലെ സ്വതന്ത്രമായ വിലയിരുത്തൽ നടത്തി യഥാസമയത്തെ തിരുത്തൽ പ്രക്രിയയിലൂടെ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളുടെ പൂർത്തീകരണം സാധ്യമാക്കാമായിരുന്നു എന്ന് സമിതി വിലയിരുത്തുന്നു. ഒരു പുതിയ പദ്ധതി എന്ന നിലയിൽ എൻറിഗയുടെ ആദ്യകാലത്തെ സ്വാധീന ഫലങ്ങൾ പരിശോധിക്കാൻ വിലയിരുത്തലിന്റെ അഭാവത്തിൽ സാധിച്ചില്ലെന്നും സമിതി നിരീക്ഷിക്കുന്നു. സെന്റർ ഫോർ റൂറൽ മാനേജ്മെന്റും ഡൽഹി യൂണിവേഴ്സിറ്റിയും വിലയിരുത്തി പഠനങ്ങൾ നടത്തിയിട്ടുള്ളതിന്റെ പകർപ്പ് സമർപ്പിക്കാമെന്നുള്ള ഉറപ്പ് പാലിക്കാത്തതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. ആയതിന്റെ പകർപ്പ് സമർപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 34 | 92 | തദ്ദേശസ്വയം ഭരണം | പദ്ധതിപ്രകാരം ഏറ്റെടുത്തിട്ടുള്ള പ്രവൃത്തികളുടെ നിശ്ചിത ശതമാനത്തിന്മേൽ പരിശോധന, വിലയിരുത്തൽ, മേലന്വേഷണം, തുടർനിരീക്ഷണം എന്നിവ നിലവിൽ നടപ്പാക്കിവരുന്നുണ്ടോ എന്ന പരിശോധിച്ച് റിപ്പോർട്ട് നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 35 | 93 | " | തൊഴിലില്ലായ്മാവേതനം, കർഷകത്തൊഴിലാളി പെൻഷൻ, വാർദ്ധക്യകാല പെൻഷൻ, അവിവാഹിതർക്കുള്ള പെൻഷൻ, വികലാംഗ പെൻഷൻ, വിധവാ/അഗതി പെൻഷൻ എന്നീ സാമൂഹ്യസുരക്ഷാ പദ്ധതികളുടെ അർഹതയ്ക്ക് വേണ്ടിയുള്ള വരുമാനപരിധി മഹാത്മാ ഗാന്ധി തൊഴിലുറപ്പ് പദ്ധതിപ്രകാരം 100 ദിവസത്തെ വേതനമായ 12,500 രൂപയിലും കുറവാകയാൽ 100 ദിവസത്തെ തൊഴിൽ ലഭിക്കുന്ന ഒരാൾക്ക് പ്രസ്തുത ആനുകൂല്യങ്ങൾക്ക് അർഹതയുണ്ടാകില്ലാ എന്ന വൈരുദ്ധ്യം പഠനവിധേയമാക്കേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 36 | 94 | " | എൻറിഗയുടെ സ്വാധീനം സംബന്ധിച്ച് സംസ്ഥാന തൊഴിലുറപ്പ് കൗൺസിൽ വിശകലനം ചെയ്യുകയും അതിന്റെയടിസ്ഥാനത്തിലുള്ള അഭിപ്രായം രൂപീകരിച്ച് കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു. |
| 37 | 95 | " | ഓഡിറ്റ് ഖണ്ഡികയിലെ നിഗമനങ്ങൾ അംഗീകരിച്ച് നടപ്പിലാക്കുന്നതാണെന്നും ശിപാർശകൾ നടപ്പിലാക്കുന്നതു സംബന്ധിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നതാണെന്നും ആയത് സംബന്ധിച്ച റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കുന്നതാണെന്നും തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി സമിതി മുമ്പാകെ ഉറപ്പ് നൽകിയിരുന്നുവെങ്കിലും പ്രസ്തുത റിപ്പോർട്ട് നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. സർക്കാരിന്റെ പ്രസ്തുത നടപടിയിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നതോടൊപ്പം കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറലിന്റെ റിപ്പോർട്ടിലെ നിഗമനങ്ങളിന്മേലും ശിപാർശകളിന്മേലും സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട് അടിയന്തരമായി നൽകണമെന്നും സമിതി ആവശ്യപ്പെടുന്നു. |

<u>അനുബന്ധം II</u>

## ഓഡിറ്റ് ഖണ്ഡികകൾക്ക് സർക്കാർ നൽകിയ മറുപടി

| ഓഡിറ്റ് ഖണ്ഡിക നമ്പർ | സ്വീകരിച്ച നടപടി |
|---|---|
| 1 | 2 |
| 3.1 | അഭിപ്രായമില്ല. |
| 3.1.2 | കേരളത്തിൽ ശക്തമായ പഞ്ചായത്ത് രാജ് സംവിധാനം നിലവിലുള്ളതിനാൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ നിർവ്വഹണ ചുമതല പൂർണ്ണമായും ഗ്രാമപഞ്ചായത്തുകളെയാണ് ഏൽപ്പിച്ചിട്ടുള്ളത്. ആയതിനാൽ വിവിധ വകുപ്പുകൾ, സർക്കാരിതര സംഘടനകൾ, കേന്ദ്ര സംസ്ഥാന സർക്കാർ സംരംഭങ്ങൾ, സ്വയംസഹായ സംഘങ്ങൾ എന്നിവയെ നിർവ്വഹണം ഏല്പിച്ചിട്ടില്ല. |
| 3.1.3 | അഭിപ്രായമില്ല. |
| 3.1.4 | അഭിപ്രായമില്ല. |
| 3.1.5 | അഭിപ്രായമില്ല. |
| 3.1.6 | അഭിപ്രായമില്ല |
| 3.1.7 | |
| 3.1.7.1 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം 7-9-2005-ൽ വിജ്ഞാപനം ചെയ്തുവെങ്കിലും പാലക്കാട്, വയനാട് ജില്ലകളിലേക്ക് വ്യാപിപ്പിച്ചുകൊണ്ട് കേന്ദ്ര സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളത് 2-2-2006-ൽ മാത്രമാണ്. 1-3-2006-ന് സംസ്ഥാനത്ത് 12-ാമത് നിയമസഭാ തെരഞ്ഞെടുപ്പിന് വിജ്ഞാപനം പുറപ്പെടുവിച്ചതിനാൽ 2006 മേയ് അവസാനം വരെ പദ്ധതി സംബന്ധിച്ചുള്ള മുഴുവൻ പ്രവർത്തനവും നിറുത്തിവയ്ക്കേണ്ടിവന്നു. മുൻപുള്ള തൊഴിൽദാന പദ്ധതികളിൽ നിന്നും ഈ പദ്ധതി വ്യത്യസ്തമായതിനാൽ ഇതു സംബന്ധിച്ച് ബന്ധപ്പെട്ടവരുമായി പലവട്ടം ചർച്ചകൾ നടത്തേണ്ടിവന്നതിനാൽ മന്ത്രിസഭയ്ക്ക് ഇക്കാര്യം അംഗീകരിക്കുന്നതിൽ കാലതാമസമുണ്ടായി. എന്നിരുന്നാലും പദ്ധതി നിർവ്വഹണത്തിൽ ആവശ്യമായ പ്രാഥമിക കാര്യങ്ങൾ ഇക്കാലയളവിൽ സ്വീകരിക്കുകയുണ്ടായി. (ഉദാ. രജിസ്ട്രേഷൻ, തൊഴിൽ കാർഡ് വിതരണം മുതലായവ) |

| 1 | 2 |
| --- | --- |
| 3.1.7.2 | ചട്ടങ്ങളുടെ അഭാവം പദ്ധതി നിർവ്വഹണത്തെ ബാധിച്ചിരുന്നില്ല. ചട്ടങ്ങളുടെ അഭാവത്തിൽ ആവശ്യമായ സർക്കാർ ഉത്തരവുകൾ കാലാകാലങ്ങളിൽ പുറപ്പെടുവിച്ചിരുന്നു. ഇക്കാലയളവിൽ 52 ഇത്തരത്തിലുള്ള നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിരുന്നു.<br><br>മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഉരുത്തിരിഞ്ഞ് വരുന്ന ഒരു പദ്ധതിയായിരുന്നതിനാൽ പദ്ധതി നിർവ്വഹണത്തിലെ വിവിധ വശങ്ങൾ മനസ്സിലാക്കിയതിനുശേഷമേ കരട് ചട്ടങ്ങൾ രൂപീകരിക്കുവാൻ കഴിയുമായിരുന്നുള്ളൂ. ഇപ്പോൾ പരാതിപരിഹാര ചട്ടങ്ങൾ, മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് ഫണ്ട് ചട്ടങ്ങൾ, സംസ്ഥാന തൊഴിലുറപ്പ് കൗൺസിൽ ചട്ടങ്ങൾ എന്നിവ പുറപ്പെടുവിച്ചിട്ടുണ്ട്. താമസിയാതെ ചട്ടങ്ങൾ വിജ്ഞാപനം ചെയ്യുന്നതാണ്. |
| 3.1.8 | 24-8-2007-ലെ നമ്പർ 11 തീരുമാനപ്രകാരം പാലക്കാട് ജില്ലാപഞ്ചായത്ത് പ്രസ്തുത ജില്ലയുടെ പരിപ്രേക്ഷ്യ പദ്ധതി അംഗീകരിച്ചിട്ടുണ്ട്. 15-11-2007 വരെ കേന്ദ്രസർക്കാർ ജില്ലാ പരിപ്രേക്ഷ്യ പദ്ധതി തയ്യാറാക്കുവാനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നില്ല സുസ്ഥിര വികസനവും ദീർഘകാലാടിസ്ഥാനത്തിലുള്ള തൊഴിൽ സൃഷ്ടിയും വിവിധങ്ങളായ ഗ്രാമീണ തൊഴിലുറപ്പ് പ്രവൃത്തികളും ബന്ധപ്പെടുത്തി, പ്രദേശത്തിന്റെ സന്തുലിത വികസനത്തിനാവശ്യമായ പദ്ധതികൾ ഉൾപ്പെടുത്തിയാണ് പരിപ്രേക്ഷ്യ പദ്ധതികൾ രൂപീകരിച്ചത്. ജില്ലയുടെ പരിപ്രേക്ഷ്യ പദ്ധതി വാർഷിക കർമ്മപദ്ധതികളുടെ രൂപീകരണത്തിന് സഹായകരമാണ്. ആസ്തികളുടെ ഭൗതികവിവരണമല്ല പരിപ്രേക്ഷ്യ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. എന്നിരുന്നാലും പാലക്കാട് ജില്ലയുടെ പരിപ്രേക്ഷ്യ പദ്ധതിയിൽ പ്രതീക്ഷിക്കുന്ന സഹായിയായ ഗുണഫലങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. |
| 3.1.8.1 | പാലക്കാട് ജില്ലാ പഞ്ചായത്ത് 24-8-2007-ലെ നമ്പർ III തീരുമാനപ്രകാരം പാലക്കാട് ജില്ലയുടെ മഹാത്മാഗാന്ധി എൻ.ആർ.ഇ.ജി.എസ്. പരിപ്രേക്ഷ്യ പദ്ധതി അംഗീകരിച്ചിട്ടുണ്ട്. ജില്ലയുടെ പരിപ്രേക്ഷ്യ പദ്ധതി അംഗീകാരത്തിനായി സമർപ്പിച്ച 15-11-2007 വരെ ഗ്രാമവികസന മന്ത്രാലയം പരിപ്രേക്ഷ്യ പദ്ധതി അംഗീകരിക്കുന്നതു സംബന്ധിച്ച് യാതൊരു മാർഗ്ഗനിർദ്ദേശങ്ങളും നൽകിയിട്ടുണ്ടായിരുന്നില്ല. |

| 1 | 2 |
| --- | --- |
| | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം പരിപ്രേക്ഷ്യ പദ്ധതി ദീർഘകാല പദ്ധതികൾ അംഗീകരിക്കുന്നതിനുള്ള ചട്ടക്കൂട് മാത്രമാണ്. പ്രസ്തുത പ്രദേശത്തെ കാലാകാലങ്ങളിൽ ഉയർന്നുവരുന്ന ആവശ്യങ്ങൾ ഇതിൽ ഉൾക്കൊള്ളിക്കാൻ കഴിയുന്നതുമാണ്. ജില്ലാ പരിപ്രേക്ഷ്യ പദ്ധതിയുടെ ഉദ്ദേശ്യം സൃഷ്ടിക്കപ്പെടുന്ന ഭൗതിക ആസ്തികളുടെ സ്പെസിഫിക്കേഷൻ (റോഡിന്റെ നീളം, ടാങ്കിന്റെ വലുപ്പം മുതലായവ) രേഖപ്പെടുത്തുക എന്നുള്ളതല്ല, പാലക്കാട് ജില്ലയുടെ ജില്ലാ പരിപ്രേക്ഷ്യ പദ്ധതിയിൽ ജില്ല കൈവരിക്കാൻ ഉദ്ദേശിക്കുന്ന നേട്ടങ്ങൾ വ്യക്തമായും രേഖപ്പെടുത്തിയിട്ടുണ്ട്. |
| 3.1.8.2 | പരിപ്രേക്ഷ്യ പദ്ധതി രൂപീകരണത്തിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| 3.1.8.3 | ആസൂത്രണ പ്രക്രിയയിൽ ജനപങ്കാളിത്തം ഉറപ്പുവരുത്തുവാനായി 23-6-2007-ലെ സർക്കാർ ഉത്തരവ് 1738/2007/തസ്വഭവ. പ്രകാരം അയൽക്കൂട്ടതലത്തിൽ പദ്ധതി തയ്യാറാക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. കുടുംബശ്രീ അയൽക്കൂട്ടങ്ങൾ പദ്ധതികൾ തയ്യാറാക്കി അവ സമാഹരിച്ച്, ക്രോഡീകരിച്ച് വാർഡുതല ഗ്രാമസഭായോഗങ്ങളിൽ അംഗീകരിച്ച് പഞ്ചായത്തുതലത്തിൽ കർമ്മപദ്ധതികൾ സാംശീകരിച്ച് പഞ്ചായത്തുതല കർമ്മപദ്ധതി തയ്യാറാക്കുന്നു. വിവിധ തലങ്ങളിലേക്ക് ഫാറങ്ങൾ നൽകി വിവരങ്ങൾ ശേഖരിച്ചാണ് വാർഷിക പദ്ധതി തയ്യാറാക്കുന്നത്. ഈ പ്രക്രിയയിൽ ഗ്രാമസഭയിൽ വിവിധ വിഭാഗം ജനങ്ങൾ പ്രത്യേകിച്ച് സ്ത്രീകൾ പങ്കാളികളാകുന്നു. |
| 3.1.8.4 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സെക്ഷൻ 14(6) പ്രകാരം ഓരോ വർഷത്തേയും ലേബർ ബഡ്ജറ്റ് തലേവർഷം ഡിസംബർ 31-ന് മുൻപ് തയ്യാറാക്കേണ്ടതുണ്ട്. വയനാട്, പാലക്കാട് ജില്ലകളിൽ 2-2-2006-ൽ മാത്രമാണ് പദ്ധതി വിജ്ഞാപനം ചെയ്തിട്ടുള്ളത്. ആയതിനാൽ 2006-07 സാമ്പത്തിക വർഷം ലേബർ ബഡ്ജറ്റ് തയ്യാറാക്കുവാൻ സാധിച്ചിട്ടില്ല. എന്നാൽ അടുത്ത വർഷം മുതൽ ലേബർ ബഡ്ജറ്റ് തയ്യാറാക്കുന്നുമുണ്ട്. |
| 3.1.9 | അഭിപ്രായമില്ല. |
| 3.1.9.1 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ സ്റ്റേറ്റ് ഫണ്ട് ചട്ടങ്ങൾ രൂപീകരിച്ചിട്ടുണ്ട്. ഈ ചട്ടങ്ങൾ വളരെ ശ്രദ്ധയോടും സൂക്ഷ്മതയോടും കൂടി പഠനം നടത്തിയശേഷമാണ് രൂപീകരിച്ചിട്ടുള്ളത്. ചട്ടങ്ങൾ വിജ്ഞാപനം ചെയ്തതിനുശേഷം അടിക്കടി മാറ്റങ്ങൾ |

| 1 | 2 |
| --- | --- |
| | ഉണ്ടാകാതിരിക്കുവാനും അതോടൊപ്പം കാലാകാലങ്ങളിൽ ഉയർന്ന് വരുവാൻ സാധ്യതകളുള്ള ആവശ്യങ്ങളും കണക്കിലെടുത്താണ് ചട്ടങ്ങൾ രൂപീകരിച്ചിട്ടുള്ളത്. നിയമത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾക്ക് അനുസൃതമായി അതിന്റെ ഉപയോഗവും നോക്കിനടത്തിപ്പും ഉറപ്പുവരുത്തുന്നതിനുവേണ്ടി ചട്ടങ്ങൾ രൂപീകരിച്ചുവെങ്കിലും ഇതുവരെയും കേന്ദ്ര സർക്കാർ സംസ്ഥാന തൊഴിലുറപ്പ് ഫണ്ടിലേക്ക് കേന്ദ്ര വിഹിതം അനുവദിച്ചുനൽകിയിട്ടില്ല.<br><br>ഫണ്ട് അനുവദിക്കുന്നതിൽ പാലക്കാട് ജില്ലയിൽ മുൻപ് ഉണ്ടായിരുന്ന എസ്.ജി.എസ്.വൈ. അക്കൗണ്ടിംഗ് സിസ്റ്റംതന്നെ പദ്ധതിയുടെ ആരംഭഘട്ടത്തിൽ തുടർന്ന് വന്നിരുന്നത്. പാലക്കാട് ജില്ലയിൽ നിർവ്വഹണ ഏജൻസികൾക്ക് ഫണ്ട് നൽകുന്ന രീതി മറ്റ് ജില്ലകളിലെ നിലവിലുള്ള സിസ്റ്റത്തിലേക്ക് 1-11-2008 മുതൽ മാറ്റിയിട്ടുണ്ട്. ഓഡിറ്റ് റിപ്പോർട്ടിൽ പറയുന്ന ബാക്കി തുകയിലുള്ള വ്യത്യാസം സമയബന്ധിതമായി ബാങ്ക് അക്കൗണ്ടുകളുമായി റീകൺസിലിയേഷൻ നടത്താത്തതുമൂലം സംഭവിച്ചതാണ്. കാലാകാലങ്ങളിൽ ബാങ്ക് അക്കൗണ്ടുകളുമായി റീകൺസിലിയേഷൻ നടത്തി വ്യത്യാസങ്ങൾ പരിഹരിക്കുവാൻ പാലക്കാട് ജോയിന്റ് പ്രോഗ്രാം കോ-ഓർഡിനേറ്റർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| 3.1.9.2 | 20-3-2006-ലെ ജി.ഒ. (എം.എസ്.) 81/2006/ത.സ്വ.ഭ.വ. പ്രകാരം ജില്ലാ പ്രോഗ്രാം കോ-ഓർഡിനേറ്റർക്ക് മഹാത്മാ ഗാന്ധി എൻ.ആർ.ജി.എ.യിൽ തൊഴിലാളികളുടെ വേതനം വിതരണം ചെയ്യുന്നതിനുള്ള ബാങ്കുകളെ തെരഞ്ഞെടുക്കുവാൻ അനുവാദം നൽകിയിരുന്നു. പാലക്കാട് ജില്ലയിൽ ജില്ലാതല ബാങ്കേഴ്സ് കമ്മിറ്റികളുടെ തീരുമാനപ്രകാരം ജില്ലാ പ്രോഗ്രാം കോ-ഓർഡിനേറ്റർ 10 പൊതുമേഖലാ ബാങ്കുകളിലും 5 ഷെഡ്യൂൾ ബാങ്കുകളിലും അക്കൗണ്ട് തുടങ്ങിയത്. ജില്ലയിലെ ചില ഗ്രാമപഞ്ചായത്ത് അതിർത്തികളുള്ളിൽ പൊതുമേഖലാ ബാങ്കുകളുടെ പ്രവർത്തനമേഖല ഇല്ലാത്തതാണ് ഷെഡ്യൂൾ ബാങ്കുകളിൽ അക്കൗണ്ട് തുടങ്ങാൻ കാരണം. ഇടപാട് നടത്താത്ത ബാങ്കുകളിലെ അക്കൗണ്ടുകൾ 1-12-2008 മുതൽ ക്ലോസ് ചെയ്തിട്ടുണ്ട്. നിലവിൽ 4 പൊതുമേഖലാ ബാങ്കുകൾവഴി മാത്രമാണ് ഭരണ ചെലവുകളും നിർവ്വഹണ ഏജൻസികൾക്കുള്ള ഫണ്ടും വിതരണം നൽകിവരുന്നത്. |
| 3.1.9.3 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഒരു ആവശ്യാധിഷ്ഠിത പദ്ധതിയാണ്. തൊഴിലിനുള്ള ആവശ്യം ജില്ലയുടെ വിവിധ പ്രദേശങ്ങളിൽ ഏകീകൃതമായിരിക്കുകയില്ല.<br><br>വ്യത്യസ്ത ജില്ലകളിൽ തൊഴിലിനുള്ള ആവശ്യം വ്യത്യസ്തമായിരിക്കും. തുടക്കവർഷത്തെ അപേക്ഷിച്ച് തുടർന്നുള്ള കാലയളവിൽ ലഭിച്ച തുകയുടെ വിനിയോഗത്തിന്റെ ശതമാനം ഗണ്യമായി വർദ്ധിച്ചിട്ടുണ്ട്. |

| 1 | 2 |
| --- | --- |
| 3.1.10 | അഭിപ്രായമില്ല. |
| 3.1.10.1 | കേരളത്തിൽ അയൽക്കൂട്ടതലത്തിൽ യോഗങ്ങൾ വിളിച്ചുകൂട്ടി നിയമത്തെ സംബന്ധിച്ച് ചർച്ചകൾ നടത്തിയിട്ടുണ്ട്. രജിസ്ട്രേഷനുള്ള അപേക്ഷകളും അപേക്ഷകളുടെ പരിശോധനകളും പ്രസ്തുത യോഗത്തിൽ നടത്തി, സംസ്ഥാനത്തെ കുടുംബശ്രീ ശൃംഖലയിലെ സി.ഡി.എസ്.-ന്റെ സഹായത്തോടെ രജിസ്ട്രേഷനുള്ള യോഗങ്ങൾ സംഘടിപ്പിച്ചുപോരുന്നു. തൽഫലമായി പദ്ധതിയുടെ ഗുണഫലങ്ങൾ ഗുണഭോക്താക്കളെ ബോധവത്കരിക്കാനും നടപടികൾ ത്വരിതപ്പെടുത്തുവാനും പഞ്ചായത്തുകൾക്ക് കഴിഞ്ഞു. |
| 3.1.10.2 | കുടുംബശ്രീ വോളന്റിയർമാർ, ട്രൈബൽ പ്രൊമോട്ടർമാർ, എ.ഡി.എസ്. പ്രൊമോട്ടർമാർ, അംഗനവാടി പ്രവർത്തകർ, സാക്ഷരത പ്രേരക്മാർ എന്നിവരടങ്ങിയ സംഘം വീടുവീടാന്തരം പ്രചരണം നടത്തി. വീട് വീടാന്തരമുള്ള പ്രചരണത്തിന് പഞ്ചായത്തംഗങ്ങൾ നേതൃത്വം നൽകി. |
| 3.1.10.3 | പദ്ധതിയിൽ രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണത്തിൽ യഥാർത്ഥത്തിൽ തൊഴിൽ ആവശ്യമുള്ള കുടുംബങ്ങളുടെ എണ്ണം പ്രതിഫലിപ്പിക്കുന്നില്ല. മണ്ണിൽ കായികാധ്വാനം ചെയ്യുവാൻ തയ്യാറല്ലാത്തവരും തൊഴിലില്ലായ്മ വേതനം പോലുള്ള ആനുകൂല്യം ലഭിക്കും എന്നുള്ള പ്രതീക്ഷയിലും ധാരാളംപേർ രജിസ്റ്റർ ചെയ്യുന്നു. |
| 3.1.10.4 | രജിസ്ട്രേഷനുള്ള അപേക്ഷ ഗ്രാമവികസന കമ്മീഷണർ ഏതെങ്കിലും പ്രത്യേക കാലയളവിലേക്കായി നിയന്ത്രിച്ചിട്ടില്ല. ഇതിലേക്കായി ഫെബ്രുവരി 2 മുതൽ 16 വരെ ഊർജ്ജിത ക്യാമ്പയിൻ നടത്തണമെന്ന് മാത്രമേ ഗ്രാമവികസന കമ്മീഷണർ നിർദ്ദേശിച്ചിട്ടുള്ളൂ. രജിസ്ട്രേഷൻ ഇപ്പോഴും തുടർന്നുവരുന്നു. |
| 3.1.10.5 | ഫോട്ടോയുടെ ചെലവ്, പദ്ധതിയുടെ തുടക്കത്തിൽ പട്ടികജാതി, പട്ടികവർഗ്ഗക്കാരല്ലാത്ത കുടുംബങ്ങൾ വഹിക്കേണ്ടിയിരുന്നുവെങ്കിലും അധികം താമസിയാതെ ഇത് നിർത്തൽ ചെയ്തിട്ടുണ്ട്. ഇപ്പോൾ എല്ലാ ജില്ലകളിലും ഫോട്ടോ ഉൾപ്പെടെയുള്ള തൊഴിൽ കാർഡിന്റെ ചെലവ് സർക്കാരാണ് വഹിക്കുന്നത്. ആദ്യഘട്ടത്തിൽ തൊഴിൽ കാർഡ് വിതരണത്തിൽ ചില കാലതാമസങ്ങൾ ഉണ്ടായിട്ടുണ്ട്.<br>ജോബ് കാർഡുകൾക്ക് സുതാര്യത ഉറപ്പാക്കുന്നതിലേക്കുവേണ്ടി പൊതുപരിപാടിയിൽവച്ചാണ് അവ വിതരണം ചെയ്തിരുന്നത്. പ്രസ്തുത അവസരത്തിൽ ചില കുടുംബങ്ങൾ കാർഡ് വാങ്ങുവാൻ എത്തിയിരുന്നില്ല. |

| 1 | 2 |
|---|---|
| | കേരളത്തിൽ ഭീമമായ എണ്ണം അഭ്യസ്തവിദ്യരായ തൊഴിൽരഹിതർ ഈ പദ്ധതിയിൽ തൊഴിലില്ലായ്മ വേതനം ലഭിക്കുമെന്ന ധാരണയിൽ തൊഴിലിനായി രജിസ്റ്റർ ചെയ്തിരുന്നു. പ്രസ്തുത കുടുംബങ്ങളും തൊഴിൽ കാർഡ് വാങ്ങുവാൻ എത്തിയിരുന്നില്ല. തൊഴിൽ കാർഡ് വിതരണത്തിനായി കുടുംബശ്രീ ശൃംഖലയുടെ സേവനവും വി.ഇ.ഒ./എൽ.വി.ഇ.ഒ. ട്രൈബൽ പ്രൊമോട്ടർമാർ എന്നിവരുടെ സേവനവും ഇപ്പോൾ ലഭ്യമാക്കുന്നുണ്ട്. |
| 3.1.10.6 | തൊഴിൽ കാർഡുകൾ പരിശോധിച്ചപ്പോൾ ചില നിർണ്ണായക വിവരങ്ങൾ അവയിൽ രേഖപ്പെടുത്തിയിരുന്നില്ല എന്ന് കണ്ടെത്തിയിട്ടുണ്ട്. ഇപ്പോൾ തൊഴിൽ കാർഡിലെ വിട്ടുപോയ വിവരങ്ങൾ പൂർണ്ണമായും രേഖപ്പെടുത്തുന്നുണ്ട്. ഇക്കാര്യം ഉറപ്പ് വരുത്തുവാൻ കുടുംബശ്രീ വോളണ്ടിയർമാരുടെ സേവനം ലഭ്യമായി വരുന്നുണ്ട്. തൊഴിൽ കാർഡുകൾ തൊഴിലാളികൾ കൈവശം വയ്ക്കുന്നു. ഇക്കാര്യത്തിൽ മേറ്റ്മാർക്ക് കർശന നിർദ്ദേശം നല്കിയിട്ടുണ്ട്. |
| 3.1.11 | അഭിപ്രായമില്ല. |
| 3.1.11.1 | മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ തൊഴിലിനായി രജിസ്റ്റർ ചെയ്ത മുഴുവൻ ആൾക്കാരും യഥാർത്ഥത്തിൽ തൊഴിൽ ആവശ്യമുള്ളവർ ആയിരുന്നില്ല. അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ ഉയർന്നുനിൽക്കുന്ന സംസ്ഥാനത്ത് ഭാവിയിൽ ചില നേട്ടങ്ങൾ ഉണ്ടാകുമെന്ന പ്രതീക്ഷയിലാണ് അവർ തൊഴിലിനായി പേര് രജിസ്റ്റർ ചെയ്തത്. ഭൂരിഭാഗം പ്രദേശങ്ങളിലും കർഷക തൊഴിലാളികളുടേയും മറ്റ് വിഭാഗം തൊഴിലാളികളുടേയും കുറഞ്ഞ വേതനം മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ മിനിമം വേതനത്തേക്കാൾ ഉയർന്നുനിൽക്കുന്നതിനാൽ, പുരുഷന്മാർ ഈ തൊഴിലിന് എത്തിയിരുന്നില്ല. |
| 3.1.11.2 | ചില കുടുംബങ്ങൾ 100 ദിവസത്തേക്ക് തൊഴിലിന് ആദ്യം അപേക്ഷ സമർപ്പിച്ചിരുന്നുവെങ്കിലും അവർക്ക് ഒരുമിച്ച് 100 ദിവസത്തെ പണി ആവശ്യമില്ലായിരുന്നു. തൊഴിലാളികളുടെ ആവശ്യപ്രകാരമാണ് അപേക്ഷകളിൽ തിരുത്തലുകൾ വരുത്തി പലതവണയായി തൊഴിൽ നൽകിയത്. |
| 3.1.11.3 | ഇപ്പോൾ അപേക്ഷയുടെ കൗണ്ടർഫോയിൽ പഞ്ചായത്ത് സെക്രട്ടറിയുടെ തീയതിവച്ച ഒപ്പോടുകൂടി കീറിനൽകുന്നുണ്ട്. ആയതിനാൽ കൃത്രിമം നടക്കാനുള്ള സാധ്യത ഇല്ല. |

| 1 | 2 |
| --- | --- |
| 3.1.11.4 | ആഴ്ചയിലെ ഒരു പ്രത്യേക ദിവസം തൊഴിലുറപ്പ് ദിനമായി ആചരിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത് ഉറപ്പ് വരുത്തുവാനായി നടപടി സ്വീകരിച്ചുവരുന്നു. |
| 3.1.11.5 | പാലക്കാട്, വയനാട് ജില്ലകളിൽ പദ്ധതി വ്യാപനത്തിനായി ജനപങ്കാളിത്തം ഉറപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. സംസ്ഥാനത്ത് പൊതു തെരഞ്ഞെടുപ്പ് വിജ്ഞാപനം ചെയ്തിരുന്നതിനാൽ ഇലക്ഷൻ പെരുമാറ്റച്ചട്ടം നിലവിലുണ്ടായിരുന്ന കാലയളവിൽ ജനപങ്കാളിത്തം ഉറപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് കഴിഞ്ഞിരുന്നില്ല. |
| 3.1.11.6 | പ്രവൃത്തി അനുവദിച്ചുകൊണ്ടുള്ള നോട്ടീസ് പ്രവൃത്തി നടക്കുന്ന പ്രദേശത്ത് മുഖ്യസ്ഥാനത്ത് പതിക്കാറുണ്ട്. കൂടാതെ പ്രവൃത്തി അനുവദിച്ചുകൊണ്ടുള്ള നോട്ടീസ് കുടുംബശ്രീ മേറ്റ് മുഖാന്തിരം തൊഴിലാളികളെ അറിയിക്കാറുണ്ട്. |
| 3.1.11.7 | നിയമം അനുശാസിക്കുന്ന അവകാശങ്ങളെയും അർഹതകളെയും സംബന്ധിച്ച് ഗുണഭോക്താക്കൾക്ക് കുടുംബശ്രീ അയൽക്കൂട്ടങ്ങൾ പരിശീലന ക്ലാസ്സുകൾവഴി അവബോധം നൽകാറുണ്ട്. |
| 3.1.12 | പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം ദിവസവേതനം കണക്കാക്കുന്ന രീതിയും out turn norms-ലെ വ്യവസ്ഥകൾ പാലിക്കേണ്ടതുണ്ട്. |
| 3.1.12.1 | സംസ്ഥാനത്ത് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ പീസ് റേറ്റ് സമ്പ്രദായമാണ് സംസ്ഥാനം പിന്തുടർന്ന് പോരുന്നത്. പണിയുടെ അടങ്കലും ചെയ്തുതീർക്കേണ്ട പ്രവൃത്തിയുടെ അളവും പ്രവൃത്തി ആരംഭിക്കുന്നതിനു മുമ്പ് തൊഴിലാളികൾക്ക് വിശദീകരിച്ചുകൊടുക്കാറുണ്ട്. |
| 3.1.12.2 | കേരളത്തിലും പ്രവൃത്തികൾ തുടങ്ങുന്നതിനുമുമ്പേ പ്രോജക്ട് ഇനിഷിയേഷൻ മീറ്റിംഗ് തൊഴിലാളികളുടെ പങ്കാളിത്തത്തോടെ നടത്താറുണ്ട്. പ്രസ്തുത മീറ്റിംഗിൽ കുറഞ്ഞ വേതനം, അടങ്കലിന്റെ വിശദാംശങ്ങൾ, ചെയ്യേണ്ട പ്രവൃത്തിയുടെ വിശദാംശങ്ങൾ മുതലായവ ചർച്ച ചെയ്യാറുണ്ട്. മാതൃഭാഷയിലുള്ള സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് പ്രവൃത്തിസ്ഥലത്ത് പ്രദർശിപ്പിക്കാറുണ്ട്. വേതന വിതരണം ചെക്ക് മുഖാന്തിരം നൽകുന്നു. അപ്രകാരം സുതാര്യതയ്ക്കാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

| 1 | 2 |
|---|---|
| 3.1.12.3 | മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഏറ്റെടുക്കുന്ന പ്രവൃത്തികളുടെ എണ്ണം വളരെയധികം ആയതിനാൽ അളവുകൾ രേഖപ്പെടുത്തുവാനും ചെക്ക് മെഷർ ചെയ്യുവാനും കാലതാമസം നേരിടുന്നുണ്ട്. ഇപ്രകാരമുള്ള സന്ദർഭങ്ങളിൽ 80% വേതനം മുൻകൂർ നൽകാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| 3.1.12.4 | വിവരങ്ങൾ രേഖപ്പെടുത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| 3.1.12.5 | രണ്ട് ജില്ലകളിലും മസ്റ്റർ റോളുകളുടെ 100% പരിശോധന നടത്തിയിട്ടില്ല. മസ്റ്റർ റോളിൽ കണ്ടെത്തിയ ക്രമക്കേടുകൾ പരിഹരിച്ചിട്ടുണ്ട്. |
| 3.1.13 | അഭിപ്രായമില്ല. |
| 3.1.13.1 | കുടുംബശ്രീ അയൽക്കൂട്ടം മുഖാന്തിരം അവകാശങ്ങളെപ്പറ്റി തൊഴിലാളികളെ ബോധവത്കരിക്കാനുള്ള തീവ്രശ്രമം നടത്തുന്നുണ്ട്. യഥാസമയം ഏതെങ്കിലും പഞ്ചായത്തിൽ തൊഴിലാളികൾക്ക് നൽകിയിട്ടില്ലായെങ്കിൽ തൊഴിലില്ലായ്മ വേതനം ആവശ്യപ്പെടുവാൻ വിദ്യാഭ്യാസപരമായും രാഷ്ട്രീയപരമായും മുന്നിൽ നിൽക്കുന്ന കേരളത്തിലെ ജനങ്ങൾക്ക് സാധിക്കും. കൂടാതെ പരാതി പരിഹാരത്തിനായി ഒരു സംവിധാനവും നിലവിൽ ഉണ്ട്. തൊഴിലാളികൾക്ക് ഏതെങ്കിലും വിധത്തിൽ വേതനം ലഭിച്ചില്ലായെങ്കിൽ പ്രസ്തുത പരാതിപരിഹാര സംവിധാനത്തിലൂടെ പരാതിപ്പെടാവുന്നതാണ്. |
| 3.1.13.2 | ഓഡിറ്റിൽ ചൂണ്ടിക്കാട്ടിയ പോരായ്മകൾ പരിഹരിച്ചിട്ടുണ്ട്. |
| 3.1.13.3 | തൊഴിലില്ലായ്മ വേതനം ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷകൾ യാതൊന്നും ഇതുവരെയും ലഭിച്ചിട്ടില്ല. |
| 3.1.14 | അഭിപ്രായമില്ല. |
| 3.1.14.1 | സ്വകാര്യ ഭൂമിയിൽ നീർത്തട മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിലാണ് ഭൂവികസന പദ്ധതികൾ ഏറ്റെടുത്തത്. |
| 3.1.14.2 | പ്രവൃത്തികൾ നടന്നുകൊണ്ടിരുന്ന അവസരത്തിലാണ് ഓഡിറ്റിംഗിന് ഇവ പരിശോധിച്ചത്. എന്നാൽ പ്രവൃത്തികൾ പൂർത്തീകരിച്ച അവസരത്തിൽ സാധനഘടകങ്ങളുടെയും തൊഴിലിന്റെയും അനുപാതം അനുവദനീയമായ പരിധികളിൽ തന്നെയായിരുന്നു. |

| 1 | 2 |
|---|---|
| 3.1.14.3 | 300 ഘനമീറ്ററിനുള്ളിൽ എല്ലാ മൺവേലകളും പല ഖണ്ഡങ്ങളായി വിഭജിച്ച് നടത്തിയത് തൊഴിലാവശ്യപ്പെട്ട വളരെ കുറച്ച് ആളുകൾക്ക് ഉടനടി തൊഴിൽ നൽകുക എന്ന ഉദ്ദേശ്യത്തോട് കൂടിയായിരുന്നു. ടേപ്പ് ഉപയോഗിച്ച് അളന്നതുമൂലം പഞ്ചായത്തുകൾക്ക് തൊഴിലാളികളുടെ വേതനം കൃത്യസമയത്ത് നൽകാൻ കഴിഞ്ഞു. 600 ഘനമീറ്ററിൽ കൂടുതലുള്ള മൺവേലകൾക്ക് ടേപ്പുകൊണ്ട് അളക്കുമ്പോൾ 15% കുറയ്ക്കണമെന്ന നിബന്ധന നിർബന്ധം അല്ലതാനും. |
| 3.1.14.4 | ഗ്രാമസഭകൾ അംഗീകരിച്ച പദ്ധതികൾ മാത്രമാണ് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നത്. എന്നാൽ വയനാട് ജില്ലയിൽ പിന്നീട് അനുബന്ധമായി ഗ്രാമസഭകളുടെ അംഗീകാരത്തോടെ മറ്റൊരു ആക്ഷൻ പ്ലാൻ തയ്യാറാക്കി പ്രവൃത്തികൾ ഏറ്റെടുത്തു. |
| 3.1.14.5 | ചില ഗ്രാമപഞ്ചായത്തുകളിൽ വാർഷിക പദ്ധതികൾ പ്രാഥമികമായി "റഫ്കോസ്റ്റ് എസ്റ്റിമേറ്റ് " പ്രകാരമാണ് തയ്യാറാക്കിയിരിക്കുന്നത്. എന്നാൽ പിന്നീട് അവയിലെ പിശകുകൾ കണ്ടെത്തി പരിഹരിച്ചു. |
| 3.1.14.6 | പുതുശ്ശേരി ഗ്രാമപഞ്ചായത്തിലെ പൂർത്തിയാക്കിയ ചില പ്രവൃത്തികളിൽ ചില ഘടകങ്ങൾ അടങ്കലിനേക്കാൾ കൂടുതലാണെന്ന് ആഡിറ്റിൽ ചൂണ്ടിക്കാട്ടിയിരുന്നു. |
| 3.1.14.7 | ഇതിലേക്കായി "ടൈം മോഷൻ ആന്റ് വർക്ക് സ്റ്റഡി" നിലവിൽ നടന്നു കൊണ്ടിരിക്കുകയാണ്. |
| 3.1.14.8 | ഇതിനാവശ്യമായ പ്രവൃത്തി ഉടനെ പൂർത്തീകരിക്കുന്നതാണ്. |
| 3.1.15 | അഭിപ്രായമില്ല. |
| 3.1.15.1 | പ്രവൃത്തികളിലെ ആരംഭകാലഘട്ടത്തിൽ കൂടുതൽ തൊഴിലവസരങ്ങൾ നൽകുന്ന പദ്ധതികൾക്കാണ് പ്രാധാന്യം നൽകിയിരുന്നത്. ഇത് മുഖ്യമായും നീർത്തട വികസനത്തിനും മണ്ണ് ജലസംരക്ഷണത്തിനുമുള്ള പ്രവൃത്തികൾ ആയിരുന്നു. മധ്യവർത്തികളുടെയും കമ്മീഷൻ കൈപ്പറ്റിയാണ് ഏജന്റുമാരുടെയും സാന്നിധ്യം ഒഴിവാക്കുവാൻ സാധനഘടകമുള്ള പ്രവൃത്തികൾ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ നടപ്പാക്കുന്നത് നിരുത്സാഹപ്പെടുത്തിയിരുന്നു. പദ്ധതികൾ സംബന്ധിച്ചുള്ള പ്രാഥമിക വിവരങ്ങൾ വാർഷിക കർമ്മപദ്ധതിയിൽ ലഭ്യമാണ്. പദ്ധതികൾ ആരംഭിക്കുന്ന ഘട്ടത്തിലും, പ്രവർത്തനങ്ങൾ നടക്കുന്ന ഘട്ടത്തിലും പൂർത്തീകരിക്കുന്ന ഘട്ടത്തിലും അവയുടെ ഫോട്ടോഗ്രാഫുകൾ എടുത്ത് സൂക്ഷിക്കുന്നുണ്ട്. |

| 1 | 2 |
| --- | --- |
| 3.1.15.2 | സ്ഥായിയായ ഗുണഫലങ്ങൾ ജില്ലകളിലെ പരിപ്രേക്ഷ്യ പദ്ധതിയിൽ രേഖപ്പെടുത്തുന്നുണ്ട്. |
| 3.1.16 | സംസ്ഥാന സർക്കാർ സാമൂഹിക ഓഡിറ്റ് സംഘടിപ്പിക്കുന്നതിനായി മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പഞ്ചായത്തുകൾക്ക് ഇക്കാര്യത്തിൽ മാർഗ്ഗനിർദ്ദേശം നൽകുവാനായി ഒരു സംസ്ഥാനതല കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. ആദ്യത്തെ സോഷ്യൽ ആഡിറ്റ് വയനാട് ജില്ലയിലെ വെള്ളമുണ്ട ഗ്രാമപഞ്ചായത്തിലെ 19-ാം വാർഡിൽ പരീക്ഷണാടിസ്ഥാനത്തിൽ സംഘടിപ്പിക്കുകയുണ്ടായി. അതേതുടർന്ന് പരിശീലകരുടെ പരിശീലനവും സംഘടിപ്പിച്ചു. പാലക്കാട്, വയനാട് ജില്ലകളിലെ ഗ്രാമപഞ്ചായത്തുകളിലെ എല്ലാ വാർഡുകളിലും സോഷ്യൽ ഓഡിറ്റ് സംഘടിപ്പിക്കുകയുണ്ടായി. |
| 3.1.17 | അഭിപ്രായമില്ല. |
| 3.1.17.1 | സംസ്ഥാന ഗുണമേന്മാ പരിശോധകരെയും ജില്ലാ ഗുണമേന്മാ പരിശോധകരെയും നിയോഗിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. |
| 3.1.17.2 | വിലയിരുത്തൽ പഠനങ്ങൾ ഉടൻതന്നെ നടത്തുന്നതാണ്. എന്നിരുന്നാലും സെൻടർ ഫോർ റൂറൽ മാനേജ്മെന്റും ഡൽഹി യൂണിവേഴ്സിറ്റി മുതലായ സ്ഥാപനങ്ങൾ സ്വതന്ത്ര വിലയിരുത്തൽ പഠനങ്ങൾ ഇക്കാലയളവിൽ നടത്തിയിട്ടുണ്ട്. |
| 3.1.17.3 | സംസ്ഥാനതലത്ത് നിന്നും പ്രവൃത്തികളുടെ 2% പരിശോധിക്കുവാൻ ഉത്തരവ് നൽകിയിട്ടുണ്ട്. |
| 3.1.17.4 | സംസ്ഥാന തൊഴിലുറപ്പ് കൗൺസിലിന്റെ യോഗത്തിൽ ഇക്കാര്യം പരിശോധിച്ച് കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരാവുന്നതാണ്. |
| 3.1.17.5 | ഇക്കാര്യത്തിൽ വേണ്ട വിലയിരുത്തൽ പഠനങ്ങൾ നടത്തുന്നതാണ്. |
| 3.1.18 | നിഗമനങ്ങൾ അംഗീകരിച്ച് നടപ്പിലാക്കുന്നതാണ്. |
| 3.1.19 | ശിപാർശയിൽ നിർദ്ദേശിച്ചിട്ടുള്ള കാര്യങ്ങൾ നടപ്പിലാക്കുന്നതാണ്. |

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2015

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.